
# സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും

വാല്യം-5

ആകമാന സുറിയാനി ഓർത്തഡോക്സ് സഭ അംഗീകരിക്കുകയും, ആദരിക്കുകയും ചെയ്യുന്ന രക്തസാക്ഷികളുടെയും, പരിശുദ്ധന്മാരുടെയും, മേലദ്ധ്യക്ഷന്മാരുടെയും ജീവചരിത്രവും അനുകരണീയ മാതൃകകളും, സഭാ ശുശ്രൂഷകളും എന്നും സ്മരിക്കപ്പെടേണ്ടതാണ്. ഈ ലക്ഷ്യം മുൻനിർത്തിയുള്ള എളിയ പരിശ്രമമാണ് ഈ ഗ്രന്ഥം.

ആർത്താറ്റ് – കുന്നംകുളം – സെന്റ് മേരീസ് സിംഹാസന പള്ളി അംഗവും, ആ പള്ളിയുടെ ഇപ്പോഴത്തെ വികാരിയുമായ ഗ്രന്ഥകർത്താവ്, മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജ് പ്രിൻസിപ്പാളാണ്.



The Travancore Syriac Orthodox Publishers
Kottayam-686 004

സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും – വാല്യം-5

സുറിയാനിസഭയിലെ
രക്തസാക്ഷികളും പരിശുദ്ധന്മാരും
മേലദ്ധ്യക്ഷന്മാരും



കോറെപ്പിസ്കോപ്പ കെ. മാണി രാജൻ, M.Sc., M.Ed., Ph.D.

# സുറിയാനി സഭയിലെ
# രക്തസാക്ഷികളും പരിശുദ്ധന്മാരും
# മേലദ്ധ്യക്ഷന്മാരും

**(Vol. V)**

**കോറെപ്പിസ്കോപ്പ കെ. മാണി രാജൻ,** M. Sc., M. Ed., Ph. D.

The Travancore Syriac Orthodox Publishers
Kottayam - 686 004
Kerala, India

2011

# സുറിയാനി സഭയിലെ
# രക്തസാക്ഷികളും പരിശുദ്ധന്മാരും
# മേലദ്ധ്യക്ഷന്മാരും

(Vol. V)

By

**Corepiscopa (Dr.) K. Mani Rajan**

First Edition : 2011

Copyright @ Author

*All rights reserved . No reproduction or translation in whole or part is allowed without written permission from the author.*

*Printed at:  Dona colour Graphs, Kottayam*

*Published By:*
The Travancore Syriac Orthodox Publishers
Kottayam - 686 004
Kerala, India.
Phone: +91 481 3100179, +91 94473 15914
E-mail: tsop@rediffmail.com

*Copies:* 1000

Price Rs. 45.00

# അവതാരിക

ശ്ലീഹായിക്കടുത്തതും കുറ്റമില്ലാത്തതുമായ ഏകവിശ്വാസത്തെ പാലിച്ച് പ. സഭാമക്കൾക്കു ഏല്പിച്ചു തന്ന രക്തസാക്ഷികൾ, പരിശുദ്ധന്മാർ, ശുദ്ധിമതികൾ, സഭാമേലദ്ധ്യക്ഷന്മാർ എന്നിവരുടെ ജീവചരിത്രസംഗ്രഹങ്ങൾ പ്രസിദ്ധീകരിക്കുന്ന വന്ദ്യ മാണി രാജൻ കോറെപ്പിസ്കോപ്പയുടെ അഞ്ചാമത്തെ പുസ്തകമാണിത്.

ആദിമ പിതാക്കന്മാരുടെ അതിവിശുദ്ധ വിശ്വാസ സാക്ഷ്യങ്ങളും ഈ ആയുഷ്ക്കാലത്തിൽ നമ്മെ മേയിച്ച് ഭരിച്ച് നമ്മെ വിട്ടുപോയ ആചാര്യന്മാരുടെയും ഗുരുക്കന്മാരുടെയും പഠിപ്പിക്കലുകളും ശ്രേഷ്ഠ ജീവിത മാതൃകയും ഇടകലർത്തി അവതരിപ്പിക്കുന്ന രീതിയാണ് വന്ദ്യ കോറെപ്പിസ്കോപ്പായുടെ ഈ പുസ്തകത്തിൽ കാണുന്നത്.

പഴമയും പുതുമയും സത്യവിശ്വാസമാകുന്ന ഏകനാണയത്തിന്റെ ഇരുവശങ്ങളായി കാണുവാനും, പഴമയേയും പാരമ്പര്യങ്ങളെയും തള്ളി പറയുന്ന നവീകരണക്കാരുടെ വഴിതെറ്റിൽ നിന്നും നമ്മെ രക്ഷിക്കുവാനും ഇവ സഹായിക്കും.

സത്യവിശ്വാസ സംരക്ഷണത്തെ സംബന്ധിച്ചിടത്തോളവും നവീകരണം നശീകരണത്തിന്റെ പര്യായം കൂടിയാകയാൽ പ. പിതാക്കന്മാരുടെ പഴയ വഴികൾ കണ്ടെത്തി സത്യവിശ്വാസത്തിനെതിരായ പ്രവണതകളെ തിരിച്ചറിയുവാനും എതിർത്തു തോല്പിക്കുവാനും പ. പിതാക്കന്മാരുടെ ജീവിതവും പഠിപ്പിക്കലുകളും സഹായകമാകും. ഇത്തരം പ്രസിദ്ധീകരങ്ങൾ എന്നത്തേക്കാളും ഇന്ന് സഭാമക്കൾ ഉപയോഗപ്രദമാക്കണം എങ്കിൽ മാത്രമേ വന്ദ്യ മാണി രാജൻ കോറെപ്പിസ്കോപ്പയുടെ അറിവും പ്രയത്നവും വി. സഭക്കു പ്രയോജനം ചെയ്കയുള്ളു.

വന്ദ്യ കോറെപ്പിസ്കോപ്പയുടെ പുസ്കങ്ങളുടെ ഒരു പ്രത്യേകത അവയുടെ വസ്തുനിഷ്ഠമായ അവതരണവും ലാളിത്യവുമാകയാൽ അവ

വായിച്ചു പഠിക്കുവാൻ ഏവർക്കും എളുപ്പം തന്നെ. ഇതിൽ പ്രധാനമായും പ്രതിപാദിച്ചിരിക്കുന്നത്. വി. സഭാമക്കൾക്കു പരിചയമില്ലാത്ത വിശുദ്ധരായ അന്ധനായ ദിദിമോസ്, മക്കാറിയോസ്, അക്കേസിയസ്, അർണോബിയോസ്, ഒസ്സിയൊ, ശാലിത്തൊ, വി. ഗീവർഗ്ഗീസ് സഹദായുടെ സമകാലീനയായ ഫെബ്രോണിയ തുടങ്ങിയവരെ പറ്റിയാകയാൽ അവരെ പരിചയപ്പെടുവാനും ഇതു സഹായകമാകും. മാത്രമല്ല, വന്ദ്യ വഞ്ചിത്താറ്റിൽ കുരിയാക്കോസ് റമ്പാൻ എന്ന യഥാർത്ഥ സന്യാസി, നമ്മെ വിട്ടു പിരിഞ്ഞുപോയ ശ്രേഷ്ഠ പിതാവും സുറിയാനി പണ്ഡിതനുമായിരുന്ന അഭിവന്ദ്യ കൂറിലോസ് മർക്കോസ് തിരുമേനി തുടങ്ങിയവരെപ്പറ്റിയും പ്രതിപാദിക്കുന്നുവെന്നത് ഭാവി തലമുറക്ക് ഈ സഭയുടെ പഴയ തലമുറയിലുള്ള വന്ദ്യ പിതാക്കന്മാരുടെ ജീവിതരീതികളെപറ്റിയും, സഭയും വൈദികരും തമ്മിലുള്ള അനുരൂപതയെക്കുറിച്ചും സാക്ഷ്യപ്പെടുത്തി അറിയുവാൻ സഹായകമാകും.

പരിശുദ്ധ സുറിയാനി സഭയുടെ വിശ്വാസം രത്നങ്ങളിൽ നിർമ്മലമായ മാണിക്യം പോലെയും അവളുടെ രാജകീയ പൗരോഹിത്യം തികച്ചും ദൈവികവും, ശ്ലൈഹിക ബന്ധത്തിൽ തലമുറതലമുറയായി ഉറപ്പിക്കപ്പെട്ടു പോരുന്നതുമാകുന്നു എന്നതും നമ്മെ ഉൽബോധിപ്പിക്കുവാൻ ഇതും സഹായകമാകും.

ഈ പരമ്പരയിലെ വാല്യങ്ങളുടെ അവതാരിക എഴുതുവാൻ എന്നെ വന്ദ്യ കോറെപ്പിസ്കോപ്പ വഴി ക്ഷണിച്ചത് ഇതിൽ പ്രദിപാദിക്കപ്പെട്ടിരിക്കുന്ന പരിശുദ്ധന്മാരും, ശുദ്ധിമതികളും, ശ്രേഷ്ഠാചാര്യന്മാരുമായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവർ തന്നെയാകുന്നുവെന്ന് വിശ്വസിക്കുവാൻ ഞാൻ പ്രേരിതനാകുന്നുവെങ്കിൽ വന്ദ്യ കോറെപ്പിസ്കോപ്പയെ ഇവർ ഈ വാല്യങ്ങൾ എഴുതുവാൻ ക്ഷണിച്ചതു തന്നെയാകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ഈ ക്ഷണം ഇതേ തുടർന്നുള്ള ഗ്രന്ഥങ്ങൾ വഴി പൂർത്തീകരിക്കപ്പെടട്ടെ. പ. സഭയ്ക്കു ഇവ ഈടുറ്റ പ്രസിദ്ധീകരണങ്ങളായി പ്രശോഭിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

**ഷെവ. ഡോ. സി. എ. നൈനാൻ**
M. Sc., Ph. D., Th. D., D. D., D. Litt.

# ആമുഖം

സുറിയാനി സഭയിലെ രക്തസാക്ഷികളെയും പരിശുദ്ധന്മാരെയും മേലദ്ധ്യക്ഷന്മാരെയും സംബന്ധിച്ചെഴുതുന്ന അഞ്ചാമത്തെ വാല്യമാണിത്. അഞ്ചു വാല്യങ്ങളിലായി 150 ജീവചരിത്രങ്ങളാണ് എഴുതിയിട്ടുള്ളത്. "പരിശുദ്ധന്മാരുടെ കബറുകൾ വെറും കോൺക്രീറ്റു കട്ടകളാണെന്ന്" പ്രചരിപ്പിക്കുന്ന 'സുവിശേഷകന്മാർ' സഭയിൽതന്നെ ഊറാടുന്ന കാലഘട്ടമാണിത്.

പഴയനിയമ (പുറപ്പാട് 13: 19; യോശുവ 24: 32; 2 രാജക്കന്മാർ 2: 14; 2 രാജക്കന്മാർ 13: 20–21) പുതിയനിയമപുസ്തകങ്ങൾ (അപ്പസ്തോല പ്രവർത്തികൾ 5: 15–16; 19:11–12) ശ്രദ്ധയോടെ വായിക്കുന്നവർക്ക് വിശുദ്ധന്മാരുടെ മദ്ധ്യസ്ഥത നിഷേധിക്കാനാവില്ല. എന്നാൽ ആർപ്പുവിളികളിലും അംഗവിക്ഷേപങ്ങളിലും മറ്റും ആത്മീയത കണ്ടെത്തുന്ന പുതിയ തലമുറയെ എങ്ങനെ സഹായിക്കാനാകും?

ഈ വാല്യങ്ങളുടെ രചനയിലെല്ലാം വലിയ ദൈവനടത്തിപ്പുണ്ടായിട്ടുണ്ട്. പല വിശുദ്ധരുടെയും ജീവചരിത്രഅന്വേഷണങ്ങൾ സഫലമായ വഴികൾ എനിക്കു നൽകിയ ഉൾക്കാഴ്ചയതാണ്. 150 ജീവചരിത്രങ്ങൾ എഴുതിയതിൽ 50 എണ്ണം മാത്രമേ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നതിന് സാധിച്ചിട്ടുള്ളു. ശേഷിക്കുന്നവകൂടി ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുകയെന്നതാണ് അടുത്ത ലക്ഷ്യം.

ഡോ. സി. എ. നൈനാൻ സാറിന്റെ പ്രേരണയും സാമ്പത്തികസഹായവുമാണ് ഈ പരമ്പരയുടെ ഒന്നാം വാല്യം 2003 ൽ പ്രസിദ്ധീകരിക്കാനിടയായത്. തുടർന്ന് 2, 3, 4 വാല്യങ്ങൾ യഥാക്രമം 2004, 2006, 2009 വർഷങ്ങളിൽ പ്രസിദ്ധീകരിച്ചു. ആദ്യമൂന്നു വാല്യങ്ങളുടെയും രണ്ടാം

പതിപ്പും ഇതിനോടകം പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിനെല്ലാം ഈ എളിയവനെ ശക്തനാക്കിയ ത്രിയേകദൈവത്തെ മഹത്വപ്പെടുത്തുന്നു.

2010 ജനുവരി മാസത്തിൽ പുണ്യശ്ലോകനായ മോർ യൂലിയോസ് കുരിയാക്കോസ് തിരുമേനിയൊടൊന്നിച്ചു സിറിയയിലെ മാറത്ത് സെയ്ദനായയിലുള്ള പാത്രിയർക്കാ ആസ്ഥാനത്ത് താമസിക്കുമ്പോൾ ലൈബ്രറിയിൽ മൂന്ന് ദിവസങ്ങൾ ചിലവഴിക്കാനിടയായി. ചില വിശുദ്ധന്മാരുടെ ജീവചരിത്രം ലഭ്യമായത് അവിടെനിന്നാണ്. മോർ അഫ്രേം സെമിനാരിയിലെ ബ: ജോൺ അൻഡേഴ്സൺ ശെമ്മാശൻ ഈ കാര്യങ്ങളിൽ എന്നെ ഏറെ സഹായിച്ചു. കൂടാതെ അവിടെ നിന്നു കുറിച്ചെടുത്ത ആശ്രിതഗ്രന്ഥങ്ങൾ ലഭ്യമാക്കുന്നതിന് ശ്രീ വറുഗീസ് ടൈറ്റസ് (ലോസ്ഏജലസ്, കാലിഫോർണിയ) സന്നദ്ധനായി. ശ്രീ. മനോജ് മാത്യു ആര്യാൻടൻപാക്കൻ മാസികകളിലെഴുതിയ ചില മെത്രാപ്പോലീത്തന്മാരെ സംബന്ധിക്കുന്ന വിവരണങ്ങളും ഈ രചനയ്ക്ക് ഏറെ പ്രയോജനപ്പെട്ടു.

ഈ വാല്യത്തിന് പ്രൗഢമായ അവതാരിക എഴുതിതന്ന ഡോ. സി. എ. നൈനാൻ സാർ, ഡി.റ്റി.പി. ജോലികൾ നിർവ്വഹിച്ച വിജയ ബുക്ക് ഹൗസ്, കവർ ഡിസൈൻ ചെയ്ത ശ്രീ. സന്തോഷ് ജോസഫ്, പ്രിന്റിംഗ് നിർവ്വഹിച്ച ഡോണാ കളർ ഗ്രാഫിസ്ക്, പ്രസിദ്ധീകരണം ഏറ്റെടുത്ത ദ ട്രാവൻകോർ സിറിയൻ ഓർത്തഡോക്സ് പബ്ലീഷേഴ്സ്, കോട്ടയം, പ്രസിദ്ധീകരണത്തിന് സാമ്പത്തികസഹായം നൽകിയ എല്ലാവരോടും നന്ദി അറിയിക്കട്ടെ.

കോട്ടയം **ഡോ. മാണി രാജൻ കോറെപ്പിസ്കോപ്പ**

17-06-2011

# ഉള്ളടക്കം

അവതാരിക ........ iii
ആമുഖം ........ v

I. **സഹദേന്മാർ (രക്തസാക്ഷികൾ)**

1. വിശുദ്ധ ശെമവൂൻ ........ 1
2. വിശുദ്ധ അനസ്താസിയ ........ 3
3. അത്ഭുതപ്രവർത്തകനായ രക്തസാക്ഷിയായ മീന ........ 5
4. രക്തസാക്ഷിയായ ഉറഹാക്കാരൻ ഹാബീബ് ശെമ്മാശൻ ........ 9
5. അർണോബിയസ് ........ 14
6. മോർ ഒസ്സിയൊ ........ 17
7. ഈജിപ്റ്റിലെ വിശുദ്ധ മക്കാറിയോസ് ........ 19
8. മോർ ശാലീത്തൊ ........ 21
9. രക്തസാക്ഷിണിയായ ഫെബ്രോണിയ ........ 25

II. **വിശുദ്ധന്മാർ**

10. അന്ത്യോഖ്യായിലെ വിശുദ്ധ മറീന ........ 31
11. വിശുദ്ധ മൽക്കെ ........ 34
12. മോർ ഗ്രിഗോറിയോസ് ദോദൊ ........ 36

III. **സഭാ അദ്ധ്യക്ഷന്മാർ**

**(a) പ. പാത്രിയർക്കീസന്മാർ**

13. അന്ത്യോഖ്യാ പാത്രീയർക്കീസായ സെറാപ്പിയോൺ ........ 39
14. മോറാൻ മിലിത്തിയോസ് പാത്രിയർക്കീസ് ........ 41
15. അന്ത്യോഖ്യാ പാത്രിയർക്കീസായ ഫ്ളേവിയൻ ഒന്നാമൻ ........ 44

16. അന്ത്യോഖ്യാ പാത്രിയർക്കീസായ
മോറാൻ തെയോഫിലോസ് ........ 46
17. അന്ത്യോഖ്യാ പാത്രിയർക്കീസായ
മോറാൻ കുരിയാക്കോസ് ........ 48
18. എഫേസൂസിലെ മോർ യൂഹാനോൻ ........ 50
19. ആലപ്പൊയിലെ മോർ അക്കാസിയൂസ് ........ 53
20. അറേബ്യനായ മോർ യൂഹാനോൻ ........ 55
21. അലക്സന്ത്രിയായിലെ അന്ധനായ ദിദിമോസ് ........ 59

**(b) മെത്രാപ്പോലീത്തന്മാർ**

22. മോർ യൂലിയോസ് ഗീവറുഗീസ് മെത്രാപ്പോലീത്ത ........ 62
23. കരവട്ടുവീട്ടിൽ ശെമവോൻ
മോർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത ........ 65
24. അമ്പാട്ട് ഗിവർഗീസ്
മോർ കുറിലോസ് മെത്രാപ്പോലീത്ത ........ 68
25. മോർ ഈവാനിയോസ്
ഫിലിപ്പോസ് മെത്രാപ്പോലീത്ത ........ 71
26. മോർ മിലിത്തിയോസ് ബർന്നബ ........ 74
27. മർക്കോസ് മോർ കൂറിലോസ് മെത്രാപ്പോലിത്ത ........ 76
28. മോർ പോളിക്കാർപ്പസ് ഗീവറുഗീസ് ........ 79
29. മോർ യൂലിയോസ് കുരിയാക്കോസ് തിരുമേനി ........ 82
30. വഞ്ചിത്താറ്റിൽ വന്ദ്യ കുര്യാക്കോസ് റമ്പാച്ചൻ ........ 85

References ........ 89
Name Index ........ 91
Other Books by the author ........ 97
ഗ്രന്ഥകർത്താവ് ........ 99

# രക്തസാക്ഷിയായ ഊർശ്ലേമിന്റെ മോർ ശെമവൂൻ

## (B.C. 14? - AD 106?)

ഊർശ്ലേമിന്റെ രണ്ടാമത്തെ മെത്രാപ്പോലീത്തയാണ് മോർ ശെമവൂൻ. ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനും പുണ്യവാനും ശ്ലീഹായും സഹദായുമായ മോർ യാക്കോബിന്റെ രക്തസാക്ഷി മരണത്തിനു ശേഷം (എ. ഡി. 62) അദ്ദേഹത്തിന്റെ പിൻഗാമിയായി നിയോഗം ലഭിച്ചത് മോർ ശെമവൂനായിരുന്നു. (Wace & Piercy, 1999).

മോർ ശെമവൂൻ അൽഫായി എന്ന് വിളിക്കപ്പെട്ടിരുന്ന ക്ലേയോപ്പാവിന്റെ പുത്രനാണ്. മോർ ശെമവൂന്റെ അമ്മ മറിയാം (യോഹ. 19;25) കർത്താവിന്റെ കുരിശിനരികെ നിൽക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ശെമവൂന് കർത്താവിനേക്കാൾ 8-9 വയസ്സ് കൂടുതൽ പ്രായമുണ്ടായിരുന്നു. പരിശുദ്ധാത്മാവിനുവേണ്ടി വി. മർക്കോസിന്റെ മാളികയിൽ കാത്തിരുന്ന (അപ്പോ. 2:1-2) വി. കന്യക മറിയാമിന്റെയും അപ്പോസ്തോലന്മാരുടെയും കൂടെ മോർ ശെമവൂനും ഉണ്ടായിരുന്നു.

യെരുശലേം ശത്രുക്കളാൽ വളയപ്പെടുന്നതിനു മുമ്പ് മോർ ശെമവൂന്റെ നേതൃത്വത്തിൽ യെരുശലേമിലെ ക്രിസ്ത്യാനികൾ യെരുശലേം പട്ടണം വിട്ട് യോർദ്ദാൻ നദീതീരത്തേക്കോടി അവിടെ ബീസാൻ പ്രദേശത്തിനടുത്ത് ബല്ല (പെല്ല? Pella) എന്ന ചെറിയ പട്ടണത്തിൽ പാർത്തു. (Abdul Ahad, 1948)

എ. ഡി. 70 ൽ യരുശലേം പട്ടണം തീത്തോസ് കൈവശപ്പെടു

ത്തുകയും, ദൈവാലയം നശിപ്പിക്കുകയും, ആറ് ലക്ഷത്തോളം പേർ വധിക്കപ്പെടുകയും, ശേഷിച്ച യഹൂദന്മാരെ അടിമകളായി കൊണ്ടു പോകുകയും ചെയ്തു. ഈ പീഢകൾക്കുശേഷം മോർ ശെമവൂൻ യെരുശലേമിൽ തിരികെ വരികയും സഭാ ശുശ്രൂഷയിൽ വ്യാപൃത നാവുകയും ചെയ്തു.

മോർ ശെമവൂന്റെ കാലഘട്ടത്തിൽ സഭ ഏറെ അഭിവൃദ്ധിപ്പെ ട്ടെങ്കിലും രണ്ടു വേദ വിപരീതങ്ങൾ ആ കാലഘട്ടത്തിൽ പ്രചരി ച്ചിരുന്നു. Nazareans, Ebionites നസ്രേറിയൻസ് ക്രിസ്തുവിനെ ഒരു വലിയ പ്രവാചകനായി കരുതിയവരും ക്രിസ്തു ഒരു സാധാ രണ മനുഷ്യനാണെന്നും സ്വാഭാവിക പിതാക്കന്മാരാണ് ജോസ ഫും, മറിയാമും എന്ന് പഠിപ്പിച്ചിരുന്നവരുമാണ്. എബിയോണിയർ പല അന്ധവിശ്വാസങ്ങളും പ്രചരിപ്പിച്ചവരും, വിവാഹമോചനം അനു വദിച്ചിരുന്നവരുമാണ്.

ദാവീദിന്റെ ഗോത്രത്തിൽപ്പെട്ട എല്ലാവരും വധിക്കപ്പെടണമെന്ന കല്പന വെസ്പാസിയനും (Vespasian) ഡൊമിഷ്യനും (Domitian) പുറപ്പെടുവിച്ചു. എന്നാൽ മോർ ശെമവൂൻ അവരുടെ കയ്യിൽ അകപ്പെട്ടില്ല. പിന്നീട് ട്രാജൻ ചക്രവർത്തി വധിക്കുന്നതി നുള്ള ഉത്തരവ് പുതുക്കുകയും മോർ ശെമവൂനെ ബന്ധിച്ച് ക്രൂശി ക്കുന്നതിന് ഏൽപിക്കുകയും ചെയ്തു. കഠിന പീഢകൾക്കൊടു വിൽ മോർ ശെമവൂനെ കുരിശിൽ തറച്ചു. രക്തസാക്ഷിയാകുമ്പോൾ മോർ ശെമവൂന് 120 വയസ്സുണ്ടായിരുന്നതായി കരുതപ്പെടുന്നു.

43 വർഷം യരുശലേം മെത്രാപ്പോലീത്തയായി ശുശ്രൂഷകൾ നിർവ്വഹിച്ച മോർ ശെമവൂന്റെ ഓർമ്മ സുറിയാനി സഭ ഏപ്രിൽ 27 -ാം തീയതി ആചരിക്കുന്നു. ഏതാനും ചരിത്രകാരന്മാർ ഓർമ്മ ദിനം ഫെബ്രുവരി 18-ാം തീയതി ആണെന്ന് രേഖപ്പെടുത്തിയിട്ടു ണ്ട്.

# വിശുദ്ധ അനസ്താസിയ
## (? - A. D. 303)

അനസ്താസിയ (Anastasia) റോമിൽ ജനിച്ച ഒരു ഉന്നത കുലജാതയായിരുന്നു. വിശുദ്ധ ക്രിസോഗോണസിന്റെ (St. Chrosogonus) ശിഷ്യയായിരുന്നു (Cross & Livingstone, 1997). വലേറിയൻ ചക്രവർത്തി റോമിൽ ഭരണമേറ്റെടുത്തപ്പോൾ ക്രൈസ്തവരെ കൊല്ലുന്നതിനും ജനങ്ങളെയെല്ലാം ജോവ് ദേവന്റെ ആരാധകരാക്കുന്നതിനും പരിശ്രമിച്ചു (Kuriakose, 1986).

ആ കാലഘട്ടത്തിൽ അനസ്താസിയ ക്രൈസ്തവ വിശ്വാസത്തിൽ ജീവിക്കുന്നതിനാഗ്രഹിച്ച് സോഫിയ എന്ന കന്യാസ്ത്രി നടത്തിയിരുന്ന ആശ്രമത്തിൽ ചേർന്നു. ഇതറിഞ്ഞ ചക്രവർത്തിയുടെ മന്ത്രി അനസ്താസിയയെ കന്യകാലയത്തിൽ നിന്ന് ആളയച്ചുവരുത്തി (Kuriakose, 1986). സോഫിയ അനസ്താസിയയെ ധൈര്യപ്പെടുത്തികൊണ്ടു പറഞ്ഞു. ക്രിസ്തുവിനു വേണ്ടി ജീവത്യാഗം ചെയ്യുന്നതിന് തയ്യാറാകണം. ക്രിസ്തുമതം ഉപേക്ഷിക്കണമെന്നും ജോവ് ദേവനെ ആരാധിച്ചാൽ ധനവും സ്ഥാനമാനങ്ങളും നൽകാമെന്നും മന്ത്രി വാഗ്ദാനം ചെയ്തു. എന്നാൽ അനസ്താസിയ ക്രൈസ്തവ വിശ്വസത്തിൽ അചഞ്ചലയായി നിലകൊണ്ടു.

അനസ്താസിയ തടവിലാക്കപ്പെട്ടു. അനസ്താസിയ തടവറയിൽ ദൈവത്തെ പാടിപുകഴ്ത്തി. ഇതിൽ കുപിതനായ മന്ത്രി അവളുടെ നാവ് അറുത്തു കളഞ്ഞു. ഇതു കണ്ടു നിന്ന സിറിലോസ് എന്ന യുവാവ് അനസ്താസിയ യാചിച്ചതനുസരിച്ച് ദാഹജലം കൊടുത്തു.

അനസ്താസിയയെ പലവിധ പീഢനങ്ങൾക്കു വിധേയയാക്കി. ശരീരത്തിൽ മുറിവുകളുണ്ടാക്കി, പന്തങ്ങൾ കത്തിച്ച് ശരീരത്തിൽ പൊള്ളലേൽപ്പിച്ചു. പല്ലുകൾ ചുറ്റിക കൊണ്ട് അടിച്ചു വീഴ്ത്തി, കൈകാലുകളിലെ നഖങ്ങൾ പറിച്ചെടുത്തു, എന്നിങ്ങനെ നിരവധി പീഢകളേൽപിച്ചു.

നമ്മുടെ ദേവന്മാർ കല്ല്, മരം, പിച്ചള മുതലാവയാൽ നിർമ്മിച്ചിട്ടുള്ള ജീവനില്ലാത്ത രൂപമാണെന്ന് പറഞ്ഞ് അനസ്താസിയ ദുഷിക്കുന്നു എന്നു പറഞ്ഞ് അനസ്താസിയയെയും അവൾക്ക് ദാഹജലം കൊടുത്ത സിറിലോസിനെയും ചക്രവർത്തിയുടെ ആജ്ഞാനുവർത്തികൾ വധിച്ചു. പനോമിയയിലെ (Pannomia) സിർമിയം (Sirmium) എന്ന സ്ഥലത്തു വച്ചാണ് വധിക്കപ്പെട്ടതെന്ന് ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട് (Cross & Living stone, 1997). അതല്ല ടൈറ്റിനി കടലിലെ ഒരു ചെറിയ ദ്വീപായ പൽമറൂലയിൽ (Palmaruola island in the Tyrrhene sea) വച്ചു വധിക്കപ്പെട്ടു എന്നും പറയപ്പെടുന്നു (Smith & Piercy, 1999).

വിശുദ്ധ ജനേഡിയസ് (St. Gennadius, A. D. 458 - 71) അനസ്താസിയയുടെ തിരുശേഷിപ്പുകൾ കുസ്തന്തീനോസ് പോലീസിലേക്ക് കൊണ്ടുപോകുകയും നസിയൻസനിലെ ഗ്രീഗോറിയോസ് (A. D. 329 - 389) സ്ഥാപിച്ച പള്ളിയിൽ അടക്കം ചെയ്യുകയും ചെയ്തു. വിശുദ്ധ അനസ്താസിയയുടെ ഓർമ്മ പെരുന്നാൾ സുറിയാനി സഭ ഒക്ടോബർ 29-ാം തീയതി ആഘോഷിക്കുന്നു.

# അത്ഭുതപ്രവർത്തകനായ രക്തസാക്ഷിയായ മീന
## (A. D. 285 - 309?)

മീന, ഈജിപ്റ്റിലെ നക്കിയോസ് (Nakiyos) പട്ടണത്തിൽ (Abdul Ahad, 1948) എ.ഡി. 285ൽ ജനിച്ചു. മീനയുടെ പിതാവായ യൂഡോക്സിയസ് (Eudoxius) നക്കിയോസ് പട്ടണത്തിലെ ഗവർണർ ആയിരുന്നു. മീനയുടെ അമ്മ യൂഫേമിയക്ക് (Euphemia) മക്കളില്ലായിരുന്നു.

വിശുദ്ധ ദൈവമാതാവിന്റെ ഒരു പെരുന്നാൾ ദിവസം ആട്രിബിലെ (Attrib) ദൈവാലയത്തിൽ പോയ സന്ദർഭത്തിൽ ദൈവമാതാവിന്റെ മദ്ധ്യസ്ഥത യാചിച്ച് തനിക്ക് ഒരു മകനെ തരുന്നതിന് പുത്രനായ മിശിഹായോട് അപേക്ഷിച്ചു. നെടുവീർപ്പിട്ടു കരഞ്ഞിരുന്ന യൂഫേമിയക്ക് 'ആമ്മീൻ' എന്ന പ്രത്യുത്തരം ലഭിച്ചു. അതിൻ പ്രകാരം ജനിച്ച മകനാണ് മീന. മീനക്ക് പിന്നീട് ഒരു സഹോദരനും ഒരു സഹോദരിയും ജനിച്ചു.

മീനക്ക് 11 വയസ്സായപ്പോൾ പിതാവും മൂന്നു വർഷങ്ങൾക്കു ശേഷം മാതാവും നിര്യാതരായി. മീന നോമ്പിലും, പ്രാർത്ഥനയിലും ക്രിസ്തീയ ജീവിതം നയിച്ചു. തുടർന്ന് മീന പട്ടാളത്തിൽ ചേർന്നു. പിതാവിന്റെ ഗവർണറെന്ന സ്ഥാനം പരിഗണിച്ച് മീനയ്ക്ക് ഉയർന്ന ഉദ്യോഗമാണ് പട്ടാളത്തിൽ ലഭിച്ചത്. സ്വന്തരാജ്യത്തിനുവേണ്ടി സേവനം ചെയ്യുന്നതിനായി മീന അൾജീരിയയിലേയ്ക്ക് പോയി. ഈ സമയത്ത് ഡയോക്ലീഷ്യൻ ചക്രവർത്തി ക്രിസ്തുമതം ഉപേ

ക്ഷിച്ച് വിഗ്രഹങ്ങളെ ആരാധിക്കണമെന്ന് വിളംബരം ചെയ്തു. പുതിയ സാഹചര്യത്തിൽ ഏതാണ്ടു മൂന്നു വർഷത്തെ പട്ടാളജീവിതത്തിനുശേഷം, ജോലി രാജിവച്ച് നാഥനായ ക്രിസ്തുവിനു വേണ്ടി ജീവിതം സമർപ്പിച്ചു.

മീന തനിക്കുള്ള സമ്പാദ്യമെല്ലാം വിറ്റ് ഒരു സന്യാസിയായി. ഒരു ദിവസം മീന ഒരു ദർശനം കണ്ടു. ആ ദർശനത്തിൽ സ്വർഗ്ഗം തുറന്നിരിക്കുന്നതായും രക്തസാക്ഷികൾ ഭംഗിയുള്ള കിരീടങ്ങൾ അണിയിക്കപ്പെടുന്നതായും കണ്ടു. തുടർന്ന് മീന മൂന്നു കിരീടങ്ങളാൽ ആദരിക്കപ്പെടുന്ന ഒരു ശബ്ദം കേട്ടു - - (1) ബ്രഹ്മചര്യത്തിന്, (2)സന്യാസത്തിന്, (3) രക്തസാക്ഷിത്വത്തിന്.

ക്രിസ്തുവിനെ ഏറ്റുപറഞ്ഞ് ജീവിക്കുന്നതിൽ നിന്ന് പിൻവാങ്ങുന്നതിന് മീനയ്ക്ക് വളരെ സമ്മാനങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ടു. മീന സമ്മതിക്കാതെ തന്റെ ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞതിനാൽ ശിരച്ഛേദം ചെയ്യപ്പെടുന്നതിനും മൃതശരീരം അഗ്നിയിലിടുന്നതിനും കൽപന പുറപ്പെടുവിച്ചു. ഇത് A. D. 303ലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട് (Abdul Ahad, 1948; Aphrem 1, 2000). മീന ശിരച്ഛേദം ചെയ്യപ്പെട്ട് മൃതശരീരം തീയിൽ മൂന്നു രാവും മൂന്നു പകലും ദഹിപ്പിച്ചിട്ടും മൃതശരീരത്തിന് കേടൊന്നും സംഭവിച്ചില്ല. മീനയുടെ സഹോദരി പട്ടാളക്കാർക്ക് ഏറെ ദ്രവ്യം നൽകി മൃതശരീരം ഏറ്റുവാങ്ങി അലക്സന്ത്രിയായിലേയ്ക്ക് കൊണ്ടുപോകുന്നതിന് ഒരു കപ്പലിൽ കയറ്റി. കപ്പലിൽ ഒരു കടൽജീവി പ്രവേശിച്ചു. യാത്രക്കാരെല്ലാം ഭയപ്പെട്ട് അലമുറയിട്ടു. വിശുദ്ധ മീനയുടെ മൃതശരീരത്തിൽനിന്ന് അഗ്നി പുറപ്പെട്ട് കടൽജീവികളെ ഓടിച്ച് കളഞ്ഞു.

മീനയുടെ മൃതശരീരം വഹിച്ചിരുന്ന കപ്പൽ അലക്സന്ത്രിയ തുറമുഖത്തെത്തിയപ്പോൾ അലക്സന്ത്രിയ പാത്രിയർക്കീസുൾപ്പെടെ വലിയ ഒരു ജനാവലി തുറമുഖത്തെത്തിയിരുന്നു. അവർ വിശുദ്ധ ശരീരം വലിയ ആദരവോടെ ദൈവാലയത്തിൽ കൊണ്ടുപോയി വിലയേറിയ തുണിയിൽ പൊതിഞ്ഞു സൂക്ഷിച്ചു.

പീഢയുടെ കാലം കഴിഞ്ഞപ്പോൾ അലക്സന്ത്രിയ പാത്രി

യർക്കീസായിരുന്ന മോർ അത്തനാസിയോസിനുണ്ടായ ദൈവിക നിർദ്ദേശപ്രകാരം മീനയുടെ മൃതശരീരം ഒരു ഒട്ടകപ്പുറത്തു കയറ്റി പട്ടണത്തിനു പുറത്തേയ്ക്കു കൊണ്ടുപോയി. മാലാഖ നിർദ്ദേശിച്ച പ്രകാരം ഒട്ടകത്തെ ആരും നയിച്ചില്ല. ജനമെല്ലാം മൃതശരീരം വഹിച്ചിരുന്ന ഒട്ടകത്തിന്റെ പിൻപിൽ നടന്നു. ലെയക്ക് ബയാദ് (Lake Bayad in the district of Marriot) എന്ന സ്ഥലത്തെത്തിയപ്പോൾ അവർ ഒരു ശബ്ദം കേട്ടു: "ഇവിടെയാണ് നാഥൻ തന്റെ ഇഷ്ടനായ മീനയുടെ ശരീരം നിത്യവിശ്രമത്തിനായി ആഗ്രഹിച്ചിരിക്കുന്നത്." അവർ മീനയുടെ വിശുദ്ധ ശരീരം അവിടെ സംസ്കരിച്ചു.

കുറേക്കാലം കഴിഞ്ഞപ്പോൾ അലക്സന്ത്രിയ ആക്രമിക്കപ്പെട്ടപ്പോൾ അവിടുത്തെ ഗവർണർ മീനയുടെ ശരീരം രഹസ്യമായി എടുത്ത് മദ്ധ്യസ്ഥത യാചിച്ച് യുദ്ധത്തിൽ വിജയിച്ചു. മീനയുടെ ശരീരം അലക്സന്ത്രിയ പട്ടണത്തിലേയ്ക്ക് കൊണ്ടുപോകുന്നതിന് ഗവർണർ ആഗ്രഹിച്ചു. എന്നാൽ മീനയെ കബറടക്കിയിരുന്ന ലെയ്ക്ക് ബയാദിലെത്തിയപ്പോൾ മീനയുടെ ശരീരം വഹിച്ചിരുന്ന ഒട്ടകം അവിടെ മുട്ടുകുത്തി. അടിച്ചിട്ടും ആ ഒട്ടകം മുന്നോട്ടു പോകാൻ സമ്മതിച്ചില്ല. അവർ മൃതശരീരം മറ്റൊരു ഒട്ടകപ്പുറത്തു കയറ്റി യാത്ര തുടരാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. തൻനിമിത്തം മീനയെ ആദ്യം കബറടക്കിയിരുന്ന സ്ഥലത്ത് തന്നെ വീണ്ടും സംസ്കരിച്ചു.

ഏറെ വർഷങ്ങൾക്കു ശേഷം ഒരു ആട്ടിടയൻ വിശുദ്ധ മീനയുടെ കബറിടം കണ്ടെത്തുന്നതിനിടയായി. അതിപ്രകാരമായിരുന്നു. ആട്ടിടയന്റെ ഒരാടിന് പുറ്റുപോലുള്ള ത്വക്ക്രോഗം (Mangy) പിടിപെട്ടു. ഈ ആട് വെള്ളത്തിലിറങ്ങിയ ശേഷം മണ്ണിൽ കിടന്നുരുണ്ടു. ഉടനെ രോഗം സൗഖ്യമായതായിക്കണ്ടു. ഈ ആട്ടിടയൻ ആടിന് എന്തെങ്കിലും രോഗമുണ്ടായാൽ ഈ സ്ഥലത്തെ മണ്ണെടുത്ത് കുഴച്ചു പുരട്ടുകയും രോഗം സൗഖ്യമാകുകയും ചെയ്തുവന്നു. ഈ വസ്തുത നാനാദേശങ്ങളിലും അറിയപ്പെട്ടു.

കുസ്തന്തീനോസിലെ ചക്രവർത്തിയും ഈ വിവരം ഗ്രഹിച്ച്

തന്റെ കുഷ്ഠരോഗിയായ ഏകമകളെ ആ സ്ഥലത്തേയ്ക്കയച്ചു. അവൾ മണ്ണെടുത്ത് കുഴച്ച് ദേഹത്തു പുരട്ടി. രാത്രിയിൽ മീന അവളോട് പറയുന്നതായി കേട്ടു. "അതിരാവിലെ എഴുന്നേറ്റ് ഈ സ്ഥലം കുഴിക്ക, നീ എന്റെ ശരീരം കാണും". അവൾ രാവിലെ രോഗം സൗഖ്യമായതായി പിതാവിനെ അറിയിച്ചു. പിതാവ് ആ സ്ഥലത്ത് ഒരു പള്ളി പണി കഴിപ്പിച്ചു. റോമാ ചക്രവർത്തിമാരായിരുന്ന അർക്കേഡിയസിന്റെയും ഹോണോറിയസിന്റെയും ഭരണകാലഘട്ടങ്ങളിൽ അവിടെ ഒരു പട്ടണം പണികഴിപ്പിച്ചു. ആ പട്ടണം മാറിയട്ട് (Mariut) എന്ന് വിളിക്കപ്പെട്ടു. വിശുദ്ധ മീനയുടെ പെരുന്നാൾ സുറിയാനി സഭ ജൂൺ 9-ാം തീയതി ആഘോഷിക്കുന്നു.

# രക്തസാക്ഷിയായ ഉറഹാക്കാരൻ ഹാബീബ് ശെമ്മാശൻ (? - A. D. 320?)

ഹാബീബ് (Habib or Abibus) ഉറഹായിലെ ടെൽസെബ (Telzeba) എന്നഗ്രാമത്തിൽ ജനിച്ചു (Wace & Piercy, 1999). ഇദ്ദേഹത്തെക്കുറിച്ച് മനസ്സിലാക്കാൻ കഴിയുന്നത് തെയോഫിലോസ് എഴുതിയ The acts of the Martyr Habib എന്ന വിവരണത്തിൽ നിന്നും സാരൂഗിലെ മോർ യാക്കോബ് (A. D. 451-521)) എഴുതിയ Homily on Habib, the Martyr എന്ന കൃതിയിൽനിന്നുമാണ്.

ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ കാലഘട്ടത്തിലും (A. D. 284-305) മാക്സിമിയൻ ചക്രവർത്തിയുടെ കാലഘട്ടത്തിലും (A. D. 305-311) ഉറഹായിൽ (Edessa) പീഢയേൽക്കുകയും കഴുത്തറുത്ത് കൊലചെയ്യപ്പെടുകയും ചെയ്തവരാണ് സന്യാസിയായ ഗുരിയാസ് (Gurias), ഗുരിയാസിന്റെ സ്നേഹിതനായ സമോണാസ് (Samonas) എന്നിവർ. ഈ വിശുദ്ധർ A. D. 299 – 306 കാലഘട്ടത്തിലാണ് പീഢകൾ സഹിച്ചത്. പിന്നീട് രക്തസാക്ഷിയായ വിശുദ്ധനാണ് ഹാബീബ് ശെമ്മാശൻ.

ഹാബീബ് ശെമ്മാശൻ രഹസ്യമായി ഗ്രാമങ്ങളിലും ദൈവാലയങ്ങളിലും പോയി ദൈവവചനം പ്രസംഗിച്ചു. വിശ്വാസികൾ സത്യവിശ്വാസത്തിൽ നിലനിൽക്കണമെന്ന് ഹാബീബ് ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു. ഈ വിവരം ഉറഹായിലെ ഗവർണറായ ലൈസാനിയസ് (Lysanias) മനസ്സിലാക്കി. അദ്ദേഹം ചക്രവർത്തിയായ ലിസി

നിയസിന്റെ (Licinius, A. D. 311-324) ആജ്ഞ അനുസരിക്കാത്തവരെ തീയിലിടുന്നതും സ്യൂസ് (Zeus) ദേവന് ബലിയർപ്പിക്കാത്തവരെ വാളുകൊണ്ട് കൊല്ലുന്നതിനും A. D. 313 (June 13) കൽപന പുറപ്പെടുവിച്ചു.

മേൽപ്പറഞ്ഞ രാജകൽപ്പന പാലിക്കാത്തവർക്കുള്ള ശിക്ഷയെ സംബന്ധിച്ച് ആദ്യത്തെ ഉത്തരവിൽ പരാമർശമില്ലായിരുന്നു. കാരണം ഉറാഹായിൽ വളരെക്കൂടുതൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. പിന്നീട് രാജകൽപന പാലിക്കാത്തവർക്കുള്ള ശിക്ഷ കർശനമാക്കി.

ശിക്ഷ കർശനമാക്കിയ സമയത്ത് ഹാബീബ് ശെമ്മാശൻ നദി കടന്ന് 50 മൈൽ ദൂരെയുള്ള സ്യുഗ്മ (Zeugma) എന്ന സ്ഥലത്തെ ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിന് പോയിരിക്കുകയായിരുന്നു (Redington, 1994; Wace & Piercy, 1999). ഹാബീബിനെ ഉറഹായിൽ അന്വേഷിച്ച് കണ്ടെത്താത്തതിനാൽ ഹാബീബിന്റെ മാതാവിനെയും ഗ്രാമവാസികളെയും അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. ഈ സംഭവങ്ങൾ അറിഞ്ഞ ഹാബീബ് ചിന്തിച്ചു: "ഞാൻ ഒളിഞ്ഞിരിക്കുകയും മറ്റുള്ളവർ ഞാൻ മൂലം രക്തസാക്ഷിത്വകിരീടം പ്രാപിക്കുകയും ചെയ്താൽ അതെനിക്ക് ലജ്ജയ്ക്ക് കാരണമാകും." അതിനാൽ ഹാബീബ്, ഗവർണ്ണറുടെ സഹായിയായ തിയോടെക്നയുടെ (Theotecna or Thectaenus) അടുക്കൽ ഹാജരായി ഇപ്രകാരം പറഞ്ഞു: "ഞാനാണ് നിങ്ങൾ അന്വേഷിക്കുന്ന ടെൽസെബക്കാരൻ ഹാബീബ്."

തിയോടെക്ന മറുപടിയായി പറഞ്ഞു: "അങ്ങനെയെങ്കിൽ താങ്കൾ എന്റെ അടുത്തു വന്നത് ആരും അറിയേണ്ട. നീ ഒളിവിൽ കഴിഞ്ഞിരുന്ന സ്ഥലത്തുതന്നെ പീഢ കഴിയുന്നതുവരെ പാർക്കുക. ഗ്രാമത്തിലുള്ളവരെയോർത്ത് വ്യാകുലപ്പെടേണ്ടതില്ല. അവർ കുറച്ചു ദിവസം ജയിലിൽ കഴിയേണ്ടിവരും ആരും അവരെ ഉപദ്രവിക്കുയില്ല. ഗവർണർ അവരെ വിട്ടയ്ക്കും അവർക്കെതിരായി ഒരു നടപടിയും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. ഞാൻ പറയുന്നപ്രകാരം

പ്രവർത്തിക്കാതിരുന്നാൽ തീയിൽനിന്ന് രക്ഷപ്പെടാമെന്ന് കരുതേണ്ട. ഞാൻ നിന്റെ രക്തത്തിൽനിന്ന് കുറ്റമൊഴിഞ്ഞവനായിരിക്കും."

ഹാബീബ് പറഞ്ഞു: ഞാൻ എന്റെ കുടുംബക്കാരെയും ഗ്രാമവാസികളെയും കുറിച്ചല്ല ആകുലപ്പെടുന്നത്. എന്നെ അന്വേഷിച്ചു വന്ന സമയത്ത് "ഞാൻ ഗ്രാമത്തിൽ ഇല്ലാതെ വന്നതിനെയോർത്ത് ദു:ഖിക്കുന്നു. ഞാൻ ഗവർണ്ണറുടെ മുൻപിൽ ഹാജരാകുവാൻ പോകുകയാണ്." ഉടനെതന്നെ ഹാബീബിനെ പിടിച്ച് ഗവർണറുടെ മുമ്പിൽ ഹാജരാക്കി. ഗവർണർ കലിപൂണ്ട് ഇപ്രകാരം പറഞ്ഞു: "എന്നെ നിന്ദിച്ച ഇവൻ യാതൊരു ദയയും അർഹിക്കുന്നില്ല. ഇവനെ ഉടനെ വധിക്കേണ്ട. ഇവനെ കഠിനപീഡകൾ ഏൽപ്പിക്കുന്നതുവഴി ഓടിക്കളയുവാൻ ആഗ്രഹിക്കുന്ന മറ്റുള്ളവരെയും ഭയപ്പെടുത്താം." ഗവർണർ ഹാബീബിനോട് ചോദിച്ചു. നിന്റെ പേരെന്ത്? നീ എവിടെനിന്ന് വരുന്നു? നീ ആരാണ്?

ഹാബീബ് ശാന്തനായി മറുപടി പറഞ്ഞു. ഗവർണർ ക്രുദ്ധനായി പറഞ്ഞു: "ചക്രവർത്തിയുടെ ആജ്ഞ അനുസരിക്കാതെ ശെമ്മാശനായി നടക്കുകയും സ്യുസ് ദേവന് ബലിയർപ്പിക്കാതെ ധിക്കാരിയായി നടക്കുകയാണോ?" ഹാബീബ് മറുപടി പറഞ്ഞു: "ഞങ്ങൾ ക്രിസ്ത്യാനികളാണ്. ഞാൻ മനുഷ്യൻ നിർമ്മിച്ച വിഗ്രഹങ്ങളെ ആരാധിക്കുകയില്ല. സ്യുസ് ദേവനെ ഞാൻ ആരാധിക്കാതിരിക്കുന്നത് അപമാനിക്കലാണെങ്കിൽ ആ ദേവനെ ഉളിയും ചുറ്റികയും ഉപയോഗിച്ച് നിർമ്മിച്ചവർ എത്രമാത്രം അധിക്ഷേപിച്ചിരിക്കും." ഗവർണർ മറുപടി പറഞ്ഞു. സ്യൂസ് ദേവനെ ആരാധിക്കുന്നില്ലെങ്കിൽ നിന്നെ ഇരുമ്പ് ചീപ്പുകൾ കൊണ്ട് ചീകി തീയിലിടും. ഹാബീബ് പറഞ്ഞു. ഈ പീഡകളെല്ലാം മനസ്സിൽ കണ്ടുകൊണ്ട് മനസ്സുറപ്പിച്ചാണ് ഞാൻ നിന്റെ മുൻപിൽ ഹാജരായത്.

തുടർന്ന് ഹാബീബിനെ കഠിനമായി ദണ്ഡിപ്പിച്ചു. നീ ദേവന്മാർക്ക് ബലി കഴിക്കണം. ഹാബീബ് പറഞ്ഞു. ദേവന്മാർക്ക് ബലി കഴിക്കുന്ന നിങ്ങൾ ശപിക്കപ്പെട്ടവരാണ്. ഈലൂൽ മാസം 2 -ാം തീയതി (സെപ്റ്റംബർ 2 -ാം തീയതി വെള്ളിയാഴ്ച) ഹാബീബിനെ

വീണ്ടും ഭേദ്യം ചെയ്തു. ഹാബീബ് പറഞ്ഞു. ഞാൻ ഒരിക്കലും ദേവന്മാരെ ആരാധിച്ചിട്ടില്ല., ആരാധിക്കുകയുമില്ല. ഈ കഠിനദണ്ഡ നങ്ങളിൽ കൂടി കടന്നുപോകുന്നവർക്കായി വിജയകിരീടം മെടഞ്ഞി ട്ടുണ്ട്. ഗവർണ്ണർ പറഞ്ഞു: "ഹാബീബ് ഒരു മനുഷ്യനെ ആരാധി ക്കുന്നു. അങ്ങനെയെങ്കിൽ സ്യുസിനെ ആരാധിക്കുന്നതിനും ബഹു മാനിക്കുന്നതിനും വിസമ്മതിക്കുന്നുതെന്തിന്?" ഹാബീബ് പറഞ്ഞു: "ഞാൻ മനുഷ്യനെയല്ല, ശരീരം ധരിച്ച ദൈവത്തെയാണ് ആരാ ധിക്കുന്നത്."

തുടർന്ന് ഹാബീബിന്റെ വായ് മൂടിക്കെട്ടി ഇളം തീയിൽ ദഹിപ്പി ക്കുന്നതിന് ഉത്തരവായി. ഹാബീബനെ ഉറഹായിലെ അബ്ഗാർ രാജാവിന്റെ മകൻ അബ്ശെൽമ പണികഴിപ്പിച്ച പടിഞ്ഞാറെകോട്ട വഴിയായി പുറത്തേയ്ക്ക് കൊണ്ടുപോയി. ഒരു വലിയ ജനക്കൂട്ടം ഹാബീബിനെ അനുഗമിച്ചു.

ഹാബീബ് ഇപ്രകാരം പ്രാർത്ഥിച്ചു: "ക്രിസ്തു രാജാവേ, ഈ ലോകവും വരുവാനുള്ള ലോകവും അങ്ങയുടെതാകയാൽ ഞാൻ ഈ കഷ്ടപ്പാടുകളിൽ നിന്ന് ഓടി മറയുന്നില്ല, കാരണം, ഞാൻ അങ്ങയുടെ നീതിയുള്ള വിധിയിൽ ഉൾപ്പെടുകയില്ലല്ലോ? തീയിൽ ഞാൻ എരിയുന്നതുകൊണ്ട് വരുവാനുള്ള കെടാത്ത തീയിൽ നിന്ന് ഞാൻ വിടുവിക്കപ്പെടും. ആരാധ്യനായ പിതാവിന്റെ മഹിമയുള്ള പുത്രാ നിന്റെ സന്നിധിയിലേയ്ക്ക് നിന്റെ പരിശുദ്ധാത്മാവിനാൽ എന്നെ സ്വീകരിച്ചാലും."

വന്നു കൂടിയിരുന്ന വിശ്വാസികൾ നെടുവീർപ്പിട്ടുകൊണ്ട് പറ ഞ്ഞു: "നിന്റെ കർത്താവിന്റെ സന്നിധിയിൽ ഞങ്ങൾക്കുവേണ്ടിയും, ദൈവത്തിന്റെ ജനങ്ങൾക്കിടയിൽ ശാന്തി ഉണ്ടാകുന്നതിനും അവന്റെ ദൈവാലയങ്ങൾ പുന:സ്ഥാപിക്കപ്പെടുന്നതിനും പ്രാർത്ഥി ക്കണമെ."

ഹാബീബിനെ ഒരു കുഴിയുണ്ടാക്കി അതിൽ ഒരു തൂണ് കുഴി ച്ചിട്ട് അതിനോട് ബന്ധിക്കാൻ തുടങ്ങിയപ്പോൾ ഹാബീബ് പറ ഞ്ഞു: "നിങ്ങൾ എന്നെ ബന്ധിക്കണമെന്നില്ല. ഞാൻ ഇവിടെനിന്ന്

ഇളകുകയില്ല. നിങ്ങൾക്ക് എന്നെ തീയിൽ ചുടാം." അവർ ഹാബീബിനു ചുറ്റും വിറകടുക്കി തീയിട്ടു. ഹാബിബിന്റെ ആത്മാവ് ഉയരങ്ങളിലേയ്ക്ക് പറന്നു. തീ അണഞ്ഞപ്പോൾ ഹാബീബിന്റെ മാതാവും ബന്ധുക്കളും ഹാബീബിന്റെ മൃതശരീരം കേടുകൂടാതെ ഇരിക്കുന്നതായി കണ്ടു. വിശ്വാസികൾ ഹാബീബിന്റെ ശരീരമെടുത്ത് സുഗന്ധവർഗ്ഗങ്ങൾ പുരട്ടി വെള്ളത്തുണിയിൽ പൊതിഞ്ഞ് ബെയ്ത്ത് അള്ള കുക്ക്ള (Baith Allah Cucla) മലയിൽ രക്തസാക്ഷികളായ ഗുരിയയുടെയും (Guria) സമോണയുടെയും (Samona) കല്ലറയിൽ (കല്ലറയ്ക്കരികിൽ) അടക്കം ചെയ്തു. ഇത് A. D. 320 സെപ്റ്റംബർ 2-ാം തീയ്യതിയാണെന്ന് കരുതപ്പെടുന്നു

സാരൂഗിലെ മോർ യാക്കോബിന്റെ ധർമ്മോപദേശങ്ങളിൽ (Homily) ഇപ്രകാരം വിവരിക്കുന്നു. ജ്വാലകൾ ധരിച്ച രക്തസാക്ഷിയായ ഹാബീബ് അഗ്നിയിൽ നിന്ന് എന്നെ വിളിച്ചു. ഹാനിയായോടു കൂടെ ഹാബീബിനെ എണ്ണണമോ എന്ന് ഞാൻ അറിയുന്നില്ല. അസറിയായോ ഹാബീബോ ആരാണ് കോമളൻ? വാളിനും അഗ്നിക്കുമെതിരെ ഹാബീബ് മൽപ്പിടുത്തം നടത്തി. അവന്റെ സ്നേഹം അഗ്നിപോലെ ചൂടേറിയതായിരുന്നു. അതുകൊണ്ട് അവൻ ഭയപ്പെട്ടില്ല. വാളിനെയോ അഗ്നിയേയോ ഭയപ്പെടാതെ മരണം പുൽകാൻ ഹാബീബ് പഠിപ്പിച്ചു. രക്തസാക്ഷിയായ ഹാബീബ് പ്രകാശമായിരുന്നു. ആ പ്രകാശത്താൽ വിശ്വാസികളുടെ പട്ടണമായ എഡേസാ പ്രകാശിതമായി. ഹാബീബിന്റെ മാതാവ് തന്റെ വാത്സല്യ മകനെക്കുറിച്ച് ദു:ഖിതയായിരുന്നില്ല. പ്രത്യുത സന്തോഷവതിയായിരുന്നു. ദു:ഖം ആചരിക്കുന്നതിനു പകരം നല്ല ശുഭ്രവസ്ത്രം ധരിച്ച് സന്തോഷത്തോടെ അഗ്നിക്കരികിലേയ്ക്ക് മകനെ അനുഗമിച്ചു.

ഹാബീബ് ശെമ്മാശന്റെ ഓർമ്മദിനത്തിൽ രക്തസാക്ഷികളായ ഗുരിയാസിന്റെയും സമോണയുടെയും ഓർമ്മദിനം (സെപ്റ്റംബർ 2-ാം തീയതി) സുറിയാനിസഭ ആചരിക്കുന്നു. വിവാഹജീവിതത്തിലെ വഴക്കുകളും ദു:ഖങ്ങളും നീങ്ങി കിട്ടുന്നതിന് ഈ മൂന്നു വിശുദ്ധന്മാരുടെയും മദ്ധ്യസ്ഥത വിശ്വാസികൾ പ്രത്യേകമായി അപേക്ഷിക്കുന്നു.

# അർണോബിയസ്
## (? - A. D. 330?)

അർണോബിയസിനെക്കുറിച്ച് ജറോം ഒഴികെ ആരും തന്നെ പരാമർശിച്ചിട്ടില്ല, ജറോമിന്റെ പരാമർശം ഏതാനും വരികളിൽ ഒതുങ്ങിയിരിക്കുന്നു (Roberts & Donaldson, 1956). ഒരു പക്ഷേ വിഗ്രഹാരാധനക്കാരനായതിനുശേഷം ക്രിസ്തുമതം സ്വീകരിച്ചതിനാലായിരിക്കാം അങ്ങനെ സംഭവിച്ചത്.

അർണോബിയസ് (Arnobius) സിക്ക വെനേറിയ (Sicca Veneria) എന്ന പട്ടണത്തിൽ ജനിച്ചു. കാർത്തേജിനു തെക്കു പടിഞ്ഞാറ് നുമിഡിയൻ (Numidian) അതിർത്തിയിലാണ് സിക്ക വെനേറിയ സ്ഥിതി ചെയ്യുന്നത്. A. D. 303-313 കാലഘട്ടത്തിലെ പീഢയുടെ സമയത്ത് അർണോബിയസ് ആഫ്രിക്കയിലെ സിക്കയിൽ പ്രസംഗകലയുടെ അദ്ധ്യാപകനായിരുന്നു (Roberts & Donaldson, 1956; Wace & Piercy, 1999).

സിക്ക വെനേറിയ ഫൊനീഷ്യൻ വംശത്തിൽപ്പെട്ടവർക്ക് പ്രിയമായിരുന്ന, കാമത്തിന്റെ ദേവീ ആരാധനയുടെ ആഭാസകേന്ദ്രമായിരുന്നു. കൊരിന്ത്യക്കാർക്ക് അപമാനമായിരുന്ന അമിതഭ്രമക്കാർ അവിടെയുണ്ടായിരുന്നു. ആ പട്ടണത്തിലെ സ്ത്രീകൾ ഈ ദേവിയുടെ ക്ഷേത്രത്തിൽ അവരുടെ ചാരിത്ര്യം ബലികഴിക്കുകയും അവരുടെ മാതാപിതാക്കന്മാർ ദരിദ്രരായതിനാൽ സ്ത്രീധനം കൊടുക്കുന്നതിനുള്ള പണം ആ രീതിയിൽ സമ്പാദിക്കുകയും ചെയ്തിരുന്നു.

മേൽ വിവരിച്ച ദുഷ്കൃത്യങ്ങളും, അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും ക്രിസ്തുമതം സ്വീകരിക്കുന്നതിന് അർണോബിയസിന്റെ മനസ്സിനെ പാകപ്പെടുത്തിയതിനെ സംബന്ധിച്ച് അദ്ദേഹം തന്നെ വിവരിക്കുന്നുണ്ട്. "ഓ അന്ധത, ഞാൻ ചൂളയിൽ നിന്നെടുത്ത് ചുറ്റിക കൊണ്ട് രൂപപ്പെടുത്തിയ രൂപങ്ങളെ ആരാധിച്ചു; ഇപ്പോൾ ഞാൻ മഹാനായ ഗുരുവിനാൽ സത്യത്തിന്റെ മാർഗ്ഗത്തിലേയ്ക്ക് നയിക്കപ്പെട്ടു. ഈ സംഗതികൾ എന്തെന്ന് ഇപ്പോൾ ഞാൻ അറിയുന്നു" മറ്റൊരിടത്ത് അർണോബിയസ് പറയുന്നു: "ഞാൻ ഒരിക്കൽ തെറ്റിനാൽ നഷ്ടപ്പെട്ടു പോയി, എന്നാൽ ഇപ്പോൾ ഒരു സത്യക്രിസ്ത്യാനിയാണ്."

അർണോബിയസ് മുൻപ് കടുത്ത വിഗ്രഹാരാധനക്കാരനായിരുന്നു. നിക്കൊമേദിയ വിളംബരത്തെ (edict of Nicomedia) തുടർന്നുണ്ടായ രക്തസാക്ഷി മരണങ്ങൾ അർണോബിയസിനെ ആഴമായി സ്പർശിച്ചു. അദ്ദേഹം സിക്കയിലെ ഒരു ദൈവാലയത്തിൽ ഹാജരായി. എന്നാൽ ജനമെല്ലാം അർണോബിയസിന്റെ പഴയ ചെയ്തികളറിയുന്നവരായതിനാൽ അദ്ദേഹത്തെ ഭയപ്പെട്ടിരുന്നു. അർണോബിയസ് അന്നത്തെ മെത്രാപ്പോലീത്തയ്ക്ക് സ്വീകാര്യനായിരുന്നില്ല. കാരണം അർണോബിയസ് ക്രിസ്തുവിനെതിരായി നിലകൊണ്ട വ്യക്തിയായിരുന്നു. പിന്നീട് അർണോബിയസ് മാമ്മോദീസ സ്വീകരിച്ചു. ട്രിത്തേമിയസ് (Trithemius) രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ച് അർണോബിയസ് ഒരു പുരോഹിതനായിരുന്നു (Wace & Piercy, 1999).

അർണോബിയസ് വൈകിയാണ് ക്രിസ്തുമതം സ്വീകരിച്ചതെങ്കിലും ക്രിസ്തുമതം സ്വീകരിച്ച ശേഷം അർണോബിയസും പിന്നീട് കുസ്തന്തീനോസും വിഗ്രഹാഹാരാധന നീക്കിക്കളയുന്നതിന് പരിശ്രമിച്ചു. ദൈവത്തെ സംബന്ധിച്ച് അർണോബിയസ് പരാമർശിക്കുന്നത്. "ആദ്യ കാരണം, എല്ലാറ്റിന്റെയും അടിസ്ഥാനം, ജനിക്കാത്തവൻ, സർവ്വവ്യാപി, അനന്തവും ഇന്ദ്രിയഗോചരമല്ലാത്തതും പ്രകാശത്തിൽ ആമഗ്നമായ, അവർണ്ണനീയമെന്നു മാത്രം അറിയപ്പെടു

ന്ന" എന്നിങ്ങനെയാണ്. ക്രിസ്തുവിനെ സംബന്ധിച്ച് - - പ്രകാശ ത്തിലേയ്ക്കുള്ള ഏക മാർഗ്ഗം, അവനെ അനുഗമിക്കുന്നവർക്കു മാത്രം രക്ഷ - - എന്നിപ്രകാരമാണ്.

വിഗ്രഹാരാധനക്കാർക്കെഴുതുമ്പോൾ അർണോബിയസ് ദൈവ വചനങ്ങൾ ഉദ്ധരിക്കുന്നില്ല കാരണം അവർക്കത് സ്വീകാര്യമല്ല, അതിനുപകരം കാര്യകാരണങ്ങൾ പരാമർശിച്ച് ദൈവവചനത്തിന്റെ അന്തസത്ത എടുത്തു പറയുന്നുണ്ട്. അതിൽ നിന്നുതന്നെ അർണോ ബിയോസ് ദൈവവചനം നന്നായി പഠിച്ചിരുന്നു എന്നു മനസ്സിലാ ക്കാവുന്നതാണ്. സുവിശേഷ സത്യങ്ങൾ വ്യക്തതയോടും ശക്തി യോടുംകൂടെ അർണോബിയോസ് അവതരിപ്പിച്ചിട്ടുണ്ട്. ഇദ്ദേഹ ത്തിന്റെ പുസ്തകങ്ങൾ പരിശോധിക്കുമ്പോൾ അവ A. D. 297 നും A. D. 305 നും ഇടയ്ക്കുള്ള കാലഘട്ടത്തിൽ എഴുതപ്പെട്ടവയാണന്ന് തീർച്ചപ്പെടുത്താവുന്നതാണ്.

അർണോബിയസ് റോമാ സാമ്രാജ്യത്തിന്റെ കടുത്ത പീഡയിൽ ജീവൻ ബലിയർപ്പിച്ചിരിക്കാം എന്ന നിഗമനത്തിലാണ് ചരിത്രകാ രന്മാർ എത്തിച്ചേരുന്നത് (d. c. A. D. 330).

# മോർ ഒസ്സിയൊ
## (? - A. D. 377)

ഒസ്സിയൊ (Ossyo) പ്രശസ്തരും ദൈവഭക്തരുമായ ഫനിതീറോസിന്റെയും (Fanitheros) ജർജൂനിയായുടെയും (Gurgunia) മകനായി റോമിലെ ഫാറിയ (Farya) പട്ടണത്തിൽ ജനിച്ചു. പിതാവായ ഫനിതീറോസ് (ഫൽതീറൂസ്) സാഖ്ദസ്യുസിലെ തേവോദോസ്യോസ് രാജാവിന്റെ സഹോദരനായിരുന്നു.

ഫനിതീറോസിനും ജർജുനിയയ്ക്കും മക്കളില്ലായിരുന്നു. അവർക്ക് ഒരു കുഞ്ഞ് ജനിക്കുമെന്ന് അവർ വിശ്വസിച്ചു. അപ്രകാരം ജനിച്ച മകനാണ് ഒസ്സിയൊ. ഒസ്സിയൊ എന്ന പദത്തിന് സുറിയാനി ഭാഷയിൽ ഭിഷഗ്വരൻ എന്നാണർത്ഥം.

ഒസ്സിയൊ ഹംദാനിലെ മോർ യൂഹാനോന്റെ പാഠശാലയിൽ പഠിച്ചു. വിവാഹപ്രായമായപ്പോൾ മാതാപിതാക്കൾ ഒസ്സിയോയെ അന്നാട്ടിലെ ഗവർണറുടെ മകളായ അറൂനിയെ (Hasiba?) കൊണ്ട് വിവാഹം കഴിപ്പിക്കാനാഗ്രഹിച്ചു. എന്നാൽ ഒസ്സിയൊ ദൈവിക മാർഗ്ഗത്തിലുടെ ഐഹികസുഖങ്ങളെ വെടിയുന്നതിന് തീരുമാനിച്ച് യരുശലേമിലേയ്ക്ക് പോയി.

യരുശലേമിൽ യേശുവിന്റെ തിരുപ്പിറവിയുടെ പള്ളിയും മറ്റു പുണ്യ സ്ഥലങ്ങളും സന്ദർശിച്ച് അഞ്ചു മാസത്തിനുശേഷം പൗരോഹിത്യവസ്ത്രം സ്വീകരിച്ച് സീനായ് പർവ്വതത്തിലേയ്ക്ക് പോയി. അവിടെ പത്ത് പുരോഹിതന്മാർ താമസിക്കുന്ന സ്ഥലത്തെത്തിയെങ്കിലും അവിടെ നിന്ന് മലഞ്ചെരുവിലെ ഖ്ഫറ എന്ന മരുഭൂമി

യിലേയ്ക്ക് പോയി. അവിടെ വെച്ച് മോർ ദീമേത്തിനെ കണ്ടുമുട്ടുകയും, അദ്ദേഹത്തിന്റെ ശിഷ്യനായി 14 വർഷം പരിശീലനം നേടുകയും ഗുരുവിന്റെ മരണംവരെ അവിടെ താമസിക്കുകയും ചെയ്തു.

പ്രാർത്ഥന, സന്യാസം, വ്രതം എന്നിവയാൽ മോർ ഒസ്സിയൊ പ്രശസ്തനായി. അദ്ദേഹം സിറിയയിലെ ഹോസിലെത്തി സുവിശേഷ പ്രവർത്തനങ്ങൾ നടത്തി. വിഗ്രഹാരാധനക്കാരായ 1500 പേർ അദ്ദേഹത്തെ അനുഗമിച്ചു. പേർഷ്യൻ രാജാവായിരുന്ന ബിബിൻദാറിനെ ബാധിച്ചിരുന്ന ഒരു പകർച്ചവ്യാധി ഒസ്സിയൊ സുഖപ്പെടുത്തി. അന്ത്യോഖ്യയിലെത്തി ഉൾപ്രദേശങ്ങളിലെ ജനങ്ങളെ ബുദ്ധിമുട്ടിലാക്കിയിരുന്ന വന്യജീവികളുടെ ഉപദ്രവത്തിൽ നിന്നും അവരെ രക്ഷപ്പെടുത്തി. നിക്കോമേദിയയിൽ താമസിച്ച് പലതരം രോഗികളെ സുഖപ്പെടുത്തി. നിക്കോമേദിയിൽനിന്ന് തിരികെ അന്ത്യോഖ്യയിലെത്തിയശേഷം ഒരു മാസം കഴിഞ്ഞപ്പോൾ തന്റെ അന്ത്യമടുത്തുവെന്ന് ഒസ്സിയോ മനസ്സിലാക്കി. രോഗശയ്യയിൽ കിടക്കവേ തന്റെ വിദ്യാർത്ഥികളെ വിളിച്ച് ഉപദേശിച്ചു: “മക്കളെ ഞാനിതാ യാത്രയാവുകയാണ്. ഭൂമിയിൽ നിങ്ങൾ ജീവിക്കുന്നിടത്തോളം കാലം ഞാൻ നിങ്ങളെ പഠിപ്പിച്ച മാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കരുത്. തെറ്റുകുറ്റങ്ങളിൽ നിന്ന് നിങ്ങളെ സൂക്ഷിക്കുക. ദൈവാരാധന നിലനിർത്തുക. നന്മയുടെയും പരിശുദ്ധിയുടെയും പാത പിൻതുടരുക. ഈ ലോകത്തിലുള്ളതെല്ലാം നിഴൽ മാത്രമാണ്.”

പിന്നീട് ഒസ്സിയോ തനിക്കും ലോകത്തിനും വേണ്ടി പ്രാർത്ഥിച്ചു. A. D. 377 ഒക്ടോബർ മാസത്തിലെ ഒരു വ്യാഴാഴ്ച കാലം ചെയ്ത് കബറടക്കപ്പെട്ടു. മോർ ഒസ്സിയൊയുടെ നാമത്തിൽ ആലപ്പോയിലും മറ്റു പല സ്ഥലങ്ങളിലും പള്ളികളുണ്ട്. മോർ ഒസ്സിയൊയുടെ ഓർമ്മപെരുന്നാൾ സുറിയാനിസഭ ഒക്ടോബർ 1 -ാം തീയതി ആഘോഷിക്കുന്നു. സിറിയയിലെ ആലപ്പോയിൽ ഒസ്സിയൊയുടെ ഓർമ്മ ഒക്ടോബർ 15 -ാം തീയതി നടത്തുന്നു. (ഒരു അറബി ഗ്രന്ഥത്തിൽ നിന്ന് ശ്രീ. അഷ്റഫ് H.S.A., T.K.M.H.S.S., Karikodu, Kollam വിവർത്തനം ചെയ്തത്).

# ഈജിപ്റ്റിലെ
# വിശുദ്ധ മക്കാറിയോസ്
## (c. A. D. 300 - 390)

മക്കാറിയോസ് ഉത്തര ഈജിപ്റ്റിലെ കീമെത്ത് (Kemet) ഗ്രാമത്തിൽ ഉദ്ദേശം A. D. 300 ൽ ജനിച്ചു. ഇദ്ദേഹം മഹാനായ മക്കാറിയോസ് എന്നും (Macarius, the Great) ഈജിപ്റ്റുകാരനായ മക്കാറിയോസ് എന്നും (Macarius, the Egyptian) അഗ്രജനായ മക്കാറിയോസ് (Macarius, the Elder)എന്നും അറിയപ്പെടുന്നു (Britannica, 1988, Vol. 7; Chediath, 2006).

മഹാനായ മക്കാറിയോസിനെക്കുറിച്ച് അറിയുവാൻ കഴിയുന്നത് റൂഫിനസിന്റെയും (Rufinus's Translation of the Historica Monachorum) പലേഡിയസിന്റെയും (Lusaic History) ചരിത്രഗ്രന്ഥങ്ങളിൽ നിന്നാണ് (Cross & Livingstone, 1974).

ഒരിക്കൽ, മക്കാറിയോസ് തന്നെ മാനഭംഗപ്പെടുത്തിയെന്ന് ഒരു ദുഷ്ടസ്ത്രീ ആവലാതിപ്പെടുകയും ജനങ്ങൾ അദ്ദേഹത്തെ തെരുവീഥിയിലൂടെ വലിച്ചിഴയ്ക്കുകയും ചെയ്തു (Moothedan, 2001). പ്രസവകാലമായപ്പോൾ യഥാർത്ഥ കുറ്റക്കാരന്റെ പേരു വെളിപ്പെടുത്താതെ ശിശു ജനിക്കുകയില്ലെന്ന് ദൈവം ആ സ്ത്രീയ്ക്ക് വെളിപാടു നൽകി. ഇതേ തുടർന്ന് ആ സ്ത്രീ കുറ്റവാളിയുടെ പേര് പറയുകയും ജനങ്ങൾ മക്കാറിയോസിനെ വാനോളം പുകഴ്ത്തുകയും ചെയ്തു.

ഏതാണ്ട് 30 വയസ്സ് പ്രായമായപ്പോൾ മക്കാറിയോസ് സ്കീറ്റിലെ (Scete or Skete, Wadi-el-Natrum) മരുഭൂമിയിലേയ്ക്ക് മാറി താമസിച്ചു. A.D. 340 ൽ പുരോഹിതനായി വാഴിക്കപ്പെട്ടു (Cayre, 1935; Britannica, 1988). പ്രവചനവരവും രോഗസൗഖ്യവരവും ഇദ്ദേഹത്തിനുണ്ടായിരുന്നു. ഇദ്ദേഹം സന്യാസപ്രസ്ഥാനത്തിന്റെ പാത്രിയർക്കീസെന്നറിയപ്പെട്ടു. ഈജിപ്റ്റിലെ അന്തോണിയോസിനെപ്പോലെ വിഖ്യാതനാണ് മക്കാറിയോസ്. മക്കാറിയോസ് അന്തോണിയോസിനെ പല തവണ സന്ദർശിച്ചിട്ടുണ്ട് (Cayre 1935; Britannica, 1988). ദക്ഷിണ ഈജിപ്റ്റിലെ സന്യാസികൾക്കിടയിൽ മക്കാറിയോസിനെക്കുറിച്ച് വലിയ മതിപ്പുണ്ടായിരുന്നു. ഏതാണ്ട് 60 വർഷത്തോളം ഒരു സന്യാസിയെന്ന നിലയിൽ ജീവിച്ചു.

അറിയോസിന്റെ വേദവിപരീതത്തിനെതിരായി പ്രവർത്തിച്ചതിനാൽ എ.ഡി. 374 ൽ അലക്സന്ത്രിയായിലെ ലുസിയസ് (Bishop Lucius of Alexandria) മെത്രാപ്പോലീത്ത മക്കാറിയോസിനെ നൈൽ നദിയിലെ ഒരു ദ്വീപിലേക്ക് നാടുകടത്തി. പിന്നീട് ഈജിപ്റ്റിലേയ്ക്ക് മടങ്ങിവന്ന് എ.ഡി. 390 ൽ കാലം ചെയ്യുന്നതുവരെ അവിടെ താമസിച്ചു.

സന്യാസികളായ ഇളയ സഹോദരങ്ങൾക്കുവേണ്ടി മക്കാറിയോസ് എഴുതിയ 'To the Friends of God' എന്ന കത്ത് ചരിത്രകാരന്മാർ പരാമർശിച്ചിട്ടുണ്ട്. ഇതുകൂടാതെ അൻപത് അദ്ധ്യാത്മിക പ്രഭാഷണങ്ങൾ (Fifty Spiritual homilies of St. Macarius, the Egyptian by A. J. Mason, 1921) എന്ന കൃതിയും പ്രസിദ്ധമാണ്. പരിശുദ്ധ മക്കാറിയോസിന്റെ ഓർമ്മപെരുന്നാൾ സുറിയാനിസഭ ജനുവരി 19, മെയ് 30 എന്നീ തീയതികളിൽ ആഘോഷിക്കുന്നു.

# മോർ ശാലീത്തൊ
# (A. D. 320? - 415?)

മോർ ശാലീത്തൊ (Shalito) ഈജിപ്റ്റിലെ പക്കോമിയോസിന്റെ ആശ്രമത്തിൽ സന്യാസിയായിരുന്നു. ഇദ്ദേഹം വിശുദ്ധന്മാരുടെ ജീവ ചരിത്രം, പഴയനിയമം, പുതിയനിയമം എന്നിവ പാരായണം ചെയ്യു ന്നതിൽ അതീവ തൽപരനായിരുന്നു. താഴ്മയിലും, ഗാനങ്ങൾ ആല പിക്കുന്നതിലും നല്ല മാതൃകയായിരുന്നു. ഏതാണ്ട് അഞ്ചുവർഷം ആശ്രമത്തിന്റെ ഭരണചുമതല മോർ ശാലീത്തൊ നിർവഹിച്ചു.

ഒരിക്കൽ അശുദ്ധാത്മാവു ബാധിച്ച ഒരാൾ ശാലീത്തൊയുടെ മദ്ധ്യസ്ഥപ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു. മോർ ശാലീത്തൊ യുടെ പ്രവർത്തനങ്ങൾ മറ്റു സന്യാസികളിൽ അസൂയ ഉളവാക്കി. തന്മൂലം ശാലീത്തൊ പക്കോമിയോസിന്റെ ആശ്രമം വിട്ട് മറ്റൊരു ആശ്രമത്തിൽ ഏതാണ്ട് 10 വർഷം താമസിച്ചു. മലകളിൽ താമസി ച്ചിരുന്ന സന്യാസികളെപ്പോലെയാണ് ശാലീത്തൊ അവിടെ ജീവി ച്ചിരുന്നത്.

സാത്താന്റെ പല പരീക്ഷണങ്ങളും മോർ ശാലീത്തൊ പ്രാർത്ഥ നയാലും പരിശുദ്ധാത്മാവിന്റെ ശക്തിയാലും അതിജീവിച്ചു. മോർ ശാലിത്തൊ അറിയോസിന്റെ വേദവിപരീതത്തെ ശക്തിയായി എതിർത്തു. അറിയോസിന്റെ തെറ്റിനെ മോർ ശാലീത്തൊ ഒരു ദർശനത്തിലൂടെ തിരിച്ചറിഞ്ഞു. ആ ദർശനം ഇപ്രകാരമായിരുന്നു. “അറിയോസിന്റെ വേദവിപരീതം അന്ധകാരമാണ്; എന്നാൽ സഭ യുടെ സത്യവിശ്വാസം (Orthodoxy of the Church) എന്ന പ്രകാശം

അതിനെ മായിച്ചുകളയും. കർത്താവായ യേശുമശിഹാ വേദവിപ രീതത്തെ കീഴ്പ്പെടുത്തും. അഗ്നിയിൽ കടലാസെന്നപോലെ അതു നശിപ്പിക്കപ്പെടും. സത്യവിശാസം വഞ്ചനകളെയും വേദവിപരീത ത്തെയും കീഴ്പ്പെടുത്തും."

മേൽപറഞ്ഞ ദർശനത്തിനു ശേഷം മോർ ശാലീത്തൊ തന്റെ സഹോദരന്മരോടുകൂടെ താമസിക്കുന്നതിനായി പോയി. മോർ ഔഗേനെ സംബന്ധിച്ചും മോർ ശാലീത്തൊ ഒരു ദീർഘദർശനം പറഞ്ഞു: "നമുക്ക് ഒരു വലിയ അടയാളം ലഭിക്കും. അതെന്തെ ന്നാൽ, പരിശുദ്ധ അപ്പോസ്തോലന്മാരെപ്പോലെ പരിശുദ്ധാത്മാവു നിറഞ്ഞ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട ഒരു മനുഷ്യൻ. ഇദ്ദേഹം നമ്മുടെ നേതാവായിരിക്കും. നിങ്ങൾ ക്രിസ്തുവിന്റെ അടുക്കൽ അപ്പോസ്തോലന്മാരെപ്പോലെയാകും. നിങ്ങൾ കിഴക്കോട്ട് സഞ്ച രിച്ച് കർത്താവിന്റെ സുവിശേഷം പ്രചരിപ്പിക്കും. മനുഷ്യ ഹൃദയ ങ്ങളാകുന്ന വയലിൽ നിങ്ങൾ സുവിശേഷം വിതയ്ക്കും. നിങ്ങൾ പോയി അറിയോസിന്റെ തെറ്റിനെ തിരുത്തും."

കുറച്ചുനാൾ കഴിഞ്ഞപ്പോൾ മോർ ഔഗേൻ, മോർ ശാലീത്തൊ യോടും അവന്റെ സഹോദരന്മാരോടും ചേർന്നു. മോർ ശാലീത്തൊ യുടെ പ്രവചനം സാക്ഷാത്കരിക്കപ്പെട്ടു. അവർ സത്യവിശ്വാസം പ്രചരിപ്പിച്ച് കർത്താവായ യേശുമിശിഹായുടെ മുന്തിരിത്തോപ്പിൽ വേല ചെയ്തു. അവർ മോർ ഔഗേന്റെ നേതൃത്വത്തിൽ മെസൊ പ്പൊട്ട്യോമ്യയിലെ നിസിബിൻ എന്ന പട്ടണത്തിലേയ്ക്ക് പോയി.

മൂന്നു വർഷങ്ങൾക്കുശേഷം ഷാർഒട്ടോ (Shar'oto) എന്ന ഗ്രാമ ത്തിൽ പ്ലേഗ് ബാധയുണ്ടായി. ഓരോ ദിവസവും ധാരാളം ആളു കൾ മരിച്ചുകൊണ്ടിരിന്നു. മോർ ഔഗേൻ 'മരണത്തിന്റെ ദൂതൻ നീങ്ങിപ്പോകേണ്ടതിന്' മോർ ശാലീത്തോയോട് പ്രർത്ഥിക്കുന്നതിന് ആവശ്യപ്പെട്ടു. 1203 പേരുടെ മരണത്തിനിടയാക്കിയ ബാധ അവരെ ഒഴിഞ്ഞുപോയി. തുടർന്ന് മോർ ഔഗേനും മോർ ശാലീത്തൊയും ഇസ്ല (Izla) മലയിലേക്കു പോയി.

ഒരു രാത്രി ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ ഒരു പാമ്പ്

ശാലീത്തൊയെ കടിച്ചു. ശാലീത്തൊ ആ പാമ്പിനെ കൊന്നിട്ട് ഇപ്ര കാരം പറഞ്ഞു: “ഓ സർപ്പമേ! കർത്താവ് ഞങ്ങൾക്ക് തേളിന്റെയും പാമ്പിന്റെയും മുകളിൽ നടക്കുന്നതിനും എല്ലാ ദുഷ്ടാത്മക്കളേയും പുറത്താക്കുന്നതിനും അധികാരം തന്നിട്ടുണ്ട് എന്ന് നിനക്കറിഞ്ഞു കൂടയോ? നിന്റെ ഒരു ദുഷ്പ്രവൃത്തിയും സാധ്യമാകയില്ല.” മോർ ശാലീത്തോയ്ക്ക് പാമ്പിന്റെ കടിയേറ്റെങ്കിലും വിഷമേൽക്കുകയു ണ്ടായില്ല.

നിസിബിനിലെ മോർ യാക്കോബ് (d. A. D. 338) മെത്രാപ്പോലീ ത്തയാകുന്നതിനു മുമ്പ് മോർ ഔഗേനോടും മോർ ശാലീത്തൊ യോടുംകൂടെ കുർദു (Quardu) മലയിലെ ബോറ്റാൻ (Botan) പ്രദേ ശങ്ങളിലേക്ക് പോയി. അവർ ജാതികളുടെ ഒരു ക്ഷേത്രം (Zorababel) സ്ഥിതി ചെയ്തിരുന്ന സാരിക്ലോ  (Zariklo) എന്ന സ്ഥലത്ത് ഒരു പള്ളി  പണികഴിപ്പിച്ചു.

മറ്റൊരവസരത്തിൽ ഈ മൂന്നു വിശുദ്ധർ ഒരു മലയുടെ അടി വാരത്തിൽ വിശ്രമിക്കുമ്പോൾ ഒരു  വ്യാളി (ചിറകുള്ള ഒരു ഉഗ്ര സർപ്പം) ഒരു പൈതലിനെ ഉപദ്രവിക്കുന്നതായിക്കണ്ടു. ആ വ്യാളി ആ പൈതലിനെ കൊന്നു. മോർ ശാലീത്തൊ ആ പൈതലിനെ ജീവിപ്പിക്കുകയും ഗ്രാമവാസികൾ ഏറെ സന്തോഷിക്കുകയും മൂന്നു ദിവസത്തേയ്ക്ക് ആഘോഷങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

മോർ ശാലീത്തൊ ഇസ്ല മലയിലേയ്ക്ക് മടങ്ങിപ്പോയി. തുടർന്ന് ഒരു സുവിശേഷ യാത്രയ്ക്കായി ഇസ്ല മലയിലെ ദയറായിൽ നിന്നു പുറപ്പെട്ടു ബെത്ത് സബദായ് (Beth Zabady) ക്കടുത്തുള്ള സോബൊ മലയിലേക്ക് പോയി. അദ്ദേഹം അപ്പോസ്തോലനായ പത്രോസിനെ പോലെ ടൈഗ്രീസ് നദിയിലൂടെ നടന്ന് അക്കര കടന്നു. സോബോ മലയിൽ ശക്തമായ മഞ്ഞുവീഴ്ചയും ദുഷ്കരമായ കാലാവസ്ഥയും മൂലം കുറെ മാസങ്ങൾ സൂര്യനെയോ ചന്ദ്രനെയോ കാണാൻ കഴി ഞ്ഞിരുന്നില്ല. ഒടുവിൽ അദ്ദേഹം മാറാനശാഫ് (Maranashaf) എന്ന ഗ്രാമത്തിലേയ്ക്ക് പോയി. ആ ഗ്രാമത്തിൽ ദുഷ്ടാത്മാക്കളെ ഓടി ച്ചുകളഞ്ഞു. മോർ ശാലീത്തോ കുർദുകളെ ക്രസ്ത്യാനികളാക്കി.

ഫർസൂൻ (Farzoon) എന്ന ഗ്രാമത്തിൽ അദ്ദേഹം ഒരാളെ ഉയർപ്പിച്ചു (Arslan, 2005).

മോർ ശാലീത്തൊ അനേകരെ മാമോദീസ മുക്കി. യാത്ര ചെയ്ത് മൊയ്‌ലോ (Moelo) എന്ന ഗ്രാമത്തിലെത്തിയപ്പോൾ മോർ ഔഗേൻ കാലം ചെയ്തു എന്നറിഞ്ഞു. മോർ ശാലീത്തൊ 95-ാമത്തെ വയസ്സിൽ കാലം ചെയ്തു. അദ്ദേഹത്തിന്റെ തിരുശേഷിപ്പുകളുടെ മുകളിലായി ഒരു ദയറ പണിതു. ആ ദയറ മോർ ശാലീത്തോയുടെ ദയറ എന്നറിയപ്പെടുന്നു. ഓർമ്മപ്പെരുന്നാൾ സുറിയാനി സഭ നവംബർ 15-ാം തീയതി ആഘോഷിക്കുന്നു. (Translated from *Saints Syriaques* by Rev. Dn. John Anderson, student at St. Ephrem's Seminary, Ma'arat Saidnaya, Syria).

# രക്തസാക്ഷിണിയായ ഫെബ്രോണിയ
## (A. D. 284? - 304?)

റോമൻ ചക്രവർത്തിയായ ഡയോക്ലീഷ്യന്റെ (A. D. 284 - A. D. 305) പീഡനത്തിൽ നിണസാക്ഷിയായ ഒരു വിശുദ്ധയാണ് ഫെബ്രോണിയ (Febronia). ഫെബ്രോണിയയോടൊന്നിച്ച് സന്യാസിനിയായിരുന്ന തോമായിസിൽ (Thomais, in Syriac Thaumasia) നിന്നാണ് ഫെബ്രോണിയയുടെ ചരിത്രം ലഭ്യമായത്. ഈ വിശുദ്ധ നിസിബിസിലെ ഫെബ്രോണിയ (Febronia of Nisbis) എന്നും സെബപ്റ്റിലെ ഫെബ്രോണിയ (Febronia of Sebapte) എന്നും അറിയപ്പെടുന്നു.

ഫെബ്രോണിയ മെസപ്പൊട്ടേമ്യയിലെ ഔറിയാന ( Ouryana) എന്ന സ്ഥലത്ത് എ.ഡി. 284 നോടടുത്ത് ജനിച്ചു. രണ്ടു വയസ്സു മുതൽ ഫെബ്രോണിയ അവളുടെ പിതാവിന്റെ സഹോദരിയായ ബ്രയിൻ (Bryene) എന്ന സന്യാസിനിയോടുകൂടെ സിവപോലീസിലെ (Sivapolis, Assyria region) ആശ്രമത്തിലാണ് വളർന്നത്. ഈ സന്യാസ ആശ്രമത്തിൽ 50 സന്യാസിനികൾ താമസിച്ചിരുന്നു. ആശ്രമത്തിലെ സന്യാസിനികൾ എന്നും സന്ധ്യയ്ക്ക് ഒരു നേരം മാത്രം ആഹാരം കഴിച്ചിരുന്നു. ഫെബ്രോണിയ അതീവസുന്ദരി ആയതിനാൽ ഒന്നിടവിട്ട ദിവസങ്ങളിൽ മാത്രം ഭക്ഷണം കഴിക്കുന്നതിനാണ് മഠാധിപതിയായ ബ്രയീൻ നിർദ്ദേശിച്ചത്.

ഫെബ്രോണിയയുടെ പ്രാർത്ഥന, ജ്ഞാനം, സൗമ്യത, താഴ്മ, സൗന്ദര്യം ഇവയെല്ലാം ഏവരെയും ആകർഷിച്ചിരുന്നു. ഫെബ്രോ

ണിയ ഒരു പുരുഷനെ കാണുകയൊ, ഒരു പുരുഷൻ ഫെബ്രോണി യയെ കാണുകയോ ഉണ്ടായിട്ടില്ല (Harvey, 1990). ഒരിക്കൽ സെനറ്റ റുടെ വിധവയായ ഹീറിയ (Hieria) ഫെബ്രോണിയയെ സന്ദർശി ക്കുന്നതിനായി ആശ്രമത്തിൽ വന്നു. വിഗ്രഹാരാധന ഉപേക്ഷിച്ച് ക്രിസ്തുമാർഗ്ഗം സ്വീകരിക്കുന്നതിനാണ് ഹീറിയ ആഗ്രഹിച്ചത്. എന്നാൽ മഠാധിപതിയായ ബ്രയീൻ പറഞ്ഞു: "അൽമായ സ്ത്രീക ളുമായി ഫെബ്രോണിയ ഇടപഴകുന്നതിന് ഞാൻ അനുവദിക്കാറി ല്ല. എന്നാൽ നിന്റെ ആകാംക്ഷയും, കണ്ണുനീരും, ദൈവത്തോടുള്ള അഭിവാഞ്ഛയും പരിഗണിച്ച് സന്യാസവസ്ത്രം ധരിച്ചുകൊണ്ട് ഫെബ്രോണിയയെ കാണാൻ അനുവദിക്കാം." അതിനു സമ്മതി ച്ചതനുസരിച്ച് ബ്രയീൻ ഫെബ്രോണിയയെ ഹീറിയയ്ക്ക് പരിചയ പ്പെടുത്തി. ഉടനെ ഫെബ്രോണിയ (മറ്റെവിടെ നിന്നോ വന്ന കന്യാ സ്ത്രീയാണെന്ന് ചിന്തിച്ച് അന്നത്തെ രീതിയനുസരിച്ച്) ഹീറിയ യുടെ കാൽക്കൽ വീണു.

ഫെബ്രോണിയ ഹീറിയയെ വിശുദ്ധ ഗ്രന്ഥത്തിലെ ചില ഭാഗ ങ്ങൾ വായിച്ച് കേൾപ്പിച്ചു. രാത്രി മുഴുവനും അവർ രണ്ടുപേരും വിശുദ്ധ ഗ്രന്ഥവായനയിൽ മുഴുകി. പ്രഭാതത്തിൽ ഹീറിയ വിതു മ്പുന്ന മനസ്സോടെ ആശ്രമത്തിൽ നിന്ന് തിരിച്ചുപോയി. ഫെബ്രോ ണിയ തോമായിസിനോട് ചോദിച്ചു: "ദൈവവചനം മുമ്പൊരിക്കലും കേട്ടിട്ടില്ലാത്ത അപരിചിതയായ ആ സഹോദരി ആരാണ്?" പിന്നീ ടൊരിക്കൽ ഫെബ്രോണിയ രോഗിയായിരുന്നപ്പോൾ ഹീറിയ ഫെബ്രോണിയയെ രോഗം മാറുന്നതുവരെ ശുശ്രൂഷിച്ചു. ഏറ്റവും ഒടുവിൽ ഫെബ്രോണിയയുടെ രക്തസാക്ഷി മരണത്തിലും ഹീറിയ സാക്ഷിയായിരുന്നു.

ആ നാളുകളിൽ സെലിനോസ്, ലിസിമാക്കോസ്, പ്രീമസ് എന്നീ പട്ടാളമേധാവികൾ ഡയോക്ലിഷൻ ചക്രവർത്തിയുടെ നിർദ്ദേശപ്ര കാരം നിസിബിസ് പട്ടണത്തിലെത്തി. ചക്രവർത്തിയുടെ വിളംബരം അനുസരിച്ച് ക്രിസ്ത്യാനികൾ വിഗ്രഹങ്ങൾക്ക് ബലി അർപ്പിക്ക ണമെന്നും അല്ലാത്തവർ നിഷ്കരുണം വധിക്കപ്പെടും എന്നും മന സ്സിലാക്കി, ക്രിസ്ത്യാനികളും ആശ്രമത്തിലെ സന്യാസികളും ഓടി

ഒളിക്കുന്നതിന് ധൃതിപ്പെടുന്നതു കണ്ട് ഫെബ്രോണിയ പറഞ്ഞു: “ദൈവഹിതം നിറവേറട്ടെ ഞാൻ എന്നെത്തന്നെ ദൈവത്തിന് സമർപ്പിച്ചിരിക്കുകയാണ്.”

ഫെബ്രോണിയയുടെ കൂടെ വളർന്ന പ്രോക്ല (Prokla) ഫെബ്രോണിയയെ ആലിംഗനം ചെയതുകൊണ്ട് പറഞ്ഞു: “വിട പറയുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കണം.” ഫെബ്രോണിയ ഉത്തരമായിട്ട്: “പ്രോക്ല, ദൈവത്തെ ഭയപ്പെടണം എന്നെ വിട്ട് പോകരുത്; എനിക്കു സുഖമില്ലെന്ന് അറിയാമല്ലോ? ഞാൻ മരിച്ചാൽ എന്റെ മൃതശരീരം കല്ലറവരെ എത്തിക്കുന്നതിന് ബ്രയീനും, തോമായീസിനും കഴിയില്ലല്ലോ? അതിനാൽ സഹായത്തിന് നീ കൂടെ ഉണ്ടാവണം.” ഇതൊന്നും ഗൗനിക്കാതെ പ്രോക്ല അവിടം വിട്ടുപോയി.

ആശ്രമത്തിലെ അന്തേവാസികളെല്ലാം ആശ്രമം വിട്ടുപോയി. ആശ്രമം ശൂന്യമായി കണ്ടതിനാൽ ബ്രയീൻ പ്രാർത്ഥനാമുറിയിൽ കയറി വ്യാകുലപ്പെടുവാൻ തുടങ്ങി. തോമായീസ് അടുത്തിരുന്ന് ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു: “ദൈവം ഈ പീഢയിൽനിന്നും പ്രലോഭനങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിന് ഒരു മാർഗ്ഗം കാണിച്ചുതരും. ദൈവത്തിൽ ആശ്രയിച്ചിട്ടുള്ളവരിൽ ആര് വേദനിച്ചിട്ടുണ്ട്? അവനെ സേവിച്ചവരെ അവൻ ഉപേക്ഷിച്ചിട്ടില്ലല്ലോ?” ബ്രയിൻ പറഞ്ഞു: “തോമായീസ് പറയുന്നത് ശരിതന്നെ. പക്ഷെ, ഫെബ്രോണിയയെ ഞാൻ എന്തു ചെയ്യും? അവളെ സുരക്ഷിതമായി എവിടെ ഒളിപ്പിക്കും? കാട്ടാളന്മാർ അവളെ ബന്ധിയാക്കുന്നത് ഞാൻ എങ്ങനെ കണ്ടു നിൽക്കും?” തോമായീസ് മറുപടിയായിട്ട് പറഞ്ഞു: “ഞാൻ പറഞ്ഞത് നീ മറന്നു പോയോ? മരിച്ചവരെ ജീവിപ്പിക്കുന്നവൻ ഫെബ്രോണിയയെ ശക്തീകരിച്ച് രക്ഷിക്കും”.

ഫെബ്രോണിയയുടെ കിടക്കയ്ക്കരുകിൽ ചെന്നപ്പോൾ ബ്രയീൻ കൂടുതൽ ദു:ഖപരവശയായി. ഫെബ്രോണിയ പറഞ്ഞു: “നിങ്ങൾ എനിക്ക് വേണ്ടി പ്രാർത്ഥിക്കണം.” തോമായീസ് പറഞ്ഞു: “പീഢകർ വൃദ്ധരായ ഞങ്ങളെ രണ്ടുപേരെയും കൊല്ലും, നിന്നെ അവർ മോഹിപ്പിച്ച് വശത്താക്കും. നീ ആ പ്രലോഭനങ്ങളിൽ വീണുപോക

രുത്. നിന്റെ ആത്മീയജീവിതത്തിലെ കഴിഞ്ഞുപോയ നാളുകൾ വ്യഥാവായി പോകരുത്. നിന്റെ മുൻപ് പോയ പോരാട്ടക്കാരെയും, അവർ സ്വീകരിച്ച രക്തസാക്ഷി മരണവും വിജയകിരീടവും നീ ഓർത്തുകൊള്ളണം."

അടുത്ത പ്രഭാതത്തിൽ വലിയ ആർപ്പുവിളി കേട്ടു. സെലിനോസും, ലിസിമാക്കോസും പട്ടണം കീഴടക്കിയിരിക്കുന്നു. പട്ടാളക്കാർ ധാരാളം ക്രിസ്ത്യാനികളെ പിടിച്ച് തടവിലാക്കി. വിഗ്രഹാരാധനക്കാരായ ചിലർ, സന്യാസികൾ താമസിക്കുന്ന ആശ്രമത്തെക്കുറിച്ച് വിവരമറിയിച്ചു. ഉടനെ പട്ടാളക്കാർ അവിടെയെത്തി. അവർ ബ്രയീനെ പിടിച്ച് വാളുകൊണ്ട് വെട്ടാനൊരുങ്ങി. ഫെബ്രോണിയ പട്ടാളക്കാരന്റെ കാൽക്കൽ വീണ് ഇപ്രകാരം പറഞ്ഞു: "സ്വർഗ്ഗത്തിലെ ദൈവത്തെ ഓർത്ത് നിങ്ങൾ എന്നെ ആദ്യം കൊല്ലണം. എനിക്ക് എന്റെ യജമാനത്തിയുടെ മരണം കാണണ്ട."

ആ സമയം പടനായകനായ പ്രിമസ് അവിടെയെത്തി. പട്ടാളക്കാരെ പുറത്താക്കി. അദ്ദേഹം ചോദിച്ചു: "മറ്റു സന്യാസികളെവിടെ"? നിങ്ങൾക്കും രക്ഷപെടാമായിരുന്നില്ലേ? പ്രിമസ് ലിസിമാക്കോസിനെ വിവരം ധരിപ്പിച്ചു. "അവിടുത്തെ സന്യാസിനികളെല്ലാം ഒളിച്ചോടിപ്പോയി. വൃദ്ധരായ രണ്ടു സന്യാസിനികളും ഒരു യൗവനയുക്തയായ സ്ത്രീയും മാത്രമാണവിടെയുള്ളത്. അവൾ ദരിദ്രയും അസന്തുഷ്ടയുമല്ലായിരുന്നെങ്കിൽ നിനക്കു ഭാര്യയാക്കാമായിരുന്നു". ലിസിമാക്കോസ് പറഞ്ഞു: "ദൈവത്തെപ്രതി കന്യകാവ്യതം സ്വീകരിച്ചവളെ ഞാൻ ഒരിക്കലും ഉപദ്രവിക്കുകയില്ല". (ലിസിമാക്കോസ് ക്രിസ്ത്യാനികളോട് സഹാനുഭൂതിയുള്ളവനായിരുന്നു. കാരണം, അദ്ദേഹത്തിന്റെ മാതാവ് ക്രിസ്ത്യാനിയായിരുന്നു).

ഈ വിവരങ്ങൾ മറ്റൊരു പടയാളി സെലിനോസിനെ അറിയിച്ചു. സെലിനോസ് പടയാളികളെ അയച്ച് ഫെബ്രോണിയയെ ആശ്രമത്തിന് പുറത്തേക്ക് വലിച്ചിഴച്ചു. ബ്രയീനും തോമായീസും പടയാളികളോട് ഫെബ്രോണിയയുമായി സംസാരിക്കുന്നതിന് അൽപം

സമയം ആവശ്യപ്പെട്ടു. പിന്നീട് ഫെബ്രോണിയയെ അനുഗമിക്കുന്നതിന് അനുവദിക്കണമെന്ന് അപേക്ഷിച്ചു. പടയാളികൾ പറഞ്ഞു: "ഫെബ്രോണിയയെ മാത്രം കൊണ്ടുവരുന്നതിനാണ് ആവശ്യപ്പെട്ടിരിക്കുന്നത്." ബ്രയീൻ ഫെബ്രോണിയയെ ധൈര്യപ്പെടുത്തി. "സ്വർഗ്ഗത്തിലെ ദൈവം നിന്റെ പോരാട്ടം കാണുന്നുണ്ട്. മാലാഖമാർ നിനക്ക് കിരീടവുമായി കാത്തുനിൽക്കുന്നു. ഫെബ്രോണിയ രക്തസാക്ഷികളുടെ കൂടെ എണ്ണപ്പെട്ടു എന്ന വാർത്ത കേൾക്കുന്നതിന് എനിക്ക് ഇടവരട്ടെ." ബ്രയീൻ പ്രാർത്ഥിച്ച് ഫെബ്രോണിയയെ യാത്രയാക്കി. തോമായീസ് അൽമായ വസ്ത്രം ധരിച്ച് ഫെബ്രോണിയയുടെ പോരാട്ടം കാണുന്നതിനായി പോയി.

സെലിനോസ് ഫെബ്രോണിയയെ പ്രലോഭിപ്പിച്ച് ലിസിമാക്കോസിനെ വിവാഹം കഴിക്കുന്നതിന് നിർബന്ധിച്ചു. ആ ഭീഷണികൾകൊണ്ടും പ്രലോഭനങ്ങൾകൊണ്ടും പ്രയോജനമുണ്ടായില്ലെന്നു മാത്രമല്ല ഫെബ്രോണിയ അവയ്ക്കെല്ലാം ശക്തിയുക്തം മറുപടി പറഞ്ഞു. ഉടനെ സെലിനോസിന്റെ ആജ്ഞപ്രകാരം അവളുടെ വസ്ത്രം കീറി അവളെ നഗ്നയാക്കി കഠിന പീഢകൾക്കു വിധേയയാക്കി. ചക്രമുപയോഗിച്ച് ഞെരുക്കി, ഇരുമ്പു ചീപ്പുകൾകൊണ്ട് ശരീരം ചീകി, നാവു മുറിച്ചു. പല്ലുകൾ അടിച്ചുതകർത്തു. പിന്നീട് അംഗങ്ങൾ ഓരോന്നായി ഛേദിച്ചു. ഈ പീഢകൾ കണ്ടുകൊണ്ടു നിന്ന ഹീറിയ അലറിവിളിച്ചുകൊണ്ട് പറഞ്ഞു: "ഈ ക്രൂരതയ്ക്ക് പാവം ഫെബ്രോണിയയെ വിധേയാക്കിയിട്ടും നിനക്ക് തൃപ്തിയായില്ലേ?" ഉടനെ ഹീറിയയെയും പിടിച്ചുകെട്ടിക്കൊണ്ട് വരുന്നതിന് ഉത്തരവായി എന്നാൽ പരസ്യമായി ഉപദ്രവിച്ചില്ല. ഏറ്റവും ഒടുവിൽ ഫെബ്രോണിയയുടെ ശിരസ്സ് ഛേദിച്ചു.

ലിസിമാക്കോസ് അതീവ ദു:ഖിതനായി. ഫെബ്രോണിയയുടെ ശരീരത്തിന് കാവൽ ഏർപ്പെടുത്തി, ഏറെ താമസിയാതെ സെലിനോസ് അപമൃത്യു വരിച്ചു. ലിസിമാക്കോസ് ആശ്ചര്യത്തോടെ പറഞ്ഞു: "ഫെബ്രോണിയയുടെ ദൈവം മഹാനാണ്". ഫെബ്രോണിയയുടെ കബറടക്കത്തിനുള്ള ഒരുക്കങ്ങൾക്ക് ലിസിമാക്കോസ്

നേതൃത്വം നൽകി. ഫെബ്രോണിയയുടെ ഭൗതികശരീരം ആശ്രമത്തിലെത്തിച്ചു കബറടക്കി. ലിസിമാക്കോസും പ്രിമസും ക്രിസ്തുമതം സ്വീകരിച്ച് മാമോദീസായേറ്റു.

ആറു വർഷങ്ങൾക്കുശേഷം നിസിബിസിലെ മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം പ്രത്യേകം തയ്യാറാക്കിയ മറ്റൊരു സ്ഥലത്തേയ്ക്ക് ഫെബ്രോണിയയുടെ തിരുശേഷിപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഭൗതികശരീരം അടങ്ങിയ പേടകം തുറന്നപ്പോൾ ഭൂമികുലുക്കം ഉണ്ടായതിനാൽ ഫെബ്രോണിയയുടെ ഒരു പല്ല് മാത്രം എടുത്ത് പുതിയൊരു സ്ഥലത്ത് സ്ഥാപിക്കുകയുണ്ടായി (Brock & Harvey, 1998). ഫെബ്രോണിയയുടെ രക്തസാക്ഷിമരണം എ. ഡി. 304 ൽ ആണെന്ന് കരുതപ്പെടുന്നു (Aphrem I, 2000).

എ.ഡി. 363 ൽ ഫെബ്രോണിയയുടെ തിരുശേഷിപ്പുകൾ കുസ്തന്തീനോസ് പോലീസിലേയ്ക്ക് കൊണ്ടുപോയി. ഫെബ്രോണിയ അഭയപ്പെടുന്നവർക്ക് ദൈവത്തിൽ നിന്ന് അനുഗ്രഹത്തിനുള്ള മദ്ധ്യസ്ഥയായിത്തീർന്നിരിക്കുന്നു. വിശുദ്ധ ഫെബ്രോണിയയുടെ ഓർമ്മ സുറിയാനിസഭ ജൂൺ 25 -ാം തീയ്യതി ആഘോഷിക്കുന്നു.

# അന്ത്യോഖ്യായിലെ വിശുദ്ധ മറീന
## (A. D. - 304?)

ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ (A. D. 284 - 305) പീഢയിൽ രക്തസാക്ഷിയായി തീർന്ന വിശുദ്ധയാണ് മറീന (Marina or Margaret). ഒറന്തോസ് നദിയുടെയും അന്ത്യോഖ്യയുടെയും അതിർത്തിയിലുള്ള പിസിദിയ (Pisidia) എന്ന സ്ഥലത്ത് മറീന ജനിച്ചു. മറീനയ്ക്ക് 5 വയസ്സായപ്പോൾ മാതാവ് നിര്യാതയായി. വിഗ്രഹാരാധക്കാരനായ പിതാവായ ഡസിയസ് (Dasius) മകളെ സംരക്ഷിക്കുന്നതിനായി ഒരു സ്ത്രീയെ ഏല്പിച്ചുവെന്നും ക്രിസ്ത്യാനിയായതിനാൽ പിതാവിന്റെ ഭവനത്തിൽനിന്ന് പുറത്താക്കിയെന്നും പറയപ്പെടുന്നു (White, 1991). ഈ സ്ത്രീ നീതിയുള്ളവളും നിർമ്മല മാർഗ്ഗത്തിൽ സഞ്ചരിക്കുന്നവളും ആയിരുന്നു. ആയതിനാൽ മറീന സൽസ്വഭാവത്തിൽ വളർന്നു.

രക്തസാക്ഷികളുടെ ജീവചരിത്രവും, അവരുടെ ആഴമായ വിശ്വാസവും, രാജാക്കന്മാരുടെയും ഭരണകർത്താക്കളുടെയും കഠിനമായ പീഢകളുമെല്ലാം മറീന കേൾക്കുകയും വിശുദ്ധയായി തീരണമെന്ന അതിയായ ആഗ്രഹം വെച്ചു പുലർത്തുകയും ചെയ്തു. ഒരു ദിവസം മറീനയും അവളുടെ വളർത്തമ്മയും കൂടി പുറത്തുപോയ സന്ദർഭത്തിൽ ക്രിസ്ത്യാനികളെ പിടിച്ചുകൊണ്ടുവരുന്നതിനും പീഢിപ്പിക്കുന്നതിനുമായി നിയോഗിക്കപ്പെട്ട അലുഫാർനസ് (Alupharnus) അയച്ച പടയാളികൾ ഇവരെ പിടിക്കുന്നതിനായി വന്നു. മറീന ഇപ്രകാരം പ്രാർത്ഥിച്ചു: "എന്റെ രക്ഷിതാവെ! എന്റെമേൽ കരുണയുണ്ടാകണമെ. ദൈവദൂഷണക്കാരുടെ കൈകളിൽ എന്റെ ആത്മാ

വിനെ നശിപ്പിക്കരുതെ. നിർഭയത്തോടെ സത്യവിശ്വാസത്തിൽ നില നില്ക്കുന്നതിന് നിന്റെ കൃപ എന്റെമേൽ അയയ്ക്കണമെ. വേട്ട ക്കാരന്റെ കയ്യിൽ നിന്നു പക്ഷിയെന്നപോലെയും, മീൻപിടുത്തക്കാ രുടെ വലയിൽനിന്ന് മത്സ്യം എന്നപോലെയും എന്നെ വിടുവിച്ച് ആ ദൈവദൂഷണക്കാരനോട് ഞാൻ ഉത്തരം പറയുവാൻ ശക്തീക രിക്കണമെ." പടയാളികൾ ഈ വിവരങ്ങൾ ഭരണാധിപനെ അറി യിച്ചു.

മറീന ആകാശത്തെയും ഭൂമിയേയും സൃഷ്ടിച്ച കർത്താവിന്റെ നാമത്തിൽ ഏറെ നേരം അലുഫാർനസുമായി വാദപ്രതിവാദം ചെയ്തു. മറീനയെ വിവാഹം കഴിക്കാമെന്നും രാജ്ഞിയാക്കാമെന്നും പറഞ്ഞ് പ്രലോഭിപ്പിച്ചു. ഒടുവിൽ കഠിനപീഢനങ്ങൾക്കു വിധേയ യാക്കുമെന്നു ഭയപ്പെടുത്തി. മറീന ഉത്തരമായിട്ട്: "കാരുണ്യവാനായ ദൈവം എന്നെ ശക്തീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. നിനക്ക് ശരീരത്തിന്മേൽ മാത്രമാണധികാരമുള്ളത്. എന്റെ ആത്മാവിന്മേൽ നിനക്കധികാരമില്ല. ഞാൻ ബുദ്ധിമതികളായ കന്യകമാരോടു ചേരും. അവരുടെ ആശ്വാസത്തിലും എനിക്കു ഓഹരിയുണ്ടാകും".

തുടർന്ന് മറീന കഠിന ദണ്ഡനങ്ങൾക്ക് വിധേയയാക്കപ്പെട്ടു. മറീന ഇപ്രകാരം പ്രാത്ഥിച്ചു: "എന്റെ ദൈവമെ! നിന്നെ കാത്തിരി ക്കുന്നവരാരും ലജ്ജിതരാകയില്ലല്ലോ. നിന്റെ വഴി എനിക്കു കാണിച്ചു തരണമെ. നിന്റെ സത്യത്തിൽ എന്നെ നടത്തണമെ. നിന്റെ നാമത്തെ ഞാൻ ഏറ്റു പറയുന്നു. നിന്റെ കരുണ എന്റെമേൽ വർഷി ക്കണമെ." പടയാളികൾ മറീനയുടെ ശരീരത്തിൽ ചൂടാക്കിയ കമ്പി കൾകൊണ്ട് ചീകി. മറീന പ്രാർത്ഥിച്ചു. "ദൈവമെ! നീ എന്നിൽ നിന്ന് അകന്നിരിക്കരുതെ. എന്റെ ബലവമായവനെ! ശക്തനായ നായയുടെ കയ്യിൽനിന്ന് എന്റെ ജീവനെ വിടുവിക്കണമെ."

ഭരണാധിപൻ മറീനയെ തടവിലാക്കുന്നതിന് ഉത്തരവായി. രാത്രി യിൽ മറീന പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അവളുടെമേൽ വലിയ പ്രകാശം ഉദിച്ചു. തുടർന്ന് എല്ലാ മുറിവുകളും സൗഖ്യമായി. രാവിലെ മറീനയെ കണ്ടപ്പോൾ ഭരണാധിപൻ അതിശയിച്ചു. പിന്നീട് മറീ

നയെ ഒരു തൂണിൽകെട്ടി അഗ്നിയിൽ ദഹിപ്പിക്കുന്നതിനുത്തരവായി. പടയാളികൾ അപ്രകാരം ചെയ്തപ്പോൾ മറീന വീണ്ടും പ്രാർത്ഥിച്ചു. തുടർന്ന് ഭൂമികുലുക്കം ഉണ്ടായി. "നീ ഭാഗ്യവതിയാണ്, കന്യാത്വത്തിന്റെ കിരീടത്തിന് നീ അർഹയാകുന്നു" എന്ന ശബ്ദമുണ്ടായി. അതിന് സാക്ഷികളായ പലരും വിശ്വാസം ഏറ്റുപറഞ്ഞു. അവരെയെല്ലാം ശിരഛേദനം ചെയ്തു. അവരും രക്തസാക്ഷികളായി തീർന്നു.

മറീനയുടെ സാന്നിധ്യം ഭരണാധിപന്റെ ദൈവങ്ങൾക്കും വിഗ്രഹങ്ങൾക്കും ഭീഷണിയാണെന്നറിഞ്ഞ് മറീനയെ പട്ടണത്തിനു പുറത്തേക്കു കൊണ്ടു പോയി. ഒടുവിൽ മറീന എല്ലാ വിഷമഘട്ടത്തിലൂടെ കടന്നു പോകുന്നവർക്കു വേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. മറീനയെ ശിരഛേദനം ചെയ്തു. ഇത് ഡിസംബർ 2-ാം തീയതിയാണെന്ന് കരുതപ്പെടുന്നു. സുറിയാനി സഭ മറീനയുടെ ഓർമ്മ ജൂൺ 20-ാം തീയതി ആഘോഷിക്കുന്നു. മറീനയുടെ ഓർമ്മ ഡിസംബർ 2-ാം തീയതി ആചരിക്കുന്നവരുമുണ്ട്.

# വിശുദ്ധ മൽക്കെ
## (A. D. 222 - 315)

ഈജിപ്റ്റിലെ ക്വൽസ്മൊ (Qulezmo) എന്ന പട്ടണത്തിൽ ധനികനായ യൂഹാനോന്റെയും റഫ്ക്കയുടെയും മകനായി A. D. 222 ൽ മൽക്കെ ജനിച്ചു. റഫ്ക്ക, വിശുദ്ധ ഔഗേന്റെ സഹോദരിയാണ്.

യൂഹാനോനും റഫ്ക്കയ്ക്കും ദീർഘകാലമായി മക്കളില്ലായിരുന്നു. ദൈവം നൽകിയ ആദ്യത്തെ മകളായിരുന്നു ശുഫ്നി (Shufny). മൂന്നു വർഷത്തിനുശേഷം ദൈവം നൽകിയ മകനാണ് മൽക്കെ (Malke). ശുഫ്നിക്ക് സംസാരശേഷിയില്ലായിരുന്നു. സഹോദരന് പേരിടാൻ മാതാപിതാക്കന്മാർ ആവശ്യപ്പെട്ടപ്പോഴാണ് ശുഫ്നി മൽക്കെ എന്ന പേർ ഉച്ചരിച്ചത്.

മൽക്കെക്ക് 5 വയസ്സായപ്പോൾ ശമുവേൽ എന്ന അദ്ധ്യാപകന്റെ അടുക്കൽ വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾ പഠിച്ചു. മൽക്കെ സമർത്ഥനായ വിദ്യാർത്ഥിയായിരുന്നു. പതിനാറു വയസ്സായപ്പോൾ മൽക്കെ സന്യാസിയാകാൻ ആഗ്രഹം പ്രകടിപ്പിച്ചു. മാതാപിതാക്കന്മാർ വിവാഹം കഴിപ്പിക്കാനാഗ്രഹിച്ചെങ്കിലും മൽക്കെ സ്നേഹിതനായ ഏലിശയോടുകൂടെ A. D. 245 ൽ ഇസ്ലൊ (Mt. Izlo) മലയിലേക്ക് പോയി.

ഇസ്ലൊ മലയിൽ അമ്മാവനായ ഔഗേന്റെ ദയറായിൽ മൽക്കെ താമസമാക്കി. അവിടെ മൽക്കെയും ഏലിശയും നാലുവർഷം താമസിച്ചു. തുടർന്ന് യെരുശലേമിലേക്ക് തീർത്ഥയാത്ര നടത്തിയശേഷം വീണ്ടും മൂന്നു വർഷങ്ങൾ ഈജിപ്റ്റിൽ താമസിച്ചു. പിന്നീട് നിസി

ബിനിലേക്ക് പോകുകയും നിസിബിനിലെ മോർ യാക്കോബ് (d. A. D. 338) പുരോഹിതരായി പട്ടം കെട്ടുകയും ചെയ്തു. (Roberts & Donalson, 1956).

ഏതാനും വർഷങ്ങൾക്കുശേഷം മൽക്കെ ഏകാന്തവാസത്തിനായി ടർക്കിയിലെ അർക്കാഹ് (Arkah) എന്ന് ഗ്രാമത്തിലേക്ക് പോയി. ഒരു ദിവസം കളിച്ചുകൊണ്ടിരുന്ന കുട്ടികളിൽ ഒരാൾ അത്തി വൃക്ഷത്തിൽ കയറി അതിന്റെ ചുവട്ടിൽ കണ്ട ഒരു അശുദ്ധാത്മാവിനെ (Astrasis) കണ്ടു ഭയന്നു. മൽക്കെ പ്രാർത്ഥിച്ചപ്പോൾ ആ അശുദ്ധാത്മാവ് ഓടിമറഞ്ഞു. ആ അശുദ്ധാത്മാവിനെ ഓടിച്ചു കളഞ്ഞ സ്ഥലത്ത് വിശുദ്ധ മൽക്കെ ഒരു ദയറ സ്ഥാപിച്ചു. അർക്കാഹ് ഗ്രാമത്തിലെ ആളുകൾ കൂട്ടംകൂട്ടമായി വന്ന് ആ ദയറായുടെ പണിയിൽ സഹിയിച്ചു. കുസ്തന്തീനോസ് ചക്രവർത്തിയുടെ രോഗം വിശുദ്ധ മൽക്കെയുടെ മദ്ധ്യസ്ഥപ്രാർത്ഥനയാൽ സൗഖ്യമായി.

മൽക്കെ തന്റെ മരണം അടുത്തു എന്നറിഞ്ഞു ഇപ്രകാരം അനുഗ്രഹിച്ചു: "എന്റെ വാത്സല്യമുള്ളവരെ, എപ്പോഴും ദയ കാണിക്കുവിൻ, പ്രാർത്ഥനയ്ക്കും ഉപവാസത്തിനും നിങ്ങളെ തന്നെ സമർപ്പിക്കുവിൻ. നിങ്ങളുടെ ജീവിതകാലമെല്ലാം സത്യം, സ്നേഹം, സമാധാനം എന്നിവകൊണ്ട് അലംകൃതമായിരിക്കട്ടെ. നന്മകൊണ്ട് തിന്മയെ എതിർക്കുവിൻ." A. D. 315 ഏപ്രിൽ 14-ാം തീയതി വ്യാഴാഴ്ച 93-ാമത്തെ വയസ്സിൽ വിശുദ്ധ മൽക്കെ കാലം ചെയ്തു. ഈ വിശുദ്ധന്റെ ഓർമ്മ സുറിയാനിസഭ ഏപ്രിൽ 21-ാം തീയതി ആഘോഷിക്കുന്നു (www.soc-wus.org).

# മോർ ഗ്രിഗോറിയോസ് ദോദൊ
## (A. D. 530 - 609)

ദോദൊ ഇറാക്കിലെ സിദോസ് (Sidos) ഗ്രാമത്തിൽ ജനിച്ചു. ദോദൊയുടെ പിതാവിന്റെ പേര് സൈമൺ എന്നും മാതാവിന്റെ പേര് ഹെലൻ എന്നുമായിരുന്നു. മാതാപിതാക്കൾ ധനികരും വിശ്വാസ സ്ഥിരതയ്ക്ക് പേരുകേട്ടവരുമായിരുന്നു. അവർക്ക് മക്കളില്ലായിരുന്നു.

അവരുടെ വിശ്വാസത്താൽ നയിക്കപ്പെട്ട് മാതാപിതാക്കൾ ഇറാനിലെ തബ്രിസ് (Tabriz) മലയിലുള്ള ഒരു സന്യാസ ആശ്രമത്തിലേയ്ക്ക് പോയി. ആ ആശ്രമത്തിലെ സന്യാസിയായ മോർ ദാവിദിനോടുകൂടെ അവർ രാപകൽ പ്രാർത്ഥന കഴിച്ചു പോന്നു. പ്രാർത്ഥനയുടെ ഫലമായി അവർക്ക് A. D. 530 ൽ ജനിച്ച മകനാണ് ദോദൊ.

ദോദൊയുടെ മാമോദീസ മോർ ദാവിദ് നിർവ്വഹിച്ചു. അവർ മകനോടൊന്നിച്ച് സിദോസ് ഗ്രാമത്തിൽ തിരിച്ചെത്തിയപ്പോൾ ഗ്രാമവാസികൾ ക്രിസ്തീയ പാരമ്പര്യമനുസരിച്ച് വിളിച്ച പേരാണ് ദോദൊ. ദോദൊ സിദോസ് ഗ്രാമത്തിലെ വിദ്യാലയത്തിൽ പഠിച്ചു. ദോദൊ സൽസ്വഭാവിയും സമർത്ഥനുമായ ഒരു വിദ്യാർത്ഥിയായിരുന്നു.

ദോദൊയ്ക്ക് യൗവ്വനപ്രായമായപ്പോൾ മാതാപിതാക്കൾ അവനെ വിവാഹം കഴിപ്പിക്കുന്നതിനാഗ്രഹിച്ചു. ദോദൊ അതിനു സമ്മതിച്ചില്ല. അവന്റെ മുഴുവൻ ഹൃദയവും യേശുക്രിസ്തുവിനു കൊടുക്കുന്നതിന് തീരുമാനിച്ചു. എല്ലായ്പ്പോഴും വിശുദ്ധ ഗ്രന്ഥം

കൈയ്യിൽ കൊണ്ടു നടക്കുകയും അത് വായിക്കുകയും ധ്യാനിക്കുകയും ചെയ്തിരുന്നു.

ദോദൊയുടെ മാതാപിതാക്കൾ നിര്യാതരായശേഷം ദോദൊ ആർജിച്ചിരുന്ന മുഴുവൻ സമ്പത്തും ദരിദ്രർക്കായി ഭാഗിച്ചു കൊടുത്തു. "നീ പൂർണ്ണനാകുവാൻ ആഗ്രഹിക്കുന്നെങ്കിൽ നിന്റെ വസ്തുവകകൾ ദരിദ്രർക്കു കൊടുക്കുക. നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും. നീ എന്റെ പിന്നാലെ വരികയും ചെയ്യുക" (മത്തായി 19:21).

ദോദൊ ദാവീദിന്റെ സന്യാസ ആശ്രമത്തിലേയ്ക്കു പോയി. കഠിനമായ താപസ നിഷ്ഠകൾ ദോദൊ അനുകരിച്ചു. എല്ലാ സുകൃതങ്ങളും അനുസരിച്ച് ജീവിക്കുന്നതിനും ദൈവത്തെ ശുശ്രൂഷിക്കുന്നതിനും ദോദൊ ആഗ്രഹിച്ചു. തബ്രിസ് മലയിൽ ദോദൊ 12 വർഷത്തോളം ഏകാന്തവാസിയായി ജീവിച്ചു. ഒരിക്കൽ ആശ്രമാധിപൻ ഒരു ദർശനം കണ്ടു. അതിൽ ദോദൊ അപകടത്തിലാണെന്നറിഞ്ഞതിനാൽ അടുത്ത ദിവസം പ്രഭാതത്തിൽ ദോദൊയെ അന്വേഷിച്ചിറങ്ങി. കഠിനരോഗം ബാധിച്ചിരുന്ന ദോദൊയെ അവർ ആശ്രമത്തിലേക്കു കൊണ്ടുവന്നു.

ദോദൊ സുഖം പ്രാപിച്ച ശേഷം വിശുദ്ധനാട് സന്ദർശിക്കുന്നതിനാഗ്രഹിച്ചു. വിശുദ്ധ നാട്ടിൽ പോയി മടങ്ങുമ്പോൾ അസാക്കിന് (Azakh) 7 കിലോമീറ്റർ തെക്കുകിഴക്കുള്ള ഒരു ഗ്രാമത്തിലേക്കു പോയി. അസാക്ക് കൊള്ളക്കാർ അധിവസിക്കുന്ന ഒരു സ്ഥലമായിരുന്നു. ദോദൊ അവന്റെ അമ്മാവനെയും 40 സന്യാസികളെയും സന്ദർശിച്ച് അവിടെ താമസിച്ചു. എല്ലാവരുടെയും പരിശ്രമഫലമായി അവിടെ ഒരു ദൈവാലയം പണിതു. ആ ഗ്രാമം താമസിക്കുന്നതിന് ഏറ്റവും മനോഹരമായി തീർന്നു.

തിഗ്രിസിലെ മെത്രാപ്പോലീത്ത A. D. 589 ൽ കാലം ചെയ്തു. പരിശുദ്ധ പാത്രിയർക്കീസ് പത്രോസ് മൂന്നാമൻ (A. D. 581 - 591) ബാവ ദോദൊയെ അദ്ദേഹത്തിന്റെ പിൻഗാമിയായി തെരഞ്ഞെടുത്തു. ആദ്യം ഒഴിഞ്ഞുമാറാൻ ശമിച്ചെങ്കിലും പിന്നീട് ആ സ്ഥാനം

സ്വീകരിച്ച് മോർ ഗ്രിഗോറിയോസ് എന്ന പേരിൽ വാഴിക്കപ്പെട്ടു. മെത്രാപ്പോലീത്തയായശേഷം 1300 പുരോഹിതന്മാരെയും 1700 ശെമ്മാശന്മാരെയും വാഴിച്ചു. മോർ ഗ്രിഗോറിയോസ് ദോദൊ A. D. 609 ൽ കാലം ചെയ്തു. ഇദ്ദേഹത്തിന്റെ കബറടക്ക ശുശ്രൂഷയിൽ (തെഗ്രിസ് കത്തീഡ്രലിൽ) 1800 പുരോഹിതന്മാരും വലിയ ഒരു കൂട്ടം വിശ്വാസികളും സംബന്ധിച്ചു.

A. D. 629 ൽ മോർ ദോദൊയുടെ ഒരു ചാർച്ചക്കാരനായ മോർ ഇസഹാക്ക് മോർ ദോദൊയുടെ തിരുശേഷിപ്പുകൾ തെഗ്രീസിൽ നിന്ന് തുർഅബ്ദിനിലേക്കു കൊണ്ടുപോകുകയും ബാസബ്രിനിൽ (Basibrin, Turkey) അടക്കം ചെയ്യുകയും ചെയ്തു. മോർ ദോദൊയുടെ കബറിനുമുകളിൽ ഒരു പള്ളി പണിതു. മോർ ദോദൊയുടെ ഓർമ്മ സുറിയാനി സഭ മെയ് 20-ാം തീയതി ആഘോഷിക്കുന്നു.

# അന്ത്യോഖ്യാ പാത്രിയർക്കീസായ സെറാപ്പിയോൺ
## ( ? - A. D. 211)

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിലെ 9-ാമത്തെ പാത്രിയർക്കീസായിരുന്നു വിശുദ്ധ സെറാപ്പിയോൺ (Serapion). ഇദ്ദേഹത്തിന്റെ ദൈവശാസ്ത്രസംബന്ധമായ എഴുത്തുകളെ പ്രശംസിച്ചുകൊണ്ട് ജെറോം, കൈസര്യായിലെ യൂസേബിയോസ് എന്നിവർ എഴുതിയിട്ടുണ്ട്. ആ കാലഘട്ടത്തിലെ സുപ്രസിദ്ധ ദൈവശാസ്ത്ര ചിന്തകനായിരുന്നു സെറാപ്പിയോൺ.

സെറാപ്പിയോണിന്റെ മൂന്നു കൃതികളെപ്പറ്റി യൂസേബിയോസ് സഭാചരിത്രത്തിൽ പ്രതിപാദിക്കുന്നുണ്ട് (Wace & Piercy, 1999; Quasten, n.d.) - (1) മോണ്ടാനിസത്തിനെതിരായി കാരികസിനും (Caricus) പൊന്തിയൊസിനും (Pontius) അയച്ച സ്വകാര്യ കത്ത് (Montanism - an apocalyptic movement in the latter half of the 2nd century which proclaimed that the heavenly Jerusalam would soon descend near Pepuza in Phrygia (Cross & Livingstone, 1997)), (2) യഹൂദന്മാരുടെ "will-worship" നെതിരായി ഡൊമ്നിയസിന് (Domnius) അയച്ച കത്ത് (ഡൊമിനിയസ് പീഢയുടെ കാലഘട്ടത്തിൽ ക്രിസ്തുമതം ഉപേക്ഷിച്ചിരുന്നു), (3) പത്രോസിന്റേതെന്ന് തെറ്റായി പറയപ്പെട്ടിരുന്ന ഡോസെറ്റിക് സുവിശേഷത്തിനെതിരായി സിറിയയിലെ റോസ്സസിലുള്ള (Rhossus) വിശ്വാസികൾക്കുവേണ്ടി തയ്യാറാക്കിയ ലഘുലേഖ. Decetism which considered the humanity and sufferings of Christ as apparant rather than real. "If Christ suffered He was not God; if he was God he did not

suffer.” Docetists are mentioned in 1 John 4:2; 2 John 7- “denying that Christ has come in the flesh” (Malaty, 2005).

സെറാപ്പിയോൺ ഒസ്റോനിലെ (Osroene) ഗ്നോസ്റ്റിക് സ്വാധീനത്തെ എതിർക്കുകയും പാലറ്റിനെ (Palut) ഉറഹായിലെ മെത്രാപ്പോലീത്തയായി വാഴിക്കുകയും ചെയ്തു. Gnosticism - a teaching about the distinction between ‘creator god’ and the supreme remote and unknowable divine being (Cross &Livingstone, 1997).

മർദ്ദീനിലെ ദൊലബാനി മെത്രാപ്പോലീത്ത എഴുതിയ പാത്രിയർക്കീസ് ബാവാമാരുടെ ചരിത്രത്തിൽ പേർഷ്യയിലെ ക്രിസ്ത്യാനികൾ പ. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ഭരണത്തിൽ കീഴിലായിരുന്നുവെന്നും, റോമും പേർഷ്യയും തമ്മിലുണ്ടായിരുന്ന സ്പർദ്ധയും യാത്രാ ദൈർഘ്യവും പരിഗണിച്ചാണ് കാതോലിക്കാ സ്ഥാനിയെ അനുവദിച്ചതെന്നും, അത് ക്രമേണ സ്വാതന്ത്ര്യത്തിലേക്കും വേദവിപരീതത്തിനും കാരണമായി എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

# മോറാൻ മിലിത്തിയോസ് പാത്രിയർക്കീസ്
## (? - A. D. 381)

അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മോറാൻ മിലിത്തിയോസ് (Meletius of Antioch) സമ്പന്നരും ഉന്നതകുലജാതരുമായ മാതാപിതാക്കളുടെ മകനായി അർമേനിയ മൈനറിൽ (Lesser/minor Armenia) മെലിറ്റീൻ (Melitene) എന്ന സ്ഥലത്ത് ജനിച്ചു (Douglas, 1978).

കൈസര്യായിലെ അക്കാസിയൂസിന്റെ (Acacius) സ്നേഹിതനായ മോർ മിലിത്തിയോസ് സെബസ്തയിലെ മെത്രാപ്പോലീത്തയായിരുന്നു. പിന്നീട് അന്ത്യോഖ്യാ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു (A. D. 360).

സ്വർണ്ണനാവുകാരനെന്നറിയപ്പെട്ട മോർ ഈവാനിയോസിനെ (John Chrysostom, A. D. 347 - 407) ദൈവവേലയ്ക്കായി കണ്ടെത്തിയതും പഠിക്കുന്നതിനയച്ചതും A. D. 381 ൽ പൂർണ്ണ ശെമ്മാശനാക്കിയതും മോർ മിലിത്തിയോസ് പാത്രിയർക്കീസാണ് (Douglas, 1978).

യുഡോക്സിയസിനെ A. D. 360 ൽ കുസ്തന്തീനോസ് പോലീസിലേയ്ക്ക് മാറ്റിയ പശ്ചാത്തലത്തിൽ കലുഷിതമായ ഒരു അന്തരീക്ഷത്തിലാണ് മോർ മിലിത്തിയോസ് അന്ത്യോഖ്യാ യിലേയ്ക്ക് വരുന്നത്. യൂഡോക്സിയസ് അറിയോസിന്റെ (Arius) പക്ഷത്തും, സെബസ്തയിലെ മെത്രാപ്പോലീത്തയായ മോർ ഒസ്താത്തിയോസ് (d. 380?) മോർ പൗളിനോസ് (d. 380?) മോർ

അത്താനാസിയോസ് (d. 373?) എന്നിവർ മോർ മിലിത്തിയോസിന്റെ പക്ഷത്തും ഉറച്ചുനിന്നു. നിഖ്യാ വിശ്വാസ പ്രമാണത്തിലെ 'പുത്രന്റെ സാരാംശത്തെ സംബന്ധിക്കുന്ന' നിർവചനങ്ങളായിരുന്നു തർക്കവിഷയം. മോർ മിലിത്തിയോസ് ഇതു സംബന്ധിച്ച് പുത്രനും പിതാവും ഒരേ സത്തയിൽ നിന്നുള്ളതാണെന്ന് നിർവചിച്ചു. (Son of the same substance as the Father; Three persons are conceived in the mind, but we speak as if addressing one). മേൽ വിവരിച്ച മോർ മിലിത്തിയോസിന്റെ വിശദീകരണം വാക്കേറ്റങ്ങൾക്കും കൈയേറ്റങ്ങൾക്കും കാരണമായി (Smith & Wace, 1882).

ഈ സാഹചര്യത്തിൽ മോർ ബസ്സേലിയോസ് (A. D. 330 –379) മോർ മിലിത്തിയോസിന് നല്ല പിന്തുണ നൽകി (Cross & Livingstone, 1997). തുടർന്നുണ്ടായ ചേരിതിരിവുകൾ മോർ മിലിത്തിയോസിന്റെ നാടുകടത്തലിൽ കലാശിച്ചു. വാലൻസ് ചക്രവർത്തി മോർ മിലിത്തിയോസിനെ രണ്ടു തവണ (A. D. 365– 366, 371– 78) നാടു കടത്തുകയുണ്ടായി.

എ. ഡി. 361 നവംബറിൽ കോൺസ്റ്റാൻഷ്യസ് ചക്രവർത്തി നിര്യാതനാവുകയും ജൂലിയാൻ ചക്രവർത്തിയാവുകയും ചെയ്തപ്പോൾ മോർ മിലിത്തിയോസ് അന്ത്യോഖ്യയിലേയ്ക്ക് മടങ്ങിവന്നു. നിഖ്യാ വിശ്വാസപ്രമാണം സ്വീകരിച്ചവരെല്ലാം യോജിപ്പിലെത്തുകയും Arianism, Sabellianism, Macedonism എന്നീ വേദവിപരീതങ്ങളെ നിരാകരിക്കുകയും ചെയ്തു

തിയഡോഷ്യസ് ഒന്നാമൻ ചക്രവർത്തി മോർ മിലിത്തിയോസിനെ ഏറ്റവും ബഹുമാനപൂർവ്വം ആദരിച്ചു. കുസ്തന്തീനോസ് സുന്നഹദോസിൽ (എ. ഡി. 381) മോർ മിലിത്തിയോസ് അദ്ധ്യക്ഷനായിരുന്നു. സുന്നഹദോസ് നടന്നുകൊണ്ടിരുന്ന ഒരു ദിവസം മോർ മിലിത്തിയോസ് കാലം ചെയ്തു (Smith & Wace, 1882; Malaty, 2005). നിസയിലെ മോർ ഗ്രിഗോറിയോസ് (എ. ഡി. 335 – 394) ചെയ്ത ചരമ പ്രസംഗവും സ്വർണ്ണനാവുകാരനായ മോർ ഈവാനിയോസ് (എ. ഡി. 347 – 407) മോറാൻ മിലിത്തിയോസിനെ പ്രശം

സിച്ചെഴുതിയ എഴുത്തുകളും അദ്ദേഹത്തിന്റെ ജീവിത സുകൃതങ്ങൾ വെളിവാക്കുന്നവയാണ്.

മോറാൻ മിലിത്തിയോസിന്റെ ഭൗതികശരീരം ഭക്തിപൂർവ്വം അന്ത്യോഖ്യയിലേയ്ക്ക് കൊണ്ടുപോയി ബാബിലസിന്റെ (d. A. D. 250) കബറിനരികെ സംസ്കരിച്ചു. മോറാൻ മിലിത്തിയോസിന്റെ ഓർമ്മപെരുന്നാൾ ഫെബ്രുവരി 12-ാം തീയതി സുറിയാനി സഭ ആഘോഷിക്കുന്നു.

# അന്ത്യോഖ്യാ പാത്രിയർക്കീസായ ഫ്ളേവിയൻ ഒന്നാമൻ
## (A. D. 320?- 404)

ഫ്ളേവിയൻ ഉദ്ദേശം A. D. 320 ൽ അന്ത്യോഖ്യയിൽ ജനിച്ചു. ധനിക കുടുംബത്തിൽ ജാതനായ ഫ്ളേവിയന്റെ പിതാവ് ചെറിയ പ്രായത്തിൽതന്നെ നിര്യാതനായതിനാൽ മുഴുവൻ സ്വത്തിന്റെയും നടത്തിപ്പ് ഫ്ളേവിയനിൽ വന്നു ചേർന്നു. എങ്കിലും ലോകമോദത്തിലൊ മറ്റു തിന്മകളിലൊ ഉൾപ്പെടാനിടയായില്ല. അന്ത്യോഖ്യയിൽ തനിക്കുണ്ടായിരുന്ന കൊട്ടാരസദൃശ്യമായ വീട് രോഗികൾക്കും കഷ്ടപ്പെടുന്നവർക്കും അഭയസ്ഥാനമായിരുന്നു.

ഫ്ളേവിയൻ ഡിയോഡോറോസിനോടുകൂടെ (Diodorus, later bishop of Tarsus) കൂറെ നാളത്തേക്ക് ഏകാന്തവാസം അനുഷ്ഠിച്ചിട്ടുണ്ട്. ഫ്ളേവിയനും ഡിയോഡോറോസും അറിയോസിന്റെ വേദവിപരീതത്തെ ശക്തമായി എതിർത്തു. ഫ്ളേവിയന്റെയും ഡിയോഡോറോസിന്റെയും അനുയായികൾ രണ്ടു ഗണമായി രക്തസാക്ഷികളുടെ കബറിനുചുറ്റും ഒന്നിച്ചു കൂടുകയും ഇഗ്നാത്തിയോസ് ബാവ ആരംഭിച്ച രീതിയിൽ രണ്ടു ഗണമായി നിന്ന് ഗാനങ്ങൾ ആലപിക്കുന്ന രീതി (antiphonal singing) പുനരാരംഭിക്കുകയും ചെയ്തു (Wace & Piercy, 1999).

A. D. 361ൽ മോറാൻ മിലിത്തിയോസ് പാത്രിയർക്കീസാണ് ഫ്ളേവിയനെ കശീശ്ശ സ്ഥാനത്തേക്കുയർത്തിയത്. അറിയോസ് പക്ഷക്കാരനായ വാലൻസ് (Valens) ചക്രവർത്തി A. D. 370ൽ

അന്ത്യോഖ്യയിൽ താമസമാക്കി. A. D. 378ൽ വാലൻസ് മരിക്കുന്നതുവരെ സത്യവിശ്വാസികളെ പീഡിപ്പിച്ചുകൊണ്ടിരുന്നു.

A. D. 381 ൽ മോറാൻ മിലിത്തിയോസ് കാലം ചെയ്തപ്പോൾ ഫ്ളേവിയൻ അദ്ദേഹത്തിന്റെ പിൻഗാമിയായി. എന്നാൽ റോമിലെയും ഈജിപ്റ്റിലെയും ഭരണാധികാരികൾ ഫ്ളേവിയൻ പാത്രിയർക്കീസിനെ അംഗീകരിച്ചിരുന്നില്ല.

A. D. 398 ൽ സ്വർണ്ണനാവുകാരനായ ഈവാനിയോസ് (John Chrysostom) കുസ്തന്തീനോസ് പോലീസിലെ പാത്രിയർക്കീസായതിനു ശേഷമാണ് തിയോഡോഷ്യസ് ഒന്നാമൻ ചക്രവർത്തിയുടെയും സ്വാധീനത്താൽ ഫ്ളേവിയൻ പാത്രിയർക്കീസ് ബാവായ്ക്ക് സാർവ്വത്രിക അംഗീകാരം ലഭിച്ചത്.

26-ാമത്തെ പാത്രിയർക്കീസായിരുന്ന മോറാൻ ഫ്ളേവിയൻ (A. D. 381 - A. D. 404) ബാവായുടെ ഓർമ്മ സുറിയാനി സഭ നവംബർ 14-ാം തീയതി ആചരിക്കുന്നു. ഇദ്ദേഹത്തിന്റെ ഓർമ്മ സെപ്തംബർ 26/27 തീയതികളിലും ആചരിക്കുന്നവരുണ്ട്.

# അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ തെയോഫിലോസ്
## (A. D.? - 182 ?)

തെയോഫിലോസ് മെസൊപ്പൊട്ടോമ്യയിൽ ജനിച്ചു. ക്രിസ്ത്യാനികളുടെ വിശ്വാസം ചോദ്യം ചെയ്യുന്നതിനായി പ്രവചനപുസ്തകങ്ങൾ പഠിക്കുകയും അതു മുഖാന്തിരം ക്രിസ്ത്യാനിയാകുകയും ചെയ്തു.

തെയോഫിലോസ് സമർത്ഥനായ ഒരു ന്യായവാദകനായിരുന്നു (Apologist). ക്രിസ്തീയ വിശ്വാസം മറ്റു മതങ്ങളിൽ നിന്നും അനന്യമാണെന്ന് തെളിയിക്കുന്നതിനായി തെയോഫിലോസ് ഓട്ടോലിക്കസിനെഴുതിയ (Autolycus) വിശ്വാസപ്രതിപാദന വേദാന്തഭാഗം പ്രസിദ്ധമാണ് (Wace & Piercy, 1999; Douglas, 1978). ക്രിസ്തുമതത്തെ സംബന്ധിച്ച് (യഥാർത്ഥ സത്യാന്വേഷകനായ ഓട്ടോലിക്കസ് എന്ന അന്യമതത്തിലെ സുഹൃത്തിന്) പഴയനിയമത്തിലെ കാലാനുക്രമ ചരിത്രം (Chronological hostory) നിരത്തി വക്കുന്നതാണ് ഇതിലെ പ്രതിപാദ്യം. ശരീരം ധരിച്ച വചനം, ത്രിത്വം എന്നീ ആശയങ്ങൾ പ്രതിപാദിച്ചിരിക്കുന്ന ന്യായവാദം ശ്രദ്ധേയമാണ്.

മർക്കിയാന്റെ (Marcion) വേദവിപരീതത്തെ ചെറുക്കുന്നതിനും തന്റെ ജനത്തെ സത്യവിശ്വാസത്തിൽ നിലനിർത്തുന്നതിനും മോറാൻ തെയോഫിലോസ് അത്യദ്ധ്വാനം ചെയ്തു. മർക്കിയാൻ (A. D. 80 - 160) പഴയനിയമ പുസ്തകങ്ങളെ നിരാകരിച്ചിരുന്നു. പഴയനിയമ, പുതിയ നിയമ പുസ്തകങ്ങളിൽ പൊരുത്തക്കേടുണ്ടെന്ന്

മർക്കിയാൻ ആരോപിച്ചു. പൗലൂസ് മാത്രമാണ് യഥാർത്ഥ അപ്പോസ്തോലനെന്നും പന്ത്രണ്ടു ശ്ലീഹന്മാർ യഹൂദവൽക്കരിച്ച് തെറ്റിലേക്കു വീണ അപ്പോസ്തോലന്മാരാണെന്നും മർക്കിയാൻ വാദിച്ചു. മാത്രവുമല്ല, രണ്ട് ദൈവങ്ങളുണ്ട് - -(1) പഴയനിയമ ദൈവം — സൃഷ്ടാവും, നിയമത്തിന്റെയും നീതിയുടെയും (2) പുതിയനിയമ ദൈവം - യേശുക്രിസ്തുവിന്റെ പിതാവും, രക്ഷയുടെയും കൃപയുടെയും (Ferguson, Wright, & Packer, 1988; Douglas, 1978). ക്രിസ്തീയ സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ മോറാൻ തെയോഫിലോസ് സംഭാവനകൾ നൽകിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവയാണ് ന്യായശാസ്ത്രം, തർക്കശാസ്ത്രം, വേദവ്യാഖ്യാനശാസ്ത്രം എന്നിവ.

യൂസേബിയോസും ജറോമും മോറാൻ തെയോഫിലോസിന്റെ നിരവധി എഴുത്തുകളെപ്പറ്റി പരാമർശിക്കുന്നുണ്ട് (Wace & Piecy, 1999; Malaty, 2005). അവയിൽ പ്രധാനപ്പെട്ടതാണ് (1) ഓട്ടോലിക്കസിനെഴുതിയ ക്രിസ്തുവിശ്വാസത്തെ സാധൂകരിക്കുന്ന വേദാന്തഭാഗം (Apology), (2) ഹെർമോജനസിന്റെ (Hermogenes) വേദവിപരീതത്തിനെതിരായ എഴുത്ത്, (3) മർക്കിയോനെതിരായ എഴുത്ത്, (4) മത തത്ത്വങ്ങൾ പഠിപ്പിക്കുവാനുള്ള ചോദ്യോത്തര പാഠമാല (Catechetical writings).

ഏഴാമത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ തെയോഫിലോസിന്റെ (169 -182) ഓർമ്മ ഒക്ടോബർ 17-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ കുരിയാക്കോസ്
## (? - A. D. 817)

ഇറാക്കിലെ തിക്രിറ്റിൽ ജനിച്ച പരിശുദ്ധ കുരിയാക്കോസ് (Kyriakos/Cyriacus) പാത്രിയർക്കീസ് അന്ത്യോഖ്യായിലെ പിതാക്കന്മാരിൽ വിശ്രുതനാണ്. ഇദ്ദേഹം അൽ റാക്കയിലെ (al Raqqa) ദയറായിൽ വിദ്യ അഭ്യസിക്കുകയും ഒരു ദയറാക്കാരനാകുകയും ചെയ്തു. ഉത്തമ സന്യാസിയും, ദൈവശാസ്ത്രജ്ഞനുമായിരുന്ന ഇദ്ദേഹം A. D. 793 ൽ അന്ത്യോഖ്യാ പാത്രിയർക്കീസായി സ്ഥാനമേറ്റു (Aphrem I, 2000).

പരിശുദ്ധ കുരിയാക്കോസ് പാത്രിയർക്കീസ് കാനോൻ വിദഗ്ധനായിരുന്നു. ബാർ എബ്രായ ക്രമപ്പെടുത്തിയ (A. D. 1226 - 1286) ഹൂദായ കാനോൻ പരിശോധിച്ചാൽ പല കാനോനുകൾക്കുമുള്ള പരിശുദ്ധ കുരിയാക്കോസ് പാത്രിയർക്കീസിന്റെ വിശദീകരണങ്ങളും വിശകലനങ്ങളും ഗ്രഹിക്കാവുന്നതാണ്. നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടേണ്ടതാണെന്ന പ. കുരിയാക്കോസ് പാത്രിയർക്കീസിന്റെ നിശ്ചയദാർഢ്യവും കർക്കശനിലപാടുകളും ഏതാനും വൈദികരും അവൈദികരും എതിർക്കുകയും ലംഘിക്കുകയും ചെയ്തു.

പ. മീഖായേൽ റാബോ (A. D. 1126 – 1199) പാത്രിയർക്കീസ് ബാവായുടെ വാക്കുകളിൽ– – "പ. കുരിയാക്കോസ് പാത്രിയർക്കീസിന്റെ Divine Providence എന്ന കൃതി ബാവായുടെ വേദപുസ്തക സംബ

ന്ധവും സഭാപിതാക്കന്മാരുടെ എഴുത്തുകൾ സംബന്ധിച്ചുമുള്ള ആഴ മായ അറിവ് വ്യക്തമാക്കുന്നതാണ്. പ. കുരിയാക്കോസ് പാത്രിയർക്കീസ് ബാവ എഴുതിയ 72 കാനോനുകളും വൈദിസ്ഥാനികൾ പൗരോഹിത്യം സ്വീകരിക്കുന്നതിനു മുൻപ് സമർപ്പിക്കേണ്ട ഉടമ്പ ടിയും പ്രസിദ്ധമാണ്. പ. കുരിയാക്കോസ് പാത്രിയർക്കീസ് ബാവ, പ. സേവേറിയോസ് പാത്രീയർക്കീസ് ബാവായെ (A. D. 459 -538) പുകഴ്ത്തികൊണ്ടെഴുതിയ കൃതിയും, പുരോഹിതന്മാരുടെ ഓർമ്മ ആചരിക്കുന്ന ഞായറാഴ്ചയെ സംബന്ധിച്ചുള്ള കൃതിയും, Vineyard of the beloved എന്ന കൃതിയും എടുത്തുപറയത്തക്കതാണ്.

പ. കുരിയാക്കോസ് പാത്രിയർക്കീസ് ബാവ A. D. 797/98ൽ കെന്ന ശ്രീനിൽ കൂടിയ സുന്നഹദോസിൽ വച്ച് Phantasiast/Julianist (a Christian sect that denied the reality of Christ's body) വിശ്വാസികളെ രമ്യപ്പെ ടുത്തി സഭയിൽ ചേർക്കുന്നതിന് ശ്രമിച്ചെങ്കിലും വിജയിച്ചില്ല.

24 വർഷം പ. അന്ത്യോഖ്യാ സിംഹാസനത്തിൽ വാണരുളിയ (A. D. 793-817) പ. കുരിയാക്കോസ് പാത്രിയർക്കീസ് ബാവ 86 മേല്പ ട്ടക്കാര വാഴിച്ചു. (A. D. 817) ആഗസ്റ്റ് 16–ാം തീയതി പ. പിതാവ് മൂസലിൽ വച്ച് കാലം ചെയ്യുകയും തിക്രിറ്റിൽ കബറടക്കപ്പെടു കയും ചെയ്തു. ഇദ്ദേഹത്തിന്റെ ഓർമ്മ സുറിയാനി സഭ ഏപ്രിൽ 16–ാം തീയതി ആചരിക്കുന്നു.

# എഫേസൂസിലെ മോർ യൂഹാനോൻ
## (A. D. 507 - 587)

ആറാം നൂറ്റാണ്ടിലെ സുപ്രസിദ്ധ ചരിത്രകാരനും, സുവിശേഷ കനും, പരിശ്രമശാലിയുമായിരുന്നു മോർ യൂഹാനോൻ. മോർ യൂഹാ നോൻ A. D. 507 ൽ ആമീദ് (Amid) പ്രവശ്യയിലെ എഗൽ (Agel) എന്ന സ്ഥലത്ത് ജനിച്ചു. രണ്ടു വയസ്സ് പ്രായമുള്ളപ്പോൾ ഒരു കഠിന രോഗം ബാധിച്ച് മരിക്കാറായപ്പോൾ അറ റബ്ത്ത (Ara Rabta) ദയ റായിലെ മോർ മാറൂൻ (Marun) എന്ന തൂണിന്മേൽ താപസന്റെ മദ്ധ്യസ്ഥപ്രാർത്ഥനായാൽ സൗഖ്യം പ്രാപിച്ചു.

യൂഹാനോന് നാലു വയസ്സ് പ്രായമായപ്പോൾ മാറുന്റെ ദയറായിൽ അന്തേവാസിയായി. 15 വയസ്സുവരെ ആ ദയറായിൽ താമസിച്ചു. ഈ സമയത്ത് മാറൂൻ കാലം ചെയ്യുകയും യൂഹാനോൻ ആമീദിനു വടക്കുള്ള യൂഹനോൻ ഐബീരിയന്റെ (John, the Iberian) ദയറായിൽ ചേരുകയും ചെയ്തു. അവിടെ ദൈവശാസ്ത്രത്തിലും ആത്മീയ കാര്യങ്ങളിലും പരിശീലനം നേടി.

A. D. 529 ൽ റ്റെല്ലയിലെ മെത്രാപ്പോലിത്തയായ മോർ യൂഹാ നോൻ, യൂഹാനോനെ ശെമ്മാശനാക്കുകയും പിന്നീട് സന്യാസ വസ്ത്രം സ്വീകരിക്കുകയും ചെയ്തു (Aphrem I, 2000). സന്യാസി കൾ ആക്രമിക്കപ്പെട്ടപ്പോൾ എല്ലാവരും ചിതറിപ്പോയി. എങ്കിലും A. D. 530 ൽ അവർ ദയറായിലേക്ക് തിരികെ വന്നു. യൂഹാനോൻ പല ദയറാകളും സന്ദർശിക്കുകയും വിശുദ്ധ ജീവിതം നയിക്കുന്ന സന്യാ സിമാരുമായി സംവദിക്കുകയും അവരിൽ നിന്നും പഠിക്കുകയും

അവരുടെ ദിനവൃത്താന്തങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. A. D. 532 ൽ അന്ത്യോഖ്യായിലേക്കും, A. D. 534 ൽ ഈജിപ്തിലേക്കും, A. D 535 ൽ കുസ്തന്തിനോസ് പോലീസിലേക്കും യാത്രചെയ്തു. ആമീദിലെ എഫ്രേം, ക്രൂരനായ എബ്രഹാം ബർ കില്ലി എന്നിവരുടെ പീഢകളെ സംബന്ധിച്ച വിവരങ്ങൾ മറ്റുള്ളവരെ അറിയിച്ചു.

യൂഹാനോൻ ശെമ്മാശൻ (A. D. 540-541) കുസ്തന്തീനോസ് പോലീസ്, മെസപ്പൊട്ടോമിയ എന്നിവിടങ്ങളിലേക്ക് യാത്ര ചെയ്തു. ജസ്റ്റിനിയൻ ചക്രവർത്തിക്ക് യൂഹാനോനിൽ വളരെ വിശ്വാസമുണ്ടായിരുന്നു. അതുകൊണ്ട് വിഗ്രഹാരാധനക്കാരുടെ ഇടയിൽ പ്രസംഗിക്കുന്നതിന് ഏഷ്യാമൈനർ, കാരിയ, ഫ്രിജിയ, ലിദിയ എന്നീ സ്ഥലങ്ങളിലേക്ക ്അയക്കപ്പെട്ടു. A. D. 558 ൽ മോർ യാക്കോബ് ബുർദ്ദൊനൊ എഫേസോസിലെ മെത്രാപ്പോലീത്തയായി യൂഹാനോനെ വാഴിച്ചു (Cross & Living stone, 1974; Aphrem I, 2000). 29 വർഷത്തെ പ്രവർത്തനംകൊണ്ട് എൺപതിനായിരത്തോളം പേരെ മോർ യൂഹാനോൻ ക്രസ്ത്യാനികളാക്കി, 92 ദൈവാലയങ്ങൾ സ്ഥാപിച്ചു, 10 ദയറാകൾ ആരംഭിച്ചു. ഈ പ്രവർത്തനങ്ങളിൽ മോർ യൂഹാനോനെ സഹായിച്ചിരുന്ന ഡ്യൂട്രിയസിനെ കാരിയിലെ മെത്രാപ്പോലീത്തയായി വാഴിച്ചു.

A. D. 566 ൽ മോർ തിയോഡോഷ്യസ് കാലം ചെയ്തതിനെ തുടർന്ന് മോർ യൂഹാനോൻ കുസ്തന്തിനോസ് സഭയുടെ പ്രധാനിയായി. A. D. 571 ൽ ജസറ്റിൻ രണ്ടാമൻ സഭയെ പീഡിപ്പിക്കുന്നതിനാരംഭിച്ചു. തുടർന്ന് മോർ യൂഹാനോൻ തടവിലാക്കപ്പെടുകയും പിന്നീട് 40 മാസത്തോളം ഒരു ദ്വിപിലേക്ക് നാടുകടത്തപ്പെടുകയും ചെയ്തു. തടവിലാക്കപ്പെട്ടപ്പോൾ മോർ യൂഹാനോനോടു കൂടെയുണ്ടായിരുന്ന അഫ്രോദിസിയസിലെ പോൾ, സൈപ്രസിലെ മെത്രാപ്പോലീത്ത സ്റ്റീഫൻ, എലീശ എന്നിവരെ സംബന്ധിച്ചും തടവിലാക്കപ്പെട്ടപ്പോൾ അനുഭവിച്ച പീഡകളും ജയിലിലെ ക്ലേശങ്ങളും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട് (Wace & Piercy, 1999). പിന്നീട് രണ്ടു പ്രാവശ്യം കൂടി തടവിലാക്കപ്പെടുകയും നാടുകടത്തപ്പെടുകയും

ചെയ്തു. A. D. 587 ൽ കാലം ചെയ്തു.

മോർ യൂഹാനോൻ സഭാചരിത്രം മൂന്നു വാല്യങ്ങളിലായി എഴുതിയിട്ടുണ്ട്. ഈ ചരിത്രഗ്രന്ഥം പല ഭാഷകളിലും പ്രസിദ്ധീകരിച്ചിണ്ട്. ഇദ്ദേഹം എഴുതിയിട്ടുള്ള വിശുദ്ധന്മാരുടെ ജീവചരിത്രം (Lives of Eastern Saints, Translated by E.W. Brooks) 2003 ൽ പുന:പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പുസ്തകത്തിൽ സമകാലീനരായ 58 സന്യാസികളുടെ ജീവചരിത്രം ഉൾപ്പെടുത്തിയിട്ടുണ്ട്.

# ആലപ്പൊയിലെ മോർ അക്കാസിയൂസ്
## (A. D. 326? - 436?)

അക്കാസിയൂസ് (അക്കാചിയൂസ്) എന്ന പേരിൽ മൂന്നു സഭാപിതാക്കന്മാരെ സംബന്ധിച്ച് ചരിത്രത്തിൽ പരാമർശങ്ങളുണ്ട്. അവരിൽ സിറിയയിലുള്ള ബെറോയയിലെ (Beroea in Syria, the modern Aleppo) മെത്രാപ്പോലീത്തായുടെ ജീവചരിത്രമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

അക്കാസിയൂസ് സിറിയയിൽ ജനിച്ചു. യൗവ്വനത്തിൽത്തന്നെ അസ്റ്റീരിയസിന്റെ (Asterius) ഭരണത്തിലിരുന്ന അന്ത്യോഖ്യയിലെ സന്യാസ ആശ്രമത്തിൽ ചേർന്നു. അറിയോസിനെതിരായ പ്രവർത്തനത്തിൽ പ്രമുഖസ്ഥാനം വഹിച്ചിരുന്നു (Wace & Piercy, 1999). സന്യാസിയായ ജൂലീയാനസ് സബാസിനെ (Julianus Sabas, an anchorite whose cave was in Osrhoene) അന്ത്യോഖ്യയിലേയ്ക്ക് കൊണ്ടുവരുന്നതിനും ശരിയായ വിശ്വാസം പ്രചരിപ്പിക്കുന്നതിനും വളരെ ഉത്സാഹിച്ചു.

ബെറോയയിലെ മെത്രാപ്പോലീത്തയായി മോറാൻ മിലിത്തിയോസ് പാത്രിയർക്കീസ് എ.ഡി. 378 ൽ അക്കാസിയൂസിനെ വാഴിച്ചു. മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ട ശേഷവും അക്കാസിയൂസ് കഠിനമായ സന്യാസരീതികളിൽ മാറ്റം വരുത്തിയില്ല. ലളിതവും നിർമ്മലവുമായ അദ്ദേഹത്തിന്റെ ജീവിതം അനേകർക്ക് മാതൃകയായിരുന്നു. എ.ഡി. 381 ലെ കുസ്തന്തീനോസ് സുന്നഹദോസിൽ അക്കാസിയൂസ് പങ്കെടുത്തു.

എ.ഡി. 381 ൽ മോറാൻ മിലിത്തിയോസ് പാത്രിയർക്കീസ് (എ. ഡി. 360 - 381) കാലം ചെയ്തതിനെ തുടർന്ന് മോറാൻ ഫ്ളേവി യൻ അന്ത്യോഖ്യാ പാത്രിയർക്കീസായി വാഴിക്കപ്പെടുന്നതിന് അക്കാസിയൂസ് പ്രധാന പങ്കു വഹിച്ചു. അക്കാസിയൂസിന്റെ പ്രവർത്തനങ്ങൾ വഴിയായി അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മോറാൻ ഫ്ളേവിയന് (എ.ഡി. 381-404) റോം, അലക്സാന്ത്രിയ, ഈജിപ്റ്റ് എന്നീ സ്ഥലങ്ങളിലെ മെത്രാപ്പോലീത്തമാരുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിന് ഇടയായി.

ഒരു കാലത്ത് വിശുദ്ധ ജോൺ ക്രിസോസ്റ്റത്തിന്റെ (സ്വർണ്ണനാ വുകാരമായ മോർ ഈവാനിയോസ്, എ.ഡി. 347-407) ഉറ്റ സുഹൃ ത്തായിരുന്നു അക്കാസിയൂസ്. എന്നാൽ ഏതോ അജ്ഞാത കാര ണത്താൽ വിശുദ്ധ ഈവാനിയോസുമായി ശത്രുതയിലാകുകയും എ.ഡി. 403 ൽ മോർ ഈവാനിയോസ് നാടു കടത്തപ്പെടുകയും ചെയ്തു.

നെസ്തോർ വേദവിപരീതത്തിന്റെ (Nestorianism) കാലഘട്ട ത്തിൽ ഒരു സമാധാന പ്രിയനായാണ് അക്കാസിയൂസ് അറിയപ്പെ ട്ടത്. (Nestorius taught that the human and divine natures remained unaltered and distinct in their union within Jesus. Son of God, one person with two natures and St. Mary is the mother of Christ and not of God).

പ്രായാധിക്യത്താൽ അക്കാസിയൂസ് എ.ഡി. 431 ലെ എഫേ സോസ് സുന്നഹദോസിൽ പങ്കെടുത്തില്ല. എമേസയിലെ പൗലോ സാണ് അക്കാസിയൂസിനെ പ്രതിനിധീകരിച്ച് സുന്നഹദോസിൽ പങ്കെടുത്തത്. എ.ഡി. 432 ൽ അന്ത്യോഖ്യാ പാത്രിയർക്കിസായ മോറാൻ യൂഹാനോൻ (John 1, A.D. 428-442) വിളിച്ചു ചേർത്ത ആല പ്പോ സുന്നഹദോസിൽ സമാധാന ശ്രമങ്ങൾ ഫലം കണ്ടു.

മോർ അക്കാസിയൂസ് ഏതാണ്ട് 110 വയസ്സുള്ളപ്പോൾ എ. ഡി. 436ൽ കാലം ചെയ്തു. ഈ പിതാവിന്റെ ഓർമ്മ സുറിയാനി സഭ ജൂലൈ 20-ാം തീയതി ആഘോഷിക്കുന്നു.

# അറേബ്യനായ മോർ യൂഹാനോൻ
## (A. D. 391 - 486)

മോർ യൂഹാനോൻ കഷ്ക്കാർ (Kashkar) പ്രദേശത്തെ ഹിർത്ത (Hirtha) ഗ്രാമത്തിൽ ജനിച്ചു. ബുക്വില (Buquila) കുടുംബത്തിൽപ്പെട്ട പിതാവായ അബ്രഹാം ആ ദേശത്ത് അറിയപ്പെടുന്ന ഒരു വ്യക്തിയായിരുന്നു.

ഏഴ് വയസ്സായപ്പോൾ മോർ യൂഹാനോൻ വിദ്യാഭ്യാസം ആരംഭിച്ചു. ഏതാണ്ട് 15 വയസ്സുമുതൽ സന്യാസരീതികളിൽ തല്പരനായി. ഒരു രാത്രിയിൽ ഹിർത്തയിലെ ദൈവാലയത്തിൽ വച്ച് മോർ യൂഹാനോൻ ത്രൈശുദ്ധ കീർത്തനത്തെ (trisagion) സംബന്ധിച്ച് ഒരു ദർശനം കണ്ടു. അദ്ദേഹം ന്യായവിധിയിൽ പാപികൾക്കുള്ള ശിക്ഷയും നീതിമാന്മാരുടെ നാമങ്ങളും കണ്ടു. ഒരു മാലാഖ മോർ യൂഹാനോനോടു ചോദിച്ചു: "നിന്റെ നാമം എവിടെ വേണമെന്നാണ് ആഗ്രഹിക്കുന്നത്". യൂഹാനോൻ ഉത്തരം പറഞ്ഞു: "നീതിമാന്മാരോടു കൂടെ" മാലാഖ ഉത്തരമായിട്ടു പറഞ്ഞു: "നീ ഒരു സന്യാസിയാകണം." മോർ യൂഹാനോൻ അതെങ്ങനെ എന്നു ചോദിച്ചു. മാലാഖ പറഞ്ഞു: "രണ്ടു ദിവസം കഴിയുമ്പോൾ ഒരു കൂട്ടം വിശുദ്ധന്മാർ നിന്റെ വഴിയെ കടന്നു വരും. നീ അവരോടുകൂടെ ചേരണം." യൂഹാനോൻ ഈ ദർശനത്തെ സംബന്ധിച്ച് ഹിർത്തയിലെ മോർ കൂറീലോസ് മെത്രാപ്പോലീത്തായോടു പറഞ്ഞു. ആ ദർശനം ശരിയാണോ എന്നറിയുന്നതിന് രണ്ടു ദിവസം കാത്തിരിക്കുന്നതിന് മെത്രാപ്പോലീത്ത നിർദ്ദേശിച്ചു. ഇങ്ങനെ നിർദ്ദേശിച്ചിട്ട് മെത്രാപ്പോലീത്ത ദൈവാലയത്തിൽ പ്രാർത്ഥിക്കുന്നതിനായി പോയി.

മോർ കൂറീലോസ് മെത്രാപ്പോലീത്ത ദൈവാലയത്തിൽ പ്രാർത്ഥി ച്ചിരിക്കുമ്പോൾ കുരിശിൽ നിന്നൊരു പ്രകാശം ഉണ്ടായി. അദ്ദേഹം ഒരു ദർശനം കണ്ടു. ആ ദർശനത്തിൽ ഒരു വിളക്കും അതിൽ മോർ ഔഗേൻ ലോകത്തിലെ അന്ധകാരത്തെ നീക്കേണ്ട തിന് 72 ശിഷ്യന്മാരെ അയക്കുന്നതായി ഒരു അശരീരി കേട്ടു. അടുത്ത പ്രഭാതത്തിൽ മെത്രാപ്പോലീത്ത യൂഹാനോനെ വിളിച്ച് ഒരു രാത്രി കൂടി കാത്തിരിക്കുന്നതിന് ആവശ്യപ്പെട്ടു. ആ രാത്രി യിൽ മോർ യൂഹാനോൻ ഒരു ദർശനത്തിൽ വാർദ്ധക്യത്തിലെ ത്തിയ മൂന്നു വ്യക്തികളെ കണ്ടു. അതിൽ ഒരാൾ കൂടുതൽ പ്രകാ ശിതനായിരുന്നു. മോർ യൂഹാനോൻ സീനായ് മലയിലേക്കു പോക ണമെന്ന് ഒരു അരുളപ്പാട് കേട്ടു. അടുത്ത പ്രഭാതത്തിൽ മോർ യൂഹാ നോൻ ഈ ദർശനത്തെക്കുറിച്ച് മെത്രാപ്പോലീത്തയോട് പറഞ്ഞു. യൂഹാനോൻ മാതാപിതാക്കളെ ക്ഷണിച്ചു വരുത്തി ഈ കാര്യങ്ങൾ ഗ്രഹിപ്പിച്ചു. മാതാപിതാക്കൾ ആദ്യം സന്യാസിയാകുന്നതിനുള്ള തീരുമാനത്തിൽ ആകുലപ്പെട്ടെങ്കിലും പിന്നീട് ആ തീരുമാനം അംഗീകരിച്ചു.

മോർ യൂഹാനോൻ ഗ്രാമത്തിൽ നിന്ന് യാത്രചെയ്ത് ഹബക്കൂക്ക് പ്രവാചകനെപ്പോലെ സിംഗാർ (Singar) എന്ന സ്ഥലത്തെത്തി. ആ ഗ്രാമത്തലവൻ യൂഹാനോട് ചോദിച്ചു. "നീ ഇവിടെ വന്നിരിക്കുന്ന തെന്തിനാണ്." യൂഹാനോൻ മറുപടിയൊന്നും പറയാഞ്ഞതിനാൽ ബന്ധനത്തിലാക്കി. രാത്രിയിൽ ഒരു മാലാഖപ്രത്യക്ഷപ്പെട്ട് മോർ ഔഗേന്റെ വസതിയിൽ പോകുന്നതിനാവശ്യപ്പെട്ടു. രണ്ടു ദിവസ ത്തിനു ശേഷം (അവശനായി) യൂഹാനോൻ ഔഗേന്റെ ആശ്രമ ത്തിലെത്തി.

മോർ ഔഗേന്റെ ആശ്രമത്തിന്റെ തലവനായ പാലസ് (Pallus) സന്യാസി യൂഹാനോനോടു ചോദിച്ചു. "നീ എന്തിനാണിവിടെ വന്ന ത്? എവിടെ നിന്നാണ് വരുന്നത്?" ഉത്തരം പറയാൻ കഴിയാത്ത വിധം യൂഹാനോൻ ക്ഷീണിതനായിരുന്നു. പാലസ്, സന്യാസിയായ ആൻഡ്രൂസിന്റെ അടുക്കൽ ചെന്ന് കാര്യങ്ങൾ ഗ്രഹിപ്പിച്ചു. എന്നാൽ അദ്ദേഹം ദൈവാനുഗ്രഹത്താൽ ഈ കാര്യങ്ങളെല്ലാം നേരത്തെ

തന്നെ അറിഞ്ഞിരുന്നു. തുടർന്ന് യൂഹാനോനെ സന്യാസ വസ്ത്രങ്ങൾ ധരിപ്പിച്ചു. ദൈവാനുഗ്രഹം നിറഞ്ഞിരുന്ന യൂഹാനോൻ സന്യാസി മറ്റു സന്യാസികൾക്ക് ഒരു മാതൃകയായി തീർന്നു.

ഒരിക്കൽ വി. കുർബാനയ്ക്കുള്ള വീഞ്ഞ് തീർന്നതിൽ യൂഹാനോനെ വീഞ്ഞു വാങ്ങുന്നതിനായി മാറി (Marre) എന്ന ഗ്രാമത്തിലേക്കയച്ചു. ഗ്രാമത്തിലെത്തിയപ്പോൾ വീഞ്ഞു വാങ്ങുന്നതിനുള്ള പണം ഒരു ദരിദ്രനായ മനുഷ്യനു കൊടുത്തു. പണമില്ലാഞ്ഞതിനാൽ വീഞ്ഞു വാങ്ങുന്നതിനു പകരം പാത്രങ്ങളിൽ വെള്ളം നിറച്ചു മടങ്ങി പോന്നു. സംഭവിച്ച കാര്യങ്ങൾ ദയറാധിപനെ അറിയിച്ചു. എന്നാൽ പാത്രങ്ങളിൽ നിറച്ചു കൊണ്ടുവന്ന ജലം വീഞ്ഞായി തീർന്നു.

പിന്നീടൊരിക്കൽ മോർ യൂഹാനോൻ സഹോദരന്മാരോടുകൂടെ ധാന്യം വാങ്ങുന്നതിനായി മോർ ഔഗേന്റെ ദയറായുടെ താഴെയുള്ള ഒരു ഗ്രാമത്തിലേക്കു പോയി. മൂന്നു കൊള്ളക്കാർ അവരെ ആക്രമിച്ചു. യൂഹാനോനെ കയറുകൊണ്ട് ബന്ധിച്ചു. യൂഹാനോൻ തന്നോടു കരുണ കാണിക്കണമെന്നഭ്യർത്ഥിച്ചതനുസരിച്ച് വിട്ടയച്ചു. മോർ യൂഹാനോൻ, കൊള്ളക്കാർ അവരുടെ ദുർമാർഗ്ഗത്തിൽ നിന്ന് പിൻതിരിയുന്നതിനായി പ്രാർത്ഥിച്ചു. അവർ മാനസാന്തരപ്പെട്ട് സന്യാസിമാരായി തീർന്നു.

ഒരിക്കൽ റ്റമോനോൻ (Tamonon) എന്ന ഗ്രാമത്തിൽ പോയപ്പോൾ അവിടുത്തെ സന്യാസി യൂഹാനോനെ അവരോടു കൂടെ ചേരേണ്ടതിന് ക്ഷണിച്ചു. അവർ ടൈഗ്രിസ് നദിക്കരെ എത്തിയപ്പോൾ ഒരു പേർഷ്യൻ കപ്പൽ കണ്ടു. അവർ സന്യാസിമാരെ കപ്പലിൽ കയറ്റിയില്ലെന്നു മാത്രമല്ല അവരെ ഉപദ്രവിക്കുകയും ചെയ്തു. യൂഹാനോനും സഹോദരന്മാരും ടൈഗ്രിസ് നദിയിൽ വെള്ളത്തിൻ മുകളിലൂടെ നടന്നുപോയി.

ദയറായിൽ മടങ്ങിവന്നശേഷം ദയറാധിപനോട് അനുവാദം വാങ്ങി ദയറായുടെ കിഴക്കുമാറി ഏകാന്തവാസം ചെയ്തു. അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നത് യോഹന്നാന്റെ സുവിശേഷം

മാത്രമായിരുന്നു. അദ്ദേഹം ഞായറാഴ്ചകളിലും വിശുദ്ധന്മാരുടെ പെരുന്നാളുകളിലും വി. കുർബാനയിൽ സംബന്ധിക്കുന്നതിനായി ദയറായിൽ വരുമായിരുന്നു. ദയറാധിപന്റെ നിര്യാണത്തെ തുടർന്ന് മോർ യൂഹാനോൻ ദയറാധിപനായി.

ഒരു ദിവസം നിസിബിനിൽ നിന്ന് അശുദ്ധാത്മാവു ബാധിച്ച ഒരാളെ മോർ യൂഹാനോന്റെ അടുക്കൽ കൊണ്ടു വന്നു. അദ്ദേഹം ആ അശുദ്ധാത്മാവിനെ പുറത്താക്കി. മോർ യൂഹാനോന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ മക്കളില്ലാതിരുന്നവർക്ക് സന്താന സൗഭാഗ്യം ലഭിച്ചു, ചെടികൾ പുഷ്പിച്ചു, പേർഷ്യക്കാരും റോമാക്കാരും തമ്മിലുണ്ടായിരുന്ന യുദ്ധം അവസാനിച്ചു, മാറി ദേശത്ത് ബാധിച്ചിരുന്ന പ്ലേഗ് നീങ്ങിപ്പോയി.

ഒടുവിൽ ശെമവൂൻ (ഹൂസോയോ) സന്യാസിയോടു മോർ യൂഹാനോൻ പറഞ്ഞു. "എന്റെ മരണം അടുത്തിരിക്കുന്നു. എന്റെ മൃതശരീരം മോർ ഔഗേന്റെ ദയറായിൽ സംസ്കരിക്കണം." അപ്രകാരം 33 വർഷം സന്യാസിയും 42 വർഷം ദയറാധിപനുമായിരുന്ന മോർ യൂഹാനോൻ 95-ാം മത്തെ വയസ്സിൽ കാലം ചെയ്തു.

# അലക്സന്ത്രിയായിലെ അന്ധനായ ദിദിമോസ്
## (c. A. D. 309 - 395)

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പണ്ഡിതനായ അലക്സന്ത്രിയായിലെ ദൈവശാസ്ത്ര പാഠശാലയിലെ ഒരു ആത്മീയ നേതാവായിരുന്നു ദിദിമോസ്. ഇദ്ദേഹം എ.ഡി. 309/314? ൽ ജനിച്ചു (Wace & Piercy, 1999). ദിദിമോസ് നാലാമത്തെ വയസ്സിൽ അന്ധനായെങ്കിലും പഠനകാര്യങ്ങളിൽ ഏറ്റവും ശ്രദ്ധാലുവും സമർത്ഥനുമായിരുന്നു. ശാരീരിക കണ്ണുകൾക്ക് കാഴ്ചയുണ്ടാകണമെന്നല്ല ആന്തരീക കണ്ണുകൾ പ്രകാശിതമാകണമെന്നാണ് ദിദിമോസ് യൗവ്വനത്തിൽ പ്രാർത്ഥിച്ചിരുന്നത് എന്ന് അദ്ദേഹത്തിന്റെ ശിഷ്യനായ റൂഫിനസ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കേൾക്കുന്ന ദൈവവചനങ്ങൾ ഹൃദ്യസ്ഥമാക്കുന്നതിന് ദിദിമോസ് ഏറെ പരിശ്രമിച്ചിരുന്നു.

അവിവാഹിതനായ അന്തേനിയായിരുന്നുവെങ്കിലും വിശുദ്ധ ഗ്രന്ഥം മുഴുവനും അദ്ദേഹത്തിന് മന:പാഠമായിരുന്നു. വ്യാകരണം, പ്രസംഗകല, യുക്തി, ഗണിതം, സംഗീതം എന്നിവയെ സംബന്ധിച്ച് ആഴമായ അറിവുണ്ടായിരുന്നു. മോർ അത്താനാസിയോസ് (A.D. 295-373) ദിദിമോസിനെ അലക്സന്ത്രിയായിലെ വിദ്യാലയത്തിന്റെ തലവനായി നിയമിച്ചു (Wace & Piercy, 1999). അന്ധരായ വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിന് തടിയിൽ കൊത്തിയെടുത്ത അക്ഷരങ്ങൾ ഉപയോഗിച്ചിരുന്നു. ലൂയിസ് ബ്രെയിലി (A. D. 1809-1852) കണ്ടുപിടിച്ച ബ്രെയിലി ലിപികളുടെ പ്രാരംഭരൂപമായി ഇതിനെ കരുതാ

വുന്നതാണ്.

ദിദിമോസിന്റെ പ്രഗത്ഭരായ ശിഷ്യന്മാരായിരുന്നു വിശുദ്ധ അന്തോണിയോസ് (d. A. D. 356), പലേഡിയസ് (d. A. D. 431), വിശുദ്ധ ജറോം (d. A. D. 420), റൂഫിനസ് (d. A. D. 410) എന്നിവർ. ഒരിക്കൽ വിശുദ്ധ അന്തോണിയോസിനോട് കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ട തിനെ സംബന്ധിച്ച് ദിദിമോസ് ദു:ഖത്തോടെ പറയുകയുണ്ടായി. വിശുദ്ധ അന്തോണിയോസ് മറുപടിയായി പറഞ്ഞു: "ഉറുമ്പിനും ഈച്ചയ്ക്കും, മനുഷ്യർക്കും പൊതുവെയുള്ള ശാരീരിക കണ്ണിന്റെ നഷ്ടത്തെക്കുറിച്ച് ഒരു ജ്ഞാനിയായ മനുഷ്യന് എങ്ങനെ ദു:ഖിക്കാൻ കഴിയും? വിശുദ്ധരേയും അപ്പോസ്തലന്മാരെയും പോലെ സ്വർഗ്ഗരാജ്യത്തിന്റെ മഹത്വം കാണാൻ കഴിയുന്ന ആത്മീയ കണ്ണുകളുള്ളപ്പോൾ ആനന്ദിക്കുകയല്ലേ അഭികാമ്യമായിട്ടുള്ളത്" (Wace & Piercy, 1999).

വിശുദ്ധ ജറോം ദിദിമോസിനെ പരാമർശിച്ച് അന്ധനെന്നല്ല ജ്ഞാനിയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ദൈവവചനത്തിലെ ദുർഗ്രഹങ്ങളായ ചില കാര്യങ്ങളെ സംബന്ധിച്ച് സംശയനിവാര ണത്തിനായി ജറോം A. D. 386 ൽ ഏതാനും ദിവസങ്ങൾ ദിദിമോ സിന്റെ അടുക്കൽ താമസിച്ചിട്ടുണ്ട്.

ദിദിമോസിന് പ്രവചനവരമുണ്ടായിരുന്നു. സഭയെ പീഢിപ്പിച്ചി രുന്ന ജൂലിയാന്റെ മരണത്തെ സംബന്ധിച്ച് ദിദിമോസിന് ദർശനമു ണ്ടായി. ദിദിമോസ് ഒറിഗണിന്റെ പല തെറ്റായ ആശയങ്ങളും സ്വീക രിച്ചിരുന്നതായി ചരിത്രകാരന്മാർ പരാമർശിച്ചിട്ടുണ്ട്.

ലിബിയാനോസ് ദിദിമോസിനെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരി ക്കുന്നു. "മഹാനഗരമായ അലക്സന്ത്രിയായിൽ രാവും പകലും ജ്ഞാനം പകരുന്ന ദിദിമോസിനെക്കുറിച്ച് നിങ്ങൾക്കറിയാതിരി ക്കാൻ വയ്യ." ദിദിമോസ് അറിയോസിന്റെ വേദവിപരീതത്തെ ശക്തി യായി എതിർത്തിരുന്നു (Aphrem 1, 2000). ത്രിത്വത്തിന്റെ ഏകത്വത്തെ സംബന്ധിക്കുന്ന ദിദിമോസിന്റെ പ്രമാണം വിശുദ്ധ അത്താനാ സിയോസിന്റേതിനേക്കാൾ വ്യക്തതയുള്ളതാണ് (Chapman, 1908).

ഇതിനു കാരണം വിശുദ്ധ അത്താനാസിയോസിന്റെയും (d. 373) വിശുദ്ധ ബസ്സേലിയോസിന്റെയും (d. 379) നസിയൻസനിലെ ഗ്രിഗോറിയോസിന്റെയും (d. 390) ദൈവശാസ്ത്ര പദങ്ങൾ ദിദിമോസ് സമന്വയിപ്പിച്ചിട്ടുണ്ടെന്നുള്ളതാണ്.

പരിശുദ്ധാത്മാവിനെ സംബന്ധിച്ചുള്ള (On the Holy Spirit) ദിദിമോസിന്റെ പ്രതിപാദനം ജറോം ലാറ്റിൻ ഭാഷയിലേയ്ക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. കന്യകമറിയാമിനെ പരാമർശിച്ച് 'ദൈവ മാതാവ്' എന്നാണ് ദിദിമോസ് എഴുതിയിരിക്കുന്നത്. ദിദിമോസിന്റെ എഴുത്തുകൾ അവസാനിക്കുന്നത് ത്രിത്വത്തെ മഹത്വപ്പെടുത്തിയും പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത യാചിച്ചും കൊണ്ടാണ് (Wace & Piercy, 1999).

# മോർ യുലിയോസ് ഗീവറുഗീസ് മെത്രാപ്പോലീത്ത
## (A. D. 1829 - 1884)

തുമ്പമൺ ഭദ്രാസനത്തിന്റെ ഒന്നാമത്തെ മെത്രാപ്പോലീത്തായായ മോർ യുലിയോസു തിരുമേനി പാമ്പാക്കുട കോനാട്ടു കുടുംബത്തിൽ കോനാട്ടു മാത്തന്റെയും കുഞ്ഞളച്ചാരിന്റെയും മകനായി 1829 ൽ ജനിച്ചു. പ: പത്രോസ് പാത്രിയർക്കീസ് ബാവാ കേരളത്തിൽ വാഴിച്ച 6 മെത്രാപ്പോലീത്തന്മാരിൽ സുറിയാനി ഭാഷയിലും വേദശാസ്ത്രത്തിലും അഗാധപണ്ഡിതനായിരുന്നു മോർ യൂലിയോസ്. ചെറുപ്പത്തിൽ തന്നെ പട്ടമേറ്റ് തന്റെ പൂർവ്വികന്മാരായ കോനാട്ട് ഏബ്രാഹം മല്പാൻ, കോനാട്ട് യോഹന്നാൻ മല്പാൻ എന്നിവരുടെ കീഴിൽ വൈദീകാഭ്യസനം നടത്തി. കശ്ശീശ ആയ ശേഷം തന്റെ പൂർവ്വികന്മാരുടെ ആസ്ഥാനമായ പാമ്പാക്കുട പള്ളിമേടയിൽ വച്ച് വൈദിക വിദ്യാർത്ഥികളെ പഠിപ്പിച്ചുപോന്നു. പരുമല കബറടക്കിയിരിക്കുന്ന ചാത്തുരുത്തിൽ മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത ഇദ്ദേഹത്തിന്റെ ശിഷ്യനാണ്. അന്നത്തെ മലങ്കര മെത്രാപ്പോലീത്തയായിരുന്ന പുലിക്കോട്ടിൽ ജോസഫ് മോർ ദിവന്നാസ്യോസിനെ ശീമരാജ്യങ്ങളുമായുള്ള കത്തിടപാടുകളിൽ, സുറിയാനിപണ്ഡിതനെന്ന നിലയിൽ സഹായിച്ചുകൊണ്ടിരുന്നത് ഇദ്ദേഹമായിരുന്നു.

A. D. 1875-ൽ പ. പത്രോസ് പാത്രിയർക്കീസ് ബാവാ കേരളത്തിൽ എഴുന്നെള്ളി. കുന്നംകുളം ആർത്താറ്റുപള്ളിയിലാണ് ബാവാ

ആദ്യമായി എത്തിച്ചേർന്നത്. ബാവാ കുന്നംകുളത്ത് എത്തി മുന്നു നാല് ദിവസം കഴിഞ്ഞ് 1875 ജൂൺ 17ന് കുന്നംകുളം ചിറളയം പള്ളി യിൽവച്ച് ഇദ്ദേഹത്തിന് റമ്പാൻ സ്ഥാനം നൽകി. തുടർന്ന് പാത്രി യർക്കീസ് ബാവായുടെ ദ്വിഭാഷിയായി, ബാവാ മടങ്ങുന്നതുവരെ ബാവായെ അനുഗമിച്ചു.

കേരളത്തിലാദ്യമായി സുറിയാനി അച്ചടി ആരംഭിച്ചത് ഇദ്ദേഹ മാണ്. A. D. 1876 ഡിസംബർ 3ന് വടക്കൻ പറവൂർ പള്ളിയിൽ വച്ച് ഇദ്ദേഹത്തിനും, കടവിൽ പൗലൂസ് റമ്പാച്ചനും (മാർ അത്താനാ സ്യോസ്) ഒരുമിച്ച് പ. പത്രോസ് പാത്രിയർക്കീസ് ബാവ മെത്രാൻസ്ഥാനം നൽകി. മെത്രാൻ സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെ ടുപ്പ് വളരെയധികം വൈമനസ്യത്തോടെയാണ് ഇദ്ദേഹം സ്വീകരി ച്ചത്. പാത്രിയർക്കീസ് ബാവായുടെ ആഗമനം വരെ പാമ്പാക്കുട പള്ളമേടയിൽ താമസിച്ച് ശെമ്മാശന്മാരെ സുറിയാനി പഠിപ്പിക്കു ക, അപൂർവ്വ സുറിയാനി ഗ്രന്ഥങ്ങൾ ഭാഷാന്തരം ചെയ്യുക മുത ലായ സാഹിത്യപരമായ പ്രവർത്തനങ്ങളിൽ ഉത്സാഹപൂർവ്വം ഏർപ്പെട്ടിരിക്കുകയായിരുന്നു. തുമ്പമൺ ഇടവകയുടെ ഒന്നാമത്തെ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ട തിരുമേനി പലപ്പോഴും തുമ്പ മൺ ഇടവകയിൽ പോയി പള്ളികൾ സന്ദർശിക്കുകയും, ഭരണ സംബന്ധമായ അത്യാവശ്യ കാര്യങ്ങൾ നിർവഹിക്കുകയും ചെയ്തു കൊണ്ടിരുന്നെങ്കിലും, അധിക സമയവും പാമ്പാക്കുട പള്ളിയിൽ തന്നെ താമസിച്ച് സുറിയാനി പഠനവും മറ്റും നടത്തിക്കൊണ്ടിരു ന്നു. പാത്രിയർക്കീസു ബാവാ മടങ്ങപ്പോയശേഷം ജോസഫ് മാർ ദീവന്നാസ്യോസ ് മെത്രാപ്പോലീത്താ നടത്തികൊണ്ടിരുന്ന വ്യവ ഹാരത്തിൽ അദ്ദേഹത്തിനു വേണ്ട സഹായങ്ങൾ നല്കിക്കൊണ്ടി രുന്നു. പ്രസ്തുത വ്യവഹാരത്തിൽ, സ്വന്തം പുസ്തകശേഖരത്തിൽ നിന്നു പല പുസ്തകങ്ങളും കോടതിയിൽ ഹാജരാക്കുകയും കാനോൻ വിദഗ്ദ്ധനായി സാക്ഷി മൊഴി നൽകുകയും ചെയ്തിട്ടുണ്ട്.

ഒരു അച്ചടിശാല കൂടി ആരംഭിക്കുന്നതിനു പരിശ്രമിച്ചുകൊണ്ടി രുന്ന കാലത്താണ് പാത്രിയർക്കീസ് ബാവ എഴുന്നെള്ളിയത്. ബാവാ ഈ ആലോചനയെ വളരെ പ്രോൽസാഹിപ്പിച്ചു. ആ

കാലത്ത് കൊച്ചിയിൽ യൂറോപ്യൻ മിഷനറിമാർ നടത്തികൊണ്ടിരുന്ന ഒരു അച്ചടിശാലയിൽ പോയി അച്ചടി സംബന്ധിച്ച പരിശീലനം സമ്പാദിക്കുവാനായി ബാവാ തന്നെ ഇദ്ദേഹത്തെ അയച്ചു. അന്നു റമ്പാനായിരുന്നു. പല പ്രാവശ്യം അവിടെ പോയി താമസിച്ച് എല്ലാം കണ്ട് മനസ്സിലാക്കി. അങ്ങനെ A. D. 1879-ൽ കേരളദീപം പ്രസ്സ് എന്ന പേരിൽ പാമ്പാക്കുട പള്ളിമേടയിൽ ഒരു അച്ചടിശാല ആരംഭിച്ചു. കുർബാന തക്സാ, അന്നീദാ മുതലായവ ചില പുസ്തകങ്ങൾ ആദ്യമായി അച്ചടിച്ചു. ഈ പ്രവർത്തനങ്ങളിലെല്ലാം ജോസഫ് മോർ ദീവന്നാസ്യോസ് തിരുമേനിയും മറ്റ് മെത്രാപ്പോലീത്തന്മാരും വേണ്ട സഹായങ്ങൾ ചെയ്തുകൊണ്ടിരുന്നു.

ഈ പ്രവർത്തനങ്ങളൊന്നും അധികകാലം നടത്തുന്നതിനുവേണ്ട ദീർഘായുസ്സ് അദ്ദേഹത്തിനു ലഭിച്ചില്ല. തന്റെ ഭദ്രാസനത്തിലെ ചില പള്ളികൾ സന്ദർശിച്ചുകൊണ്ടിരിക്കെ രോഗബാധിതനായി. ഉടനെ പാമ്പാക്കുടയ്ക്കു മടങ്ങി. അവിടെയെത്തി ഏതാനും ദിവസത്തെ ചികിത്സയും വിശ്രമവും കൊണ്ടു രോഗം സുഖമായെങ്കിലും, അല്പ ദിവസങ്ങൾക്ക് ശേഷം വീണ്ടും രോഗബാധിതനായി A. D. 1884 മാർച്ച് മാസം 21-ാം നു തന്റെ 55-ാം വയസ്സിൽ കാലം ചെയ്തു. പാമ്പാക്കുട പള്ളിയിൽ കബറടക്കപ്പെട്ടു.

അദ്ദേഹത്തിന്റെ സഹോദരപുത്രൻ കോനാട്ട് മാത്തൻ മൽപ്പാൻ പുതിയ അച്ചടി യന്ത്രങ്ങളും മറ്റും വാങ്ങി മേൽപ്പറഞ്ഞ അച്ചടിശാല വിപുലപ്പെടുത്തി. സ്ഥാപകന്റെ സ്മരണയ്ക്കായി മോർ യുലിയോസ് പ്രസ്സ് എന്ന് പേരിട്ടു.

# കരവട്ടുവീട്ടിൽ ശെമവോൻ
# മോർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത
## (A. D. 1832 - 1886)

കൊച്ചി ഭദ്രാസനത്തിന്റെ പ്രഥമ ഇടയനായിരുന്നു കരവട്ടുവീട്ടിൽ ശെമവോൻ മോർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ. കണ്ടനാട് വി. മർത്തമറിയം പള്ളി ഇടവകയിലെ കരവട്ടുവീട്ടിലെ ദൈവഭക്തരായ മാതാപിതാക്കളിൽ നിന്ന് 1832-ൽ ഭൂജാതനായി. താപശ്രേഷ്ഠനായ ശെമവൂൻ ദെസ്തൂനോയുടെ പേര് ഇദ്ദേഹത്തിന് മാതാപിതാക്കൾ നല്കി.

കണ്ടനാട് പള്ളിയിൽ വച്ച് ചേപ്പാട് ഫീലിപ്പോസ് മാർ ദീവന്നാസിയോസ് നാലാമൻ മലങ്കര മെത്രാപ്പോലീത്താ ഇദ്ദേഹത്തിന് ശെമ്മാശുപട്ടവും പാലക്കുന്നത്തു മാത്യൂസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത കശ്ശീശ പട്ടവും പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൽപനപ്രകാരം മലങ്കരയിൽ എത്തിയ യൂയാക്കിം മോർ കൂറിലോസ് ബാവാ കോർഎപ്പിസ്കോപ്പാ സ്ഥാനവും നൽകി.

തീവ്രസന്യാസി പട്ടക്കാരനെന്ന നിലയിലും അഗാധമായ ദൈവഭക്തി, നിരന്തരമായ പ്രാർത്ഥന ജീവിതം എന്നീ വിശിഷ്ട ഗുണങ്ങളാലും ശെമവോൻ കോറെപ്പിസ്കോപ്പാ മറ്റുള്ളവരാൽ ബഹുമാനിക്കപ്പെട്ടിരുന്നു. മലങ്കരസഭയുടെ ഏറ്റവും പ്രതിസന്ധി നിറഞ്ഞ ഒരു കാലഘട്ടമായിരുന്നു അത്. പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസിന്റെ നേതൃത്വത്തിലുള്ള നവീകരണ കൊടുങ്കാറ്റിൽ

ഉലഞ്ഞ മലങ്കര സഭയ്ക്ക് പ്രതിസന്ധികളിൽ പതറാതെ ശക്ത മായ നേതൃത്വം നൽകിയ വൈദികരിൽ പ്രമുഖനായിരുന്നു ശെമ വൂൻ കോറെപ്പിസ്കോപ്പ.

1875-ൽ മലങ്കരയിൽ വന്ന പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രി യർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ മുളന്തുരുത്തി സൂന്നഹദോസിൽ (1876 ജൂൺ 27-30) വച്ച് ശെമവൂൻ കോറെപ്പിസ്കോപ്പ പ. സഭയുടെ മാനേജിംഗ് കമ്മറ്റിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. പരിശുദ്ധ പാത്രിയർക്കീസ് ബാവാ മുളന്തു രുത്തി പള്ളിയിൽ വച്ച് 1876 സെപ്റ്റംബർ 5-ന് (1052 ചിങ്ങം 24) ചൊവ്വാഴ്ച ശെമവൂൻ കോറപ്പിസ്കോപ്പയ്ക്ക് റമ്പാൻ സ്ഥാനം നൽകി. കൊച്ചുപറമ്പിൽ (തൊഴുപ്പാടൻ) പൗലോസ് കത്തനാരും (പിന്നീട് മോർ കൂറിലോസ്), ചാലപ്പുറത്ത് യാക്കോബ് കോറെപ്പി സ്കോപ്പായും റമ്പാൻ സ്ഥാനമേറ്റത് ഇതോടൊപ്പമാണ്. പാത്ര യർക്കീസിന്റെ എപ്പിത്രോപ്പയായും വെട്ടിക്കൽ ദയറായുടെ തലവ നായും വന്ദ്യ ശെമവോൻ റമ്പാനെ നിയമിച്ചു.

മലങ്കരസഭയെ ഭദ്രാസനങ്ങളായി വിഭജിക്കാനും മേല്പട്ടക്കാരെ വാഴിക്കാനും പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ മുളന്തുരുത്തി സുന്നഹദോസ് തീരുമാനിച്ചപ്പോൾ ആർത്താറ്റു പള്ളിയും അതിനുചുറ്റും കൊച്ചിവരെയുള്ള പള്ളികളും അടങ്ങുന്ന കൊച്ചി ഭദ്രാസനത്തിനായി ശെമവൂൻ റമ്പാൻ നിയോഗിക്കപ്പെട്ടു. പാത്രിയർക്കീസ് ബാവയുടെ കല്പന പ്രകാരം മേൽപ്പട്ട സ്ഥാന മേൽക്കുന്നതിനു വേണ്ടി ശെമവൂൻ റമ്പാനും മുറിമറ്റത്തിൽ പൗലോസ് റമ്പാനും 1877 മാർച്ച് 26 (1052 മീനം 15) തിങ്കളാഴ്ച പെരുമ്പാവൂരുള്ള കുന്നത്തുനാട് ഡിസ്ട്രിക്ട് രജിസ്ട്രാറുടെ ആഫീ സിൽ പ. പാത്രയർക്കീസ് ബാവായോടുള്ള വിധേയത്വ ഉടമ്പടി (ശൽമൂസാ) രജിസ്റ്റർ ചെയ്തു. ഇവർ ഇരുവരും അന്ന് അസോസി യേഷൻ മാനേജിംഗ് കമ്മിറ്റിയംഗങ്ങളായിരുന്നു.

കുന്നംകുളം ചിറളയം, സെന്റ് ലാസറസ് പള്ളിയിൽ വച്ച് 1877 മേയ് 17-ന് വ്യാഴാഴ്ച സ്വർഗ്ഗാരോഹണ പെരുന്നാൾ ദിവസം കൊച്ചി

കോട്ടയിൽ മാർ പത്രോസ് ശ്ലീഹയുടെ പള്ളിയും അതിനു ചുറ്റു മുള്ള പള്ളികളും അടങ്ങുന്ന ഭദ്രാസനത്തിനുവേണ്ടി, ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനും അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ പത്രോസിന്റെ അപ്പോസ്തോലിക സിംഹാസനത്തിൽ വാണരുളിയ പരിശുദ്ധ പത്രോസ് മൂന്നാമൻ പാത്രയർക്കീസ് ബാവാ, ശെമവൂൻ മോർ ദിവന്നാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി അദ്ദേഹത്തെ വാഴിച്ചു. കണ്ടനാട് ഭദ്രാസനത്തിനു വേണ്ടി മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും വാഴിക്കപ്പെട്ടത് ഇതോടൊപ്പമാണ്. നേരത്തെ വാഴിക്കപ്പെട്ട നാലു മേൽപ്പട്ടക്കാർ ഈ മേൽപ്പട്ട വാഴ്ചയിൽ പാത്രിയർക്കീസ് ബാവായോടൊപ്പം സഹകർമ്മികത്വം വഹിച്ചു.

മോർ ദീവന്നാസിയോസ് മെത്രാപ്പോലീത്തയ്ക്ക് കൊച്ചി ഭദ്രാസനത്തിന്റെ ഭരണം ശരിയായി നിർവ്വഹിക്കാൻ കഴിഞ്ഞില്ല. വാതരോഗബാധിതനായി 1886 ഒക്ടോബർ രണ്ടാം തീയതി ശനിയാഴ്ച കണ്ടനാട് പള്ളിയിൽ വച്ച് കാലം ചെയ്തു. കടുങ്ങമംഗലം മോർ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമത്തിലുള്ള യാക്കോബായ സുറിയാനി പള്ളിയിൽ 23-ാം തീയതി ഗീവർഗ്ഗീസ് മോർ ഗ്രിഗോറിയോസ് (ചാത്തുരുത്തിൽ) തിരുമേനി, പൗലോസ് മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ കാർമ്മികത്വത്തിൽ കബറടക്കപ്പെട്ടു.

# അമ്പാട്ട് ഗിവർഗീസ്
# മോർ കുറിലോസ് മെത്രാപ്പോലീത്ത
# (1834? - 1891)

അങ്കമാലി അകപ്പറമ്പ് ഇടവകയിൽ, അമ്പാട്ട് വടക്കൻ കുടുംബത്തിൽ ഇട്ടിമാത്തുവിന്റെയും ഏലിക്കുട്ടിയുടെയും മൂന്നാമത്തെ മകനായി കൊല്ലവർഷം 1010 (എ.ഡി.1834?)-ൽ ഗീവർഗീസ് (കോരത്) ജനിച്ചു. ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് കുന്നുംകുളം-ആർത്താറ്റ് പ്രദേശത്തു നിന്ന് പൊയ്ക്കാട്ടുശ്ശേരിൽ കുടിയേറി പാർത്തതായിരുന്നു അമ്പാട്ട് കുടുംബം. ഗീവർഗീസിന്റെ മാതാമഹൻ, അയ്യമ്പിളിൽ മഴുവഞ്ചേരി പറമ്പത്ത് കോരത്, പഴയ കൊച്ചി രാജ്യത്തെ ഒരു ജഡ്ജിയായിരുന്നു. പിതൃസഹോദരൻ, അമ്പാട്ട് ബ. യാക്കോബ് (ചാക്കോ) കത്തനാരെപ്പോലെ, ഒരു വൈദീകനാകണമെന്നായിരുന്നു ഗീവർഗീസിന്റെ ആഗ്രഹം.

നാട്ടുഭാഷ പഠിച്ചശേഷം അങ്കമാലി കൂരൻ കരവട്ടുവീട്ടിൽ ബ. യാക്കോബ് കത്തനാർ, പാറയ്ക്കൽ ബ. ഇട്ടിമാത്തു കത്തനാർ എന്നിവരിൽ നിന്ന് സുറിയാനി ഭാഷയും ആരാധനാക്രമങ്ങളും പഠിച്ചു. ദൈവശാസ്ത്രം, ഗണിതശാസ്ത്രം, തച്ചുശാസ്ത്രം എന്നിവയിലും അദ്ദേഹം നിപുണനായി.

യുയാക്കിം മോർ കുറിലോസ് ബാവായിൽ നിന്നു ശെമ്മാശപട്ടവും തുടർന്ന് കശീശാ പട്ടവും സ്വീകരിച്ച് സ്വന്തം ഇടവകയിൽ സേവനമനുഷ്ഠിച്ചു വന്നു. 1875-ൽ മലങ്കരയിൽ വന്ന പ. ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മുളന്തു

രുത്തി പള്ളിയിൽ വച്ച് 1876 ജൂൺ 27 (1057 മിഥുനം 15) ചൊവ്വാഴ്ച മറ്റ് രണ്ടുപേരോടൊപ്പം ഗീവർഗ്ഗീസ് കത്തനാർക്ക് റമ്പാൻ സ്ഥാനം നൽകി. മലങ്കര സഭയെ ഭദ്രാസനങ്ങളായി വിഭജിക്കാനും മേല്പട്ട ക്കാരെ വാഴിക്കാനും പാത്രയർക്കീസ് ബാവാ തീരുമാനിച്ചപ്പോൾ അങ്കമാലി ഭദ്രാസനത്തിനായി അമ്പാട്ട് ഗീവർഗ്ഗീസ് റമ്പാൻ നിയോ ഗിക്കപ്പെട്ടു.

വടക്കൻ പറവൂർ മാർതോമൻ പള്ളിയിൽ വച്ച് 1876 ഡിസംബർ 10 (സുറിയാനി കണക്കിന് വൃശ്ചികം 28) ഞായറാഴ്ച അങ്കമാലി ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും അട ങ്ങുന്ന ഭദ്രാസനത്തിനുവേണ്ടി ഗീവർഗ്ഗീസ് മോർ കുറിലോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. നിരണം ഭദ്രാ സനത്തിനു വേണ്ടി ചാത്തൂരുത്തിൽ ഗീവർഗ്ഗീസ് മോർ ഗ്രിഗോറി യോസ് മെത്രാപ്പോലീത്തായും വാഴിക്കപ്പെട്ടത് ഇതോടൊപ്പമാണ്. തലേ ഞായറാഴ്ച (ഡിസംബർ മൂന്ന്) വാഴിക്കപ്പെട്ട കോനാട്ട് ഗീവർഗ്ഗീസ് മാർ യൂലിയോസ് (തുമ്പമൺ) കടവിൽ പൗലോസ് മോർ അത്താനിസിയോസ് (കോട്ടയം) എന്നീ മെത്രാപ്പോലീത്താ മാർ ഈ മേല്പ്പട്ട വാഴ്ചയിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവാ യോടൊപ്പം സഹകാർമ്മികത്വം വഹിച്ചു.

കുന്നംകുളം ചിറയളം സെന്റ് ലാസറസ് പള്ളിയിൽ വച്ച് 1877 മേയ് 17-ന് കരവട്ടു വീട്ടിൽ ശെമവോൻ മാർ ദിവന്നാസിയോസ് (കൊച്ചി) മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് (കണ്ട നാട്) എന്നീ മേൽപ്പട്ടക്കാരെ വാഴിക്കുമ്പോൾ അമ്പാട്ടു തിരുമേനി സഹകാർമ്മീകനായിരുന്നു.

സഭയ്ക്ക് വേണ്ടി അമ്പാട്ട് തിരുമേനി ചെയ്ത സേവനങ്ങൾ വിലപ്പെട്ടതാണ്. പല സ്ഥലങ്ങളിലും ദൈവാലയങ്ങൾ സ്ഥാപി ക്കുകയും പലർക്കും വൈദീക സ്ഥാനം നല്കുകയും ചെയ്തു. കോതമംഗലം, കുറുപ്പംപടി, റാക്കാട് മുതലായ പള്ളകളിൽ അദ്ദേഹം വളരെ നാൾ താമസിച്ചിട്ടുണ്ട്. നവീകരണക്കാരുടെ ഉത്ഭവത്തോടെ സഭയിലുണ്ടായ പ്രത്യേക സാഹചര്യത്തിൽ പള്ളികൾ സന്ദർശിച്ച്

പട്ടക്കാരെയും ജനങ്ങളെയും സത്യ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുന്നതിന് തിരുമേനി പ്രയത്നിച്ചിട്ടുണ്ട്.

അങ്കമാലി ഭദ്രാസനത്തിന്റെ ആസ്ഥാനമാക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് അമ്പാട്ട് തിരുമേനി ഇന്ന് ആലുവാ തൃക്കുന്നത്തു സെമിനാരി ഇരിക്കുന്ന സ്ഥലം വാങ്ങിയത്. സഭയ്ക്കും ഭദ്രാസനത്തിനും അദ്ദേഹം നൽകിയ ഏറ്റവും സ്മരണീയമായ സ്ഥാപനമാണ് കൊല്ലവർഷം 1055 (എ.ഡി 1889?)-ൽ പണിയാരംഭിച്ച് 1064 കുംഭം 18 (1899 മാർച്ച് 2) ന് ആദ്യ കുർബ്ബാന അർപ്പിക്കപ്പെട്ട തൃക്കുന്നത്തു സെന്റ് മേരീസ് സെമിനാരി പള്ളി. അങ്കമാലി അകപ്പറമ്പ് പള്ളികളിൽ നിന്നുള്ള പിരിവും സ്വന്തം പണവും ചെലവഴിച്ചാണ് ഇത് പണി കഴിപ്പിച്ചത്.

പാമ്പാക്കുട പള്ളി സന്ദർശിക്കാൻ പോയ സന്ദർഭത്തിൽ രോഗബാധിതനായി അദ്ദേഹം അകപ്പറമ്പ് പള്ളിയിലേയ്ക്ക് മടങ്ങിയെത്തി. തന്റെ അന്ത്യകാലം അടുത്തു എന്ന് ചിന്തിച്ച്, അങ്കമാലി ചെറിയ പള്ളിയിലെത്തി പള്ളിയുടെ വടക്കുഭാഗത്ത് കബറിടം പണി കഴിപ്പിച്ചു. 1891 മാർച്ച് 8 (1066 കുംഭം 24) ഞായറാഴ്ച 56-ാമത്തെ വയസ്സിൽ കാലം ചെയ്തു. നേരത്തെ നിശ്ചയിച്ചിരുന്ന സ്ഥലത്തു തന്നെ കബറടക്കി.

# മോർ ഈവാനിയോസ് ഫിലിപ്പോസ് മെത്രാപ്പോലീത്ത
## (A. D. 1924 - 1988)

പ്രശസ്തരായ പാമ്പാടി വെള്ളൂർ പറപ്പള്ളിൽ കുടുംബത്തിൽ ചാക്കോ ചെറിയാന്റെയും ശോശാമ്മയുടെയും പുത്രനായി 1924 മെയ് 24 -ന് ഫിലിപ്പോസ് ജനിച്ചു. തിരുവനന്തപുരം മോർ ഈവാനിയോസ്, ചങ്ങനാശ്ശേരി എസ്. ബി. കോളേജുകളിലായിരുന്നു വിദ്യാഭ്യാസം. മാന്നാനം ട്രെയിനിംഗ് കോളേജിൽ നിന്ന് ബി. എഡ്. ബിരുദം നേടിയ അദ്ദേഹം ഏറെക്കാലം അദ്ധ്യാപകനായിരുന്നു. പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ സജീവ പ്രവർത്തകനായിരുന്ന അദ്ദേഹം തിരുവഞ്ചൂർ പി. ഇ. എം. സകൂളിന്റെ സ്ഥാപനത്തിനു മുൻനിരയിൽ പ്രവർത്തിച്ചു.

1949-ൽഅഭിവന്ദ്യ മിഖായേൽ മോർ ദിവന്നാസിയോസ് തിരുമേനിയിൽനിന്ന് ശെമ്മാശുപട്ടവും 1953-ൽ എബ്രാഹം മാർ ക്ലീമീസ് മെത്രാപ്പോലീത്തായിൽ നിന്ന് കശ്ശീശാപട്ടവും സ്വീകരിച്ചു. 1952-ൽ മോർ ഗ്രീഗോറിയോസ് സ്റ്റുഡന്റ് അസോസിയേഷൻ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച അദ്ദേഹം 1953-ൽ കോട്ടയത്തു നടന്ന അഖില ലോക യുവജന കോൺഫറസിൽ യാക്കോബായ സഭയെ പ്രതിനിധീകരിച്ചു.1954-ൽ കോട്ടയം ഭദ്രാസന സെക്രട്ടറിയായും അതേ വർഷം അഖിലമലങ്കര സിറിയൻ ക്രിസ്ത്യൻ ലീഗ് ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു.

1959-ൽ അന്ത്യോഖ്യൻ മൂവ്മെന്റ് വൈസ് പ്രസിഡന്റായും

പൗരസ്ത്യ സുവിശേഷ സമാജം മാനേജിംഗ് കമ്മറ്റിയംഗമായി പല പ്രാവശ്യവും പ്രവർത്തിച്ചു. 1964-ൽ കോട്ടയം ഭദ്രാസന വൈദിക യോഗം സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. കുറിച്ചി സെന്റ് മേരീസ് മിഷ്യൻ ഹോസ്പിറ്റൽ ആരംഭിച്ചത് ഇദ്ദേഹമാണ്. മെത്രാപ്പോലീത്തയായി വാഴിക്കപ്പെടുന്നതുവരെ ആശുപത്രി ഡയറക്ടറായി പ്രവർത്തിച്ചു. ഇന്നത്തെ യൂത്ത് അസോസിയേഷന്റെ പ്രാരംഭഘടന 1973 സെപ്തംബർ 2-ാം തീയതി കുറിച്ചി സെന്റ് മേരീസ് പുത്തൻപള്ളിയിൽവച്ച് രൂപികരിച്ചത് അന്നത്തെ ഫാ. പി. സി. ഫിലിപ്പിന്റെ ചുമതലയിലായിരുന്നു. അന്നു രൂപികരിച്ച കമ്മറ്റിയുടെ പ്രസിഡന്റ് ഫിലിപ്പച്ചനായിരുന്നു. യാക്കോബായ യൂത്ത് അസോസിയേഷന്റെ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചിരുന്ന കാലത്ത് പി. സി. ഫിലിപ്പച്ചന്റെ നേതൃത്വത്തിൽ മണർകാട് സെന്റ്മേരീസ് പള്ളിയിൽ നടന്ന അഖില മലങ്കര യുവജന സമ്മേളനം വൻ വിജയമായിരുന്നു.

തിരുവഞ്ചൂർ പി. ഇ. എം, കേളകം സെന്റ് തോമസ്, കണ്ടനാട് സെന്റ് മേരീസ് എന്നീ ഹൈസ്ക്കൂളുകളിൽ ഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിച്ചു. വെള്ളൂർ സെന്റ് തോമസ്, കേളകം സെൻറ് തോമസ്, കുറിച്ചി പുത്തൻപള്ളി തുടങ്ങിയ ദൈവാലയങ്ങളിൽ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സഭയിലെ യൂത്ത് അസോസിയേഷന്റെ സ്ഥാപക നേതാവ് എന്ന നിലയിൽ തിരുമേനിയെ സഭയിലെ യുവാക്കൾ ആദരപൂർവ്വം എന്നും ഓർക്കുന്നു.

1978- ൽ കുറിച്ചി പുത്തൻ പള്ളിയിൽ വച്ച് അഭിവന്ദ്യ യാക്കോബ് മോർ യൂലിയോസ് തിരുമേനി റമ്പാൻ സ്ഥാനം നൽകി. 1979 ഏപ്രിൽ 19-ന് ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ വെള്ളൂർ സെന്റ് സൈമൺസ് പള്ളിയിൽ വച്ച് മെത്രാപ്പോലീത്തയായി അദ്ദേഹത്തെ വാഴിച്ചു. അഭിവന്ദ്യ യാക്കോബ് മോർ തീമോത്തിയോസ് (തൃക്കോതമംഗലം), അഭിവന്ദ്യ തോമസ് മോർ തേയോഫീലോസ് (മുളന്തുരുത്തി വെട്ടിക്കൽ സെമിനാരി) എന്നീ പിതാക്കൻമാരും അഭിവന്ദ്യ തിരുമേനിയോടൊപ്പമാണ് മേൽപ്പട്ട സ്ഥാനം ഏറ്റത്. ഇപ്പോഴത്തെ പരിശുദ്ധ സാഖാ പ്രഥമൻ പാത്രി

യർക്കീസ് ബാവായുടെ 1980–ൽ നടന്ന പാത്രിയർക്കാ വാഴ്ചയിൽ അഭിവന്ദ്യ തിരുമേനി പങ്കെടുത്തു.

ആദ്യം ഇടുക്കി ഭദ്രാസനാധിപനായും പിന്നീട് ബാംഗ്ലൂർ കേന്ദ്ര മാക്കി (ദക്ഷിണ മേഖല) ബാഹ്യ കേരള ഭദ്രാസനാധിപനായും ചുമതല വഹിച്ചു. 1982–ൽ കണ്ടനാട് ഭദ്രാസനത്തിന്റെ സഹായ മെത്രപ്പോലീത്തയായി ചുമതലയേറ്റ തിരുമേനിയുടെ ആസ്ഥാനം പിറവം സെമിനാരിയിലായിരുന്നു. കണ്ടനാട് ഭദ്രാസന ഭരണം നിർവ ഹിച്ചുകൊണ്ടിരിക്കുമ്പോൾ തിരുമേനിക്ക് പ്രമേഹരോഗത്തെ തുടർന്ന് ചികിത്സയിലാകുകയും അവസാന രണ്ടുവർഷം വിശ്രമ ജിവിതം നയിക്കുകയും ചെയ്തു. 1988 മെയ് 8–ന് മെത്രാപ്പോലീത്ത 64–ാം വയസ്സിൽ കാലം ചെയ്തു. പാമ്പാടി വെള്ളൂർ സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളിയിൽ കബറടക്കപ്പെട്ടു.

# പുണ്യശ്ലോകനായ
# മോർ മിലിത്തിയോസ് ബർന്നബ
## (1922 - 2004)

മോർ മിലിത്തിയോസ് ബർന്നബ മെത്രാപ്പോലീത്തായുടെ മാമ്മോദീസ പേര് ജോർജ്ജ് എന്നായിരുന്നു. ജോർജ്ജ് ബ: ജോസഫ് കശീശ്ശായുടെയും ലേ അറിയുടെയും മകനായി അസേക്ക് (Idil in modern Turkey) എന്ന സ്ഥലത്ത് 1922 ൽ ജനിച്ചു.

പ്രാഥമിക വിദ്യാഭ്യാസം അസേക്കിൽ നിർവ്വഹിച്ചു. തുടർന്ന് ഇറാക്കിലെ മൂസലിലുള്ള സെന്റ് തോമസ് വിദ്യാലയത്തിൽ ചേർന്ന് പഠിച്ചു. 1938ൽ മൂസലിലെ മെത്രാപ്പോലീത്തയായ മോർ അത്താനാസിയോസ് ടൂമ കസ്സിൽ, ജോർജ്ജിന് കോറുയൊ പട്ടം കൊടുത്തു. 1939ൽ ലബനോനിലെ സഹലെയിലുള്ള സെന്റ് എഫ്രേം സെമിനാരിയിൽ ചേർന്നു പഠിച്ചു. യൗഫദ്യക്കനൊ പട്ടമേറ്റപ്പോൾ മുതൽ ബർന്നബ എന്ന പേരിൽ അറിയപ്പെട്ടു.

1945ൽ സഹലെയിലെ സെമിനാരി മൂസലിലേക്ക് മാറ്റിയപ്പോൾ മോറാൻ അഫ്രേം ബർസൗം പാത്രിയർക്കീസ് ബാവ (1933 – 1957) ബർന്നബ ശെമ്മാശനെ മൂസലിലെ സെമിനാരിയിൽ അദ്ധ്യാപകനായി നിയമിച്ചു. സെമിനാരിയിൽ പ്രധാന അദ്ധ്യാപകനെന്ന നിലയിൽ രണ്ടു വർഷം പ്രവർത്തിച്ചു. 1945 ൽ മൂസലിലെ മോർ മത്തായി ദയറായിൽ വച്ച് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത ദയറാ വസ്ത്രം നൽകി.

1947 ആഗസ്റ്റ് മാസത്തിൽ പരിശുദ്ധ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ രണ്ടാം സെക്രട്ടറിയായി നിയമിതനായി. 1950 ൽ പ. പാത്രിയർക്കീസ് ബാവ ഹോംസിലെ സൂനൊറൊ പള്ളിയിൽ വച്ച് കശീശ്ശാ പട്ടം നൽകി. 1951ൽ പ. പാത്രിയർക്കീസ് ബാവായുടെ ഒന്നാം സെക്രട്ടറിയായി നിയമിതനായി.

1955ൽ ഈജിപ്റ്റിലെ നിയുക്ത പാത്രിയർക്കൽ വികാരിയായി. 1957 ഏപ്രിൽ 7-ാം തീയതി പ. പാത്രിയർക്കീസ് അഫ്രേം പ്രഥമൻ ബർന്നബ കശ്ശീശായെ മോർ മിലിത്തിയോസ് എന്ന പേരിൽ ഹോംസിലെ സൂനൊറൊ, കത്തീഡ്രലിൽ വച്ച് മെത്രാപ്പോലീത്തയായി വാഴിച്ചു. 1959ൽ പാത്രിയർക്കാ ആസ്ഥാനം സിറിയയിലെ ദമസ്ക്കൊസ് പട്ടണത്തിലേയ്ക്ക് മാറ്റിയപ്പോൾ മോർ മിലിത്തിയോസ് മെത്രാപ്പോലീത്ത ഹോംസ്, ഹാമ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായായി നിയമിതനായി.

1963ൽ അഭിവന്ദ്യ തിരുമേനി ഒരു അനാഥാലയം സ്ഥാപിച്ചു. 1983 മാർച്ച് 18-ാം തീയതി പ. ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവ അഗ്നിമയനായ ഇഗ്നത്തിയോസിന്റെ നാമത്തിലുള്ള കീർത്തി മുദ്ര നൽകി. 1997 ലുണ്ടായ ഒരു കാറപകടത്തെ തുടർന്ന് വിശ്രമ ജീവിതം നയിച്ചുവരികയായിരുന്ന തിരുമേനി 2004 നവംബർ 18-ാം തീയതി വ്യാഴാഴ്ച കാലം ചെയ്തു. നവംബർ 22-ാം തീയതി തിങ്കളാഴ്ച ഹോംസിലെ സൂനൊറൊ കത്തീഡ്രലിന്റെ വടക്കുഭാഗത്ത് പ. അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ കബറിനടുത്തായി കബറടക്കിയിരിക്കുന്നു. മോർ മിലിത്തിയോസ് ബർന്നബ മെത്രാപ്പോലീത്തായുടെ ഓർമ്മ നവംബർ 18-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# പുണ്യശ്ലോകനായ
# മോർ കൂറിലോസ് മർക്കോസ്
## (A. D. 1946 - 2005)

കോട്ടയം നട്ടാശ്ശേരി പൊൻപള്ളി സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനിപ്പള്ളി ഇടവകയിൽ രാമന്തറ മാണി വർക്കിയുടെയും ഏലിയാമ്മയുടെയും മൂത്ത പുത്രനായി 1946 ഒക്ടോബർ 6ന് ഭൂജാതനായ തിരുമേനി നട്ടാശ്ശേരി സെന്റ് മേരീസ് എൽ.പി. സ്കൂൾ, ഹോളിഫാമിലി ഹൈസ്കൂൾ കോട്ടയം, കോട്ടയം സി. എം. എസ് കോളേജ്, ബസേലിയോസ് കോളേജ് എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനു ശേഷം കോട്ടയം പഴയ സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം നടത്തി.

1970 മെയ് 7ന് ബസേലിയോസ് ഔഗേൻ കോതോലിക്കബാവയിൽനിന്ന് ശെമ്മാശുപട്ടവും 1974 മാർച്ച് 25ന് പുണ്യശ്ലോകനായ പെരുമ്പള്ളിൽ ഗീവറുഗീസ് മോർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്ന് കശ്ശീശസ്ഥാനം സ്വീകരിച്ചു. സഭയിലെ മല്പാന്മാരായിരുന്ന മോർ യൂലിയോസ് യാക്കോബ് (മഞ്ഞിനിക്കര), മോർ തിമൊഥിയോസ് യാക്കോബ് (തൃക്കോതമംഗലം), ബ. റ്റി. ജെ. എബ്രഹാം മല്പാൻ (മുളന്തുരുത്തി) എന്നിവരുടെ പ്രിയ ശിഷ്യനായിരുന്നു. സഭയിലെ അറിയപ്പെടുന്ന സുറിയാനി പണ്ഡിതനായ അഭിവന്ദ്യ തിരുമേനി ദീർഘകാലം വെട്ടിക്കൽ വൈദിക സെമിനാരിയിൽ മല്പാനായിരുന്നു. ഭിലായ് സെന്റ് മേരീസ്, ന്യൂഡൽഹി സെന്റ് പീറ്റേഴ്സ്, ബഹറിൻ തുടങ്ങി ബാഹ്യകേരളത്തിലെയും കോട്ടയം

ഭദ്രാസനത്തിലെയും വിവിധ ദൈവാലയങ്ങളിൽ സേവനം അനുഷ്ഠിച്ചു. കഴിഞ്ഞ 30-ൽ പരം വർഷങ്ങളായി സഭയിലെ നൂറുകണക്കിന് വൈദികരുടെ സുറിയാനി ഭാഷാ ഗുരുവായിരുന്ന തിരുമേനി സഭയുടെ ആരാധനക്രമ സംവിധാനം, ആരാധനാക്രമങ്ങൾ, സുറിയാനി പഠനസഹായി തുടങ്ങിയ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. തിരുമേനി തയ്യാറാക്കിയ സഭയുടെ ശുശ്രൂഷ നടപടിക്രമം എന്ന പുസ്തകം വളരെ പ്രയോജനകരമാണ്.

സത്യവിശ്വാസ സംരക്ഷണത്തിന്റെ കാര്യത്തിൽ തികഞ്ഞ തീഷ്ണത പുലർത്തിയിരുന്ന തിരുമേനി സഭയുടെ നിർണായകമായ ഭാവിയിലേക്കുള്ള നടപടിയായി 2002ൽ പുത്തൻകുരിശിൽ കൂടിയ അസോസിയേഷന് കല്പന പുറപ്പെടുവിക്കുകയും യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ഭരണഘടന പാസാക്കുകയും ശ്രേഷ്ഠ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവയെ ആ യോഗത്തിൽ വെച്ച് തെരഞ്ഞെടുക്കുകയും ചെയ്തു.

സുറിയാനി ഭാഷാ പണ്ഡിതനായ തിരുമേനി കോട്ടയം സെന്റ് എഫ്രേം സുറിയാനി ഗവേഷണ കേന്ദ്രം (സീരി) അദ്ധ്യാപകനായും എം. ജി. യൂണിവേഴ്സിറ്റി പരീക്ഷകനായും, കോട്ടയം ഭദ്രാസന പ്രസിദ്ധീകരണമായ മാസികയുടെ എഡിറ്ററായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

2000 ഓഗസ്റ്റ് 6ന് പെരുമ്പള്ളി സെമിനാരിയിൽ വച്ച് അഭിവന്ദ്യ കുരിയാക്കോസ് മോർ യൂലിയോസ് തിരുമേനി മറ്റ് മെത്രാപ്പോലിത്തന്മാരുടെ സാന്നിദ്ധ്യത്തിൽ റമ്പാൻ സ്ഥാനം നൽകി. 2001 ജനുവരി 14 ന് ഡമാസ്കസിലെ പാത്രിയർക്കാ കത്തിഡ്രലിൽ വെച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ മറ്റ് മെത്രാപ്പോലീത്തന്മാരുടെ സഹകരണത്തിൽ മെത്രാപ്പോലിത്തയായി വാഴിച്ചു. ഇതോടൊപ്പമാണ് ഇപ്പോൾ കണ്ടനാട് ഭദ്രാസനധിപനായ അഭിവന്ദ്യ മാത്യൂസ് മോർ ഈവാനിയോസ് തിരുമേനിയും മേൽപ്പട്ട സ്ഥാനമേറ്റത്. മെത്രാപ്പോലിത്തയായശേഷവും സാധാരണ ജീവിതം നയിച്ചിരുന്ന തിരുമേനിയുടെ സരസ

മായ സംഭാഷണങ്ങളും ജനസമ്പർക്കവും ആകർഷകമായിരുന്നു. സഭയുടെ പ്രധാന യോഗങ്ങളിലെല്ലാം തിരുമേനിയുടെ നർമ്മരസ മായ പ്രസംഗങ്ങൾ എല്ലാവരേയും ചിരിപ്പിക്കുകയും ചിന്തിപ്പിക്കു കയും ചെയ്യുമായിരുന്നു. വിശ്വാസകാര്യങ്ങളിൽ തെല്ലും വിട്ടുവീ ഴ്ചയില്ലാതിരുന്ന തിരുമേനി ആരുവന്നാലും അവരെ സൽക്കരിച്ച് മാത്രമേ തിരിച്ചയക്കാറുണ്ടായിരുന്നുള്ളു. പങ്ങട സെന്റ് മേരീസ് പള്ളിയോടനുബന്ധിച്ചുള്ള അരമനയിലായിരുന്നു തിരുമേനി താമ സിച്ചു വന്നിരുന്നത്. ദീർഘകാലം രോഗബാധിതനായി കഴിഞ്ഞ തിരുമേനി 2005 മെയ് 30 ന് രാവിലെ 9.20 ന് കാലം ചെയ്തു. മെയ് 31 ന് പങ്ങട സെന്റ് മേരിസ് പള്ളിയിൽ കബറടക്കി. യാക്കോ ബായ സുറിയാനി സഭയുടെ നിരണം ഭദ്രാസനത്തിന്റെയും തിരു വനന്തപുരം, കുവൈറ്റ് പള്ളികളുടെയും ചുമതലയുമുണ്ടായിരുന്ന അഭിവന്ദ്യ മർക്കോസ് മോർ കുറിലോസ് തിരുമേനിയുടെ ഓർമ്മ മെയ് 30 ന് ആചരിക്കുന്നു.

# പുണ്യശ്ലോകനായ
# മോർ പോളിക്കാർപ്പസ് ഗീവറുഗീസ്
## (1933 - 2011)

ചെന്നിത്തല പള്ളിവടക്കേതിൽ മാത്യു ഫിലിപ്പോസിന്റെയും ഏലിയാമ്മയുടെയും അഞ്ചാമത്തെ മകനായ ഗീവറുഗീസ് 1933 ഏപ്രിൽ 5-ാം തീയതി ജനിച്ചു. വിദ്യാഭ്യാസം ഇലവുംമൂട് പ്രൈമറി സ്കൂൾ, മാന്നാർ എൻ. എസ്സ്. ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളിൽ നിന്നും പൂർത്തിയാക്കി (പൗരസ്ത്യ സുവിശേഷ സമാജം, 1994).

1948ൽ ടൈഫോയിഡ് ബാധിച്ച് മരണാസന്നനായെങ്കിലും സൗഖ്യം പ്രാപിച്ചു. 1955 ജനുവരി മാസത്തിൽ ഗീവറുഗീസ് പൗരസ്ത്യ സുവിശേഷ സമാജത്തിൽ ചേർന്ന് പെരുമ്പാവൂരിൽ താമസമാക്കി. 1956 ൽ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായിരുന്ന മോർ യൂലിയോസ് ഏലിയാസ് ബാവ ഗീവറുഗീസിന് കോറൂയൊ പട്ടം നൽകി. തുടർന്ന് മഞ്ഞിനിക്കര ദയറായിൽ താമസിച്ച് വന്ദ്യരായ മാടപ്പാട്ട് യാക്കോബ് റമ്പാച്ചന്റെയും മൂശ സലാമ റമ്പാച്ചന്റെയും മേർനോട്ടത്തിൽ സുറിയാനിയും ദൈവശാസ്ത്രവും അഭ്യസിച്ചു.

1957ൽ മോർ യൂലിയോസ് ഏലിയാസ് ബാവ കശീശ്ശ സ്ഥാനത്തേയ്ക്കുയർത്തി. 1957 - 59 കാലഘട്ടത്തിൽ കാസർകോട് ജില്ലയിലെ കോട്ടുമല, കോഴിച്ചാൽ പള്ളികളിൽ ശുശ്രൂഷകൾ നിർവ്വഹിക്കുകയും പാക്കണിക്കാട് പള്ളി ആരംഭിക്കുകയും ചെയ്തു. 1959

ൽ ദക്ഷിണ കർണ്ണാടകത്തിലെ ചീരാടിപള്ളിയിൽ താമസിച്ച് ശുശ്രൂഷകൾ നടത്തി. 1961ൽ ഹോണവാർ മിഷ്യൻ ഡയറക്ടറായിരുന്ന വന്ദ്യ കുരീക്കൽ ജോർജ്ജ് കോറെപ്പിസ്കോപ്പയുടെ താല്പര്യപ്രകാരം ഹോണവാറിലേയ്ക്ക് താമസം മാറ്റി. അവിടെ Karmala Balika കോളേജിൽ ചേർന്ന് B.A. (Hons) പാസ്സായി.

1970 മുതൽ കോൺഗ്രസ്സിൽ ചേരുകയും തുടർന്ന് കർണ്ണാടക ഡിസ്ട്രിക്റ്റ് വൈസ് പ്രസിഡന്റായി പ്രവർത്തിക്കുകയും ചെയ്തു. രാഷ്ട്രീയ പ്രവർത്തനങ്ങളോടൊപ്പം ഹോണവാറിലെ സെന്റ് ആന്റണീസ് ഹൈസ്കൂൾ, കർണ്ണാടകത്തിലെ ചീരാടി ഹൈസ്കൂൾ എന്നിവ ആരംഭിക്കുകയും ചെയ്തു.

1978ൽ ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവ ഗീവറുഗീസ് അച്ചനെ കോറെപ്പിസ്കോപ്പ സ്ഥാനത്തേക്കുയർത്തി. 1978 ൽ നെല്ലിയാടിയിൽ സെന്റ് ജോർജ് ഹൈസ്കൂൾ ആരംഭിക്കുകയും 1985 ൽ ആ വിദ്യാലയം ജൂണിയർ കോളേജായി ഉയർത്തുകയും ചെയ്തു.

1985ൽ പൗരസ്ത്യ സുവിശേഷ സമാജം അഡ്മിനിട്രേറ്ററായി ചുമതലയേറ്റു. അന്നത്തെ സമാജം മെത്രാപ്പോലീത്ത മോർ അത്താനാസിയോസ് പൗലോസ് രാജിവച്ചതിനെ തുടർന്ന് 1986 വന്ദ്യ ഗീവറുഗീസ് കോറെപ്പിസ്കോപ്പ മെത്രാപ്പോലീത്താ സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1990 മെയ് 27-ാം തീയതി പ. ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ ബാവ മോർ പോളിക്കാർപ്പസ് എന്ന പേരിൽ പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ മെത്രാപ്പോലീത്തയായി വാഴിച്ച് നിയമിക്കപ്പെട്ടു. പൗരസ്ത്യ സുവിശേഷസമാജം പ. പാത്രിയർക്കീസ് ബാവായുടെ നേരിട്ടുള്ള ഭരണത്തിലിരിക്കുന്നതും തനതായ ഭരണഘടനപ്രകാരം ഭരിക്കപ്പെടുന്നതുമായ ഒരു പ്രസ്ഥാനമാണ്.

സമാജം മെത്രാപ്പോലീത്ത എന്ന നിലയിലുള്ള ശുശ്രൂഷകൾ ആരോഗ്യപരമായ കാരണങ്ങളാൽ തുടർന്നുകൊണ്ട് പോകുന്നതിന് പ്രയാസം നേരിട്ടതിനാൽ സഹായ മെത്രാപ്പോലീത്തയായി മോർ

ക്രിസോസ്റ്റമോസ് മർക്കോസ് മെത്രാപ്പോലിത്തയെ 2006 ജൂലൈ 14-ാം തീയതി പ. പാത്രിയർക്കീസ് ബാവ വാഴിച്ചു നിയമിച്ചു

വിശ്രമജീവിതം നയിച്ചിരുന്ന തിരുമേനി ഹൃദ്രോഗത്തെ തുടർന്ന് 2011 മാർച്ച് 6-ാം തീയതി കാലം ചെയ്ത് മംഗലാപുരം ജെപ്പുവിലുള്ള സെന്റ് ആന്റണീസ് സിറിയൻ കത്തീഡ്രലിൽ മാർച്ച് 9-ാം തീയതികബറക്കപ്പെട്ടു. മോർ പോളിക്കാർപ്പസ് ഗീവറുഗീസ് തിരുമേനിയുടെ ഓർമ്മ മാർച്ച് 6-ാം തീയതി ആചരിക്കുന്നു.

# മോർ യൂലിയോസ് കുരിയാക്കോസ് തിരുമേനി
## (A. D. 1933 - 2011)

വെളിയനാട് കൊച്ചുപുരയ്ക്കൽ വർക്കിയുടെയും ഏലിയാമ്മയുടെയും ഇളയമകനായ കുരിയാക്കോസ് 1933 ജൂലൈ 6–ാം തീയതി ജനിച്ചു. കുരിയാക്കോസിന് ചാക്കോ, വർഗ്ഗീസ്, മാത്യു, എന്നീ മൂന്നു സഹോദരങ്ങളുണ്ടായിരുന്നു. സ്കൂൾ വിദ്യാഭ്യാസം വെളിയനാട് ഗവൺമെന്റ് എൽ.പി.സ്കൂൾ, രാമങ്കരി എൻ.എസ്.യു.പി.സ്കൂൾ, ആലപ്പുഴ ലിയോ 13–ാംമൻ ഹൈസ്കൂൾ, പുളിങ്കുന്ന് സെന്റ് ജോസഫ് എച്ച്.എസ്, തിരുവല്ല എം.ജി.എം.എച്ച്.എസ് എന്നിവിടങ്ങളിൽ പൂർത്തിയാക്കി. ഇന്റർ മീഡിയറ്റ് ചങ്ങനാശ്ശേരി എസ്.ബി. കോളേജിലാണ് പഠിച്ചത്.

മാതൃദേവാലയം – സെന്റ് സ്റ്റീഫൻസ് (വെളിയനാട്) കനാനായ പള്ളിയാണ്. 22 വയസ്സുള്ളപ്പോൾ വൈദിക വിദ്യാർത്ഥിയായി മഞ്ഞനിക്കര ദയറായിൽ ചേർന്നു. 1955 ഫെബ്രുവരിയിൽ പുണ്യശ്ലോകനായ അന്ത്യോഖ്യാ പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവയിൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. മഞ്ഞനിക്കരയിൽ വന്ദ്യ മാടപ്പാട്ടു യാക്കോബ് റമ്പാച്ചന്റെയും വന്ദ്യ മോശ സലാമ റമ്പച്ചന്റെയും കീഴിൽ വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി. 1958 സെപ്തംബർ 21–ാം തീയതി അന്ത്യോഖ്യാ സിംഹാസനത്തിന്റെ ഇൻഡ്യയിലെ പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവ മഞ്ഞനിക്കര ദയറാപള്ളിയിൽ വച്ച് കശീശ്ശാപട്ടം നൽകി. (കൂടെ

കശീശ്ശപട്ടമേറ്റ ബ: സി.എം. തോമസച്ചനാണ് ഇപ്പോഴത്തെ ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവ).

മഞ്ഞനിക്കരയിൽ ശെമ്മാശനായ ശേഷവും വൈദികനായും മോർ യൂലിയോസ് ഏലിയാസ് ബാവായുടെ ശുശ്രൂഷകൻ എന്ന നിലയിൽ ചുമതലകൾ നിർവഹിച്ചു. 1958ൽ വൈദികനായശേഷം തുമ്പമൺ, പെരുമ്പള്ളി എന്നീ സിംഹാസനപള്ളികളിലും, സെന്റ് ആന്റണീസ് അസോസിയേഷന്റെ മംഗലാപുരത്തെ പള്ളിയിലും സേവനമനുഷ്ഠിച്ചു.

1960-ൽ ആർത്തനാറ്റ് കുന്നംകുളം സിംഹാസന പള്ളിയുടെ വികാരിയായി മോർ യൂലിയോസ് ബാവ നിയമിച്ചു. 1960 മുതൽ 1984 വരെ കുന്നംകുളം സിംഹാസനപള്ളി വികാരിയെന്ന നിലയിൽ സ്തുത്യർഹമായ സേവനം നിർവ്വഹിച്ചു. കുന്നംകുളം സെന്റ് മേരീസ് സിറിയൻ സിംഹാസനപള്ളിയുടെ ഇന്നത്തെ സുസ്ഥിതിയ്ക്കും കേസ്സിന്റെ നടത്തിപ്പിനും മുഖ്യപങ്കുവഹിച്ചിട്ടുണ്ട്.

1984 മുതൽ 2004 വരെ പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായുടെ ഒന്നാം സെക്രട്ടറിയായിരുന്നു. 1990 ഡിസംബർ 22-ാം തിയതി പരിശുദ്ധ പാത്രിയർക്കീസ് ബാവാ ബ: കുരിയാക്കോസച്ചനെ ദമസ്ക്കോസിലെ സെന്റ് ജോർജ്ജ് കത്തിഡ്രലിൽ വച്ച് റമ്പച്ചനാക്കി. 1998 സെപ്റ്റംബർ 27-ാം തീയതി ദമസ്ക്കോസിലെ മാറത്ത് സെയ്ദ്നായ സെന്റ് പീറ്റേഴ്സ് സെന്റ് പോൾസ് കത്തീഡ്രലിൽ വച്ച് മോർ യൂലിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. 1984 മുതൽ 2004 വരെ പരിശുദ്ധ പാത്രയർക്കീസ് ബാവായോടൊപ്പം സെക്രട്ടറി എന്ന നിലയിൽ  വിവിധ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

സുറിയാനി ഭാഷയിൽ നല്ല പരിജ്ഞാനമുള്ള തിരുമേനി ചില പുസ്തകങ്ങൾ മലയാളത്തിലേക്ക് തർജ്ജിമ ചെയ്തിട്ടുണ്ട്. ശുശ്രൂഷാക്രമങ്ങൾ മോർ യൂലിയോസ് ഏലിയാസ് ബാവായിൽ നിന്നും കണ്ടുപഠിച്ചിട്ടുള്ളത് സുറിയാനി പാരമ്പര്യങ്ങൾ തുടരുന്നതിന്

പലർക്കും പ്രചോദനമായിട്ടുണ്ട്.

Indo American University of Humanistics Studies - Florida, U.S.A. തിരുമേനിയ്ക്ക് Doctor of Divinity & Sacred Philosophy എന്ന ഹോണററി ബിരുദവും Diondra University, Italy, Doctor of Theology എന്ന ബിരുദവും നൽകി ആദരിച്ചിട്ടുണ്ട്. St. Gregorius Simhasana Church, Cherumkulam, (Mannarghat, Palakkad) ദൈവാലയ അംഗമായിരുന്ന തിരുമേനിക്ക് ജർമ്മനിയിലും, കേരളത്തിലുമായി രണ്ടുതവണ ഹൃദയശസ്ത്രക്രിയക്കു വിധേയനായിട്ടുണ്ട്. 2007 മുതൽ തിരുമേനിക്ക് പാർക്കിൻസൺസ് അസുഖമുണ്ടായിരുന്നു.

2010 ജനുവരിയിൽ ഭരണചുമതലകൾ മോർ അത്താനാസിയോസ് ഗീവറുഗീസ് മെത്രാപ്പോലിത്തായെ ഏല്പിച്ചു. അവസാനമായി 2010 ജനുവരിയിൽ പ. പാത്രിയർക്കീസ് ബാവായെ സന്ദർശിച്ച് യാത്ര പറഞ്ഞു. പിറമാടം ഗത്സീമോൻ ദയറായിൽ വിശ്രമജീവിതം നയിച്ചിരുന്ന തിരുമേനി ഏപ്രിൽ 8-ാം തീയതി മഞ്ഞനിക്കര ദയറായിലെത്തി, 9-ാം തീയതി ശനിയാഴ്ച വി. കുർബാനയിലും ഉച്ച നമസ്കാരത്തിലും പങ്കെടുക്കുകയും ചെയ്തു. ഉച്ചയ്ക്കു ശേഷം വിശ്രമിക്കുമ്പോൾ ഹൃദയാഘാതം ഉണ്ടാകുകയും നാലുമണിയോടെ അന്ത്യം സംഭവിക്കുകയും ചെയ്തു.

ഭൗതിക ശരീരം മോർ യൂലിയോസ് തിരുമേനിയുടെ ഗുരുവായ അന്ത്യോഖ്യാ പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവായുടെ കബറിന് പടിഞ്ഞാറുവശത്തായി മഞ്ഞനിക്കര ദയറാ കത്തീഡ്രൽ പള്ളിയിൽ 2011 ഏപ്രിൽ 11-ാം തീയതി കബറടക്കി.

# വഞ്ചിത്താറ്റിൽ വന്ദ്യ കുര്യാക്കോസ് റമ്പാച്ചൻ
## (A. D. 1883 - 1967)

കിളിരൂർ (പാണംപടി) മാളേക്കൽ ചാക്കോ മാത്തുവിന്റെയും അച്ചാമ്മയുടെയും ആറ് മക്കളിൽ നാലാമത്തെ മകനായ കുര്യൻ (കുരിയാക്കോസ്) 1883 ൽ ജനിച്ചു. പൊതുവിദ്യാഭ്യാസത്തിനു ശേഷം വൈദിക സേവനത്തിനുള്ള താൽപര്യം മൂലം കൽക്കട്ട ബിഷപ്സ് കോളജിൽ ചേർന്ന് ദൈവശാസ്ത്ര പഠനങ്ങൾ നടത്തി.

A. D. 1911 സെപ്റ്റംബർ 11-ാം തീയതി പരിശുദ്ധനായ മോർ കൂറിലോസ് പൗലോസ് തിരുമേനിയിൽനിന്ന് "കോറുയോ" പട്ടം സ്വീകരിച്ചു. പിന്നീട് കശ്ശീശ്ശയായി. 1934 ആഗസ്റ്റ് 19-ാം തീയതി (ചിങ്ങം 6) ആലുവായിലെ പരിശുദ്ധനായ മോർ അത്താനാസിയോസ് പൗലോസ് തിരുമേനി വഞ്ചിത്താറ്റിൽ എം. കുരിയാക്കോസ് കത്തനാർക്ക് റമ്പാൻ സ്ഥാനം നൽകി (അതേ ദിവസം തന്നെ റമ്പാൻ സ്ഥാനം സ്വീകരിച്ച വൈദികനാണ് മുളയിരിക്കൽ എം. ഐ. പൗലോസ് കത്തനാർ - പിന്നീട് മോർ സേവേറിയോസ് പൗലോസ്, കോച്ചി ഭദ്രാസനം)

വന്ദ്യ വഞ്ചിത്താറ്റിൽ റമ്പാച്ചൻ വൈദികനായ നാൾ മുതൽ സുറിയാനി സഭാ ശുശ്രൂഷയിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. 1920 ൽ മലങ്കര സണ്ടേസ്കൂൾ അസോസിയേഷൻ (M.S.S.A) രൂപീകരിക്കുന്നതിൽ ആലുവായിലെ വലിയ തിരുമേനിയുടെ അടുത്ത ആലോചനക്കാരനായിരുന്നു ബഹു. എം. കുരിയാക്കോസ്

കത്തനാർ.

1930 ൽ സുറിയാനിക്കാരുടെ അദ്ധ്യാത്മിക പ്രസ്ഥാനമായ (Religious Movement of the Ancient Syrians - R.M.A.S.) എന്ന സംഘടനയുടെ ശിൽപി വഞ്ചിത്താറ്റിൽ കുരിയാക്കോസ് കത്തനാരായിരുന്നു. 1931 ൽ പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ മലങ്കര സന്ദർശന വേളയിൽ ഏറെ നാളുകൾ ബഹു. കുരിയാക്കോസ് അച്ചൻ ബാവായെ അനുഗമിച്ചിട്ടുണ്ട്.

1930ൽ മോർ അന്തോനിയോസ് സഹോദര സമൂഹം (The Brotherhood of St. Antony's-B.S.A) The St. Mary's Sisterhood- SMS) മർത്തമറിയം സഹോദരി സമൂഹം എന്നിവയുടെ രൂപികരണത്തിൽ നിർണ്ണായക പങ്കുവഹിച്ച വ്യക്തിയാണ് ബഹു. എം. കുറിയാക്കോസ് കത്തനാർ.

BSAക്കുവേണ്ടി പിറമാടത്ത് 15 ഏക്കറോളം സ്ഥലവും S.M.S നുവേണ്ടി കിഴക്കമ്പലത്ത് 10 ഏക്കറോളം സ്ഥലവും പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിനുവേണ്ടി ദാനമായി ലഭിച്ചിരുന്നു. മേൽപറഞ്ഞ സന്യാസസമൂഹങ്ങൾക്കുള്ള സ്വത്തുക്കൾ സ്ഥാപന ഉദ്ദേശത്തിന് വിരുദ്ധമാകാതെ തുടർന്നു പോകുന്നതിന് പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ കീഴിൽ അതാതു സമൂഹങ്ങൾക്കിരിക്കത്തക്കവിധം രജിസ്റ്റർ ഉടമ്പടികളും വ്യവസ്ഥകളുമുണ്ട്.

മഞ്ഞിനിക്കര ദയറ ആരംഭിച്ചപ്പോൾ മുതൽ വന്ദ്യ വഞ്ചിത്താറ്റിൽ റമ്പാച്ചൻ അവിടെയായിരുന്നു താമസിച്ചിരുന്നത്. ഇടക്കാലത്ത് പാണംപടിയിലും പിറമാടത്തും താമസിക്കുകയുണ്ടായി. 1962 മുതൽ ദേഹവിയോഗം വരെയും പാണംപടിയിലായിരുന്നു താമസം. വാർദ്ധക്യവും, സന്യാസനിഷ്ഠകളുടെ കാർക്കശ്യവും, ഓർമ്മക്കുറവും മൂലം ശുശ്രൂഷിക്കുന്നവർ ഏറെ ബദ്ധപ്പെടേണ്ടി വന്നിട്ടുണ്ട്.

വന്ദ്യ വഞ്ചിത്താറ്റിൽ കുരിയാക്കോസ് റമ്പാച്ചൻ സഭാ ശുശ്രൂഷയിൽ എഴുതിയ പുസ്തകങ്ങൾ നിരവധിയാണ്. പല പുസ്തകങ്ങ

ളിലും ഗ്രന്ഥകർത്താവിനെ പരാമർശിച്ച് 'Fr. M.K.' എന്നു മാത്ര മാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സുറിയാനി പണ്ഡിതനായ വന്ദ്യ റമ്പാച്ചന്റെ ലഭ്യമായ മറ്റു കൃതികളാണ് - വിശുദ്ധ സഭയും, വിശ്വാ സവും; ആശ്രമവാസം, വി. കന്യാമാതാവ്, പരിശുദ്ധ ശ്ലീഹന്മാരുടെ തലവൻ മോർ ശെമഓൻ കീപ്പാ, വിശുദ്ധ അന്തോണിയോസ് എന്നി വ.

മലങ്കര സഭ നന്ദിയോടെ സ്മരിക്കേണ്ട വന്ദ്യ വഞ്ചിത്താറ്റിൽ കുരിയാക്കോസ് റമ്പാച്ചൻ 1967 ഡിസംബർ 14 -ാം തീയതി കാലം ചെയ്ത് പാണംപടി പള്ളിയിൽ കബറടക്കിയിരിക്കുന്നു.

# References


Abdul Ahad Ramban (1948). *സഭാചരിത്രം*. ചിങ്ങവനം: തകടിയിൽ യാക്കോബ് കശ്ശീശ

Aphrem I Barsaum (2000). *The History of Syrian Literature and Services* (Mathi Moosa, Trans.) Pueblo: Passeggiate Press.

Arslan, J. (2005). *Saints Syriaques* (Trans. Rev. Dn. John Anderson, Sweden). Paris: Lulu.

*Britannica Encyclopaedia.* (1988). Britannica Inc.

Brock, S. P. & Harvey, S. A. (1998). *Holy women of the Syrian orient.* California: University of California Press.

Cayre, A. A. (1935). *Manual of patrology and history of theology* (Vol. 2) (A. A. Howitt, Trans.) Paris: Desclee & Company)

Chapman, J. (1908). *Didymus, the Blind in the Catholic Encyclopedia*. New York: Robert Appleton Company.

Chediath, G. (2006). *പട്രോളജി* (Vol. 2). കോട്ടയം: പൗരസ്ത്യ വിദ്യാപീഠം.

Cross, F. L., & Livingstone, E. A. (Eds.) (1997). *The Oxford dictionary of the Christian Church*. (3rd ed.). Oxford: Oxford University Press.

Cross, F. L., & Livingstone, E. A. (Eds.). (1974). *The Oxford dictionary of the Christian Church* . New york: Oxford University Press.

Cureton, W. (Ed.). (2005) *Ancient Syriac Documents*. Elibron Classics Series.

Douglas, J. D. (1978). *The international dictionary of te Christian church* Michigan: Zondervan Publishing House.

Douglas, J. D. (Ed) (1978). *Dictionary of the Christian Church* (rev.ed.). Michigan: Zondervan Publishing House.

Ferguson, S. B., Wright, D. F., & Packer, J. I. (Eds.). (1988). *New dictionary of theology.* Illinois: Intervasity Press.

Harvey, S. A. (1990). *Asceticism and society in crisis.* California: University of California Press.

http://www.antiochian.org/1253

http://www.copticchurch.net/classes/synes.hpp?id=301

http://www.holytrinityorthodox.com/calendar/los/june/25-0.htm

http://www.soc_wus.org

Jacobe of Saruj (?) *Homily on Habib*, the martyr.

Kuriakose, E. C. (1986). *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ.* Mannanam, Kottayam: St. Joseph's Press.

Malaty, T. Y. (2005). *A panaromic view of Patristics: In the first six centuries*. Maryut, Egypt: Saint Mena Monastery Press.

Moothedan, T. (2001). *അനുദിന വിശുദ്ധർ* (5th ed.) Trivandrum: Carmel Publishing Centre.

Quasten, J.(n.d.). Patrology (Vol. I) Notre Dane, IN:Christian classics

Redington, N. (Ed.). (1994). *The Martyrdom of Habib, the deaco*n (B.P. Pratten, Trans.) The St. Pachomius Orthodox Library.

Roberts, A., & Donaldson, J. (Eds.). (1956). Ante-Nicene fathers (Vol.II). Michigan: WM. B. Ecrdmans Publishing Company.

Smith, W, & Wace, H. (1882). *A dictionary of Christian biography* (Vol. III). London: John Murray.

Smith, W., & Wace, H. (Eds.). (1880). *A Dictionary of Christian biography* (Vol. II). London: John Murray

St. Mina - retrieved from http:www.stmina -montastery.org

*The Ante-Nicene Fathers* (Vol. VI). Michigan: WM. B. Ecrdmans Publishing Company.

Theophilus (1871). *Acts of Habib*

Wace, H., & Piercy W. C. (Eds.) (1999). *A dictionary of early christian biography*, USA: Hendrickson Publishers.

White, K. (1991). A guide to the Saints. New York: Ivy Books

പൗരസ്ത്യസുവിശേഷ സമാജം (1994). *സുവിശേഷ സുമം: പോളിക്കാർപ്പസ് തിരുമേനിയുടെ ഷഷ്ഠിബ്ദ സമരണിക.* പെരുമ്പാവൂർ: പൗരസ്ത്യ സുവിശേഷ സമാജം

## Name Index
Vol. I


Antonius of Egypt .............................................. 28
Aphrem I, Patriarch ........................................... 70
Athanatius Shemavoon .................................... 102
Athanatius Yeshu Samuel ................................. 97
Bar Hebreaus .................................................... 82
Barsoumo ........................................................ 32
Baselius Paulose II .......................................... 85
Fourty martyrs of Sebesthe ................................ 5
George, Saint ...................................................... 8
Gregorius of Parumala ..................................... 51
Ignatius, Noorono .............................................. 19
Ivanius, Gold-mouthed ...................................... 56
Jacob of Sarug .................................................. 64
Jacob, The Disciple .......................................... 11
James, Bardeaus ............................................. 60
John, the Baptist ................................................ 1
Julius Yacob ..................................................... 89
Luke, the Evangelist .......................................... 49
Mathew, the Disciple ......................................... 43
Michael Rabo, Patriarch .................................... 76
Moshe Bar Kipho .............................................. 95
Osthatheos Sleeba ........................................... 35
Paul, The Apostle ............................................. 16
Peter III (IV), Patriarch ..................................... 66
Peter, Chief among Apostles ............................ 13
Simon, the stylite .............................................. 40
Thekkla, the Saint ............................................. 45
Thimotheos Yacoub .......................................... 92
Thomas, The Apostle ........................................ 23
Yacoub III, Patriarch ......................................... 73

# Name Index

Vol. II

Abgar V, the Black ............................................ 54
Agatha, Martyr ................................................... 4
Aphrem, the Syrian .......................................... 69
Athanatius Paulose, Saint ................................. 41
Barbara and Juliana, Martyrs ............................ 19
Baselius of Caesera, Saint ............................... 35
Cipriyan, Martyr ................................................ 14
Clemis Abraham ............................................... 93
Cyril of Alexandria ............................................. 72
Dionysius Michael ............................................. 84
Elias III, the Patriarch of Antioch ........................ 48
Gregorius Abdul Jaleel, Saint ............................ 58
Gregory of Nyssa, Saint ................................... 39
Helen, Queen .................................................... 66
James of Jerusalem, Martyr .............................. 10
James of Nisbis ................................................ 64
John bar Aphthoonia .......................................... 76
John, the Disciple .............................................. 61
Julius Elias, the delegate of Antioch .................. 89
Kuriakose and Yulithi, Martyrs ........................... 12
Mark, Martyr ....................................................... 6
Marutha, the Maphrian ....................................... 82
Mary, Magdelena ............................................... 74
Mary, Mother of God .......................................... 23
Osthatheos, the Patriarch of Antioch ................ 79
Philexenus of Mabbug, Martyr ........................... 21
Rabula of Edessa .............................................. 91
Sergius and Baccus, Martyrs ............................ 17
Severius, the Patriarch of Antioch ..................... 45
Stephen, Martyr .................................................. 1

# Name Index

Vol. III


Abahai, Martyr .................................................. 12
Abded Aloho II, Patriarch .................................. 50
Ahudemeh, The Great Bishop .......................... 53
Ambrose, Saint ................................................ 32
Andrew, The Disciple ....................................... 20
Athanatius of Alexandria .................................. 40
Babula, Patriarch ............................................... 1
Bartholomew, The Disciple ................................ 8
Dionysius of Alexandria .................................... 48
Dioscoros of Alexandria ................................... 44
Gregorius Gheevarghese .................................. 63
Gregorius Yuhanon .......................................... 79
Gregory of Nazianzen, ...................................... 26
Jacob of Edessa .............................................. 68
James, Son of Alphaeus .................................. 16
Joseph, The Just ............................................. 35
Juda, The Disciple ............................................. 6
Julius of Rome, ................................................ 38
Julius Yeshu Cicek ........................................... 82
Mathias, The Disciple ....................................... 10
Osthatheos Bennyamin Joseph ....................... 74
Pachomius, Saint ............................................. 29
Pelagia, Saint ................................................... 14
Philip, The Disciple .......................................... 18
Philoxenos Samuel .......................................... 60
Polycarp of Smirna, Martyr ............................... 23
Severius Gheevarghese .................................. 70
Shukr Allah of Aleppo, Maphrian ........................ 57
Simeon, The Zeolot ............................................ 3
Yeldho Baselius Maphrian, Saint ...................... 54

## Name Index
Vol. IV


Anthimus of Constantinople .......................... 62
Aphrahat, Hermit .......................................... 25
Athanatius Paulose ...................................... 75
Athnatius Paulose, Kadavil .......................... 82
Augen of Clysma ......................................... 23
Balai, Bishop of Balsh .................................. 39
Clement of Rome .......................................... 1
Coorilos Kuriakose ...................................... 84
Coorilos Paulose ......................................... 51
Coorilos Yuyakim ......................................... 47
Dionysius Joseph ........................................ 71
Epiphanius of Salamis ................................. 33
Eusebius of Caeseria .................................. 16
Isaac, the Doctor .......................................... 40
Ivanios Hidayathulla .................................... 64
Ivanios Yuhanon ........................................... 68
Joachim & Hannah ....................................... 14
John of Damascus ....................................... 44
Macrina ......................................................... 28
Osthatheos Thomas ..................................... 86
Paul of Thebaid ............................................ 20
Phocas of Sinope, Gardner ........................... 8
Severios Paulose .......................................... 78
Sharbil, Martyr ................................................ 4
Simon, the Potter .......................................... 42
Themotheos of Alexandria ........................... 59
Theophilos Thomas ...................................... 89
Theophilus of Alexandria .............................. 56
Yacoub, M’fasquo ......................................... 12
Zeno ............................................................. 37

## Name Index

Vol.V

Acacious Aleppo.................................................53
Anastasia, the Martyr...........................................3
Arnobius, the Martyr...........................................14
Deevannasios Simon.........................................65
Didymus, the blind.............................................59
Dodo, the Saint..................................................36
Fabronia, the Martyr...........................................25
Flavian, the Patriarch..........................................44
Habib, the Martyr..................................................9
Ivanios Philipose................................................71
John of Arabia....................................................55
Julius Geevarghese............................................62
Julius Kuriakose................................................82
Koorilos Geevarghese........................................68
Koorilos Markose................................................76
Kuriakose, the Patriarch....................................48
Kuriakose Vanchithattil, Ramban.......................85
Macarius, the Egyptian.......................................19
Maike, the Saint.................................................34
Marina, the Saint.................................................31
Meletius Barnaba................................................74
Meletius, the Patriarch........................................41
Mena, the Martyr...................................................5
Ossyo, Martyr....................................................17
Polycarpus Geevarghese...................................79
Serapion, the Patriarch.......................................39
Shalito, the Martyr...............................................21
Simon, the Martyr..................................................1
Simon Theophilus, the Patriarch.......................46
Yuhanon, the Bishop of Ephesus......................50

## Other Church related books by the author


1. Rajan, K. M. (1991). *Queen of the Sacraments.* California, U.S.A.: St. Mary's J.S.O Church.
2. Rajan, K. M. (1993). *The prayer book of the Syrian Orthodox Church*. California, U.S.A.: St. Mary's J.S.O Church.
3. Rajan, K. M. (2003).*Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum.* (Vol. I) Trivandrum: Lotus Publications.
4. Rajan, K. M. (2004). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. II). Trivandrum: Lotus Publications.
5. Rajan, K. M. (2006). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. III). Trivandrum: Lotus Publications.
6. Rajan, K. M. (2007). *Martyrs, Saints & Prelates of The Syriac Orthodox Church*. Kottayam: The Travancore Syriac Orthodox Publishers.
7. Rajan, K. M. (2009). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. IV). Kottayam: The Travancore Syriac Orthodox Publishers.


## Books compiled, edited & reprinted by the author


1. *Mar Anthoniyosinte Jeevacharithram* (2003). Kizhakkambalam: Religious Movement of Ancient Syrians (R.M.A.S.) - REPRINT
2. *Calendar of the Syrian Orthodox Church*. (2004). Kottayam: The Travancore Syriac Orthodox Publishers.- EDITED
3. *Nidraprapikkunnavarkkuvendiyulla Prarthanakalum, kramangalum*.(2004). Arthat, Kunnamkulam: St. Mary's Simhasanapally - COMPILED
4. *Suriyanisabha Perunal Visheshadivasangalil Vishudha Kurbanayil Upayogickavunna Geethangal.* (2005). Kurichy, Kottayam: Vishudha Magdhalana Mariyam Mandiram Chapel. - COMPILED
5. *Angel of peace - Platinum Jubilee Souvenir of St. Elias III* (2007). Manjanikkara: Manjanikkara Dayara Committee -EDITED

## ഗ്രന്ഥകർത്താവ്

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ 1958 ആഗസ്റ്റ് 10-ാം തീയതി ജനിച്ചു. ഇദ്ദേഹം രസതന്ത്രത്തിൽ B.Sc., M.Sc. എന്നീ ബിരുദങ്ങളും വിദ്യാഭ്യാസത്തിൽ B.Ed., M. Ed. എന്നീ ബിരുദങ്ങളും രസതന്ത്രബോധനരീതികളിൽ Ph. D. ബിരുദവും കരസ്ഥമാക്കി.

1971 ജനുവരി 31-ാം തീയതി ശുശ്രൂഷയ്ക്കായി ബ. കെ. വി. കുര്യാക്കോസച്ചൻ (പുണ്യശ്ലോകനായ കുരിയാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത) മദ്ബഹായിൽ പ്രവേശിപ്പിച്ചു. 1976 മാർച്ച് 14-ാം തീയതി B.Sc. വിദ്യാർത്ഥിയായിരുന്നപ്പോൾ മഞ്ഞ നിക്കരയിൽ ദയറായിൽ വച്ച് മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോ പട്ടവും, 1978 ജൂലൈ 23-ാം തീയതി ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ ബാവായിൽ നിന്നും യൗഫദയക്കിനൊ പട്ടവും സ്വീകരിച്ചു. 1984 ഒക്ടോബർ 12-ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്തായിൽ നിന്നും പൂർണ്ണ ശെമ്മാശപട്ടവും 1984 ഒക്ടോബർ 14-ാം തീയതി ദമസ്കോസിൽ വച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായിൽ നിന്നും കശീശ പട്ടവും സ്വീകരിച്ചു. കുന്നംകുളം സിംഹാസനപള്ളിയിലെയും സഭയിലെയും ശുശ്രൂഷകളെ അംഗീകരിച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവ 2000 മെയ് 12-ാം തീയതി ദമസ്കോസിൽ വച്ച് കുരിശുമാല നൽകി ആദരിച്ചു. 2009 ജനുവരി 24-ാം തീയതിയിലെ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ E 27/09 നമ്പർ കല്പനപ്രകാരം 2009 മെയ് 24-ാം തീയതി മോർ യൂലിയോസ് കുരിയാക്കോസ് തിരുമേനിയിൽനിന്ന് കോറെപ്പിസ്കോപ്പ സ്ഥാനം സ്വീകരിച്ചു.

1982 ൽ കൊച്ചി കേന്ദ്രീയവിദ്യാലയത്തിൽ (P. G. T. in Chemistry) അദ്ധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചു. 1983 ൽ മാന്നാനം, സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിൽ അദ്ധ്യാപകനായി ജോലിയിൽ ചേർന്നു. 1984 മുതൽ കുന്നംകുളം സെന്റ് മേരീസ് പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചുവരുന്നു. കാലിഫോർണിയ സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ (1989-1993) ലോസ് ഏഞ്ചലസിലെ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് സിംഹാസനപള്ളിയിൽ സേവനമനുഷ്ഠിച്ചു. 1994-2003 കാലഘട്ടത്തിൽ ഇത്തിത്താനം M.M.D.M. Patriarchal centreൽ ശുശ്രൂഷകൾ നിർവ്വഹിച്ചു.

*Queen of the Sacraments, The prayer book of the Syrian Orthodox Church, Perspectives in physical science teaching, A treatise on form and style of thesis and dissertation, Science of science education, Martyrs, Saints & Prelates of The Syriac Orthodox Church* സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും (Vol. I - IV) എന്നീ പുസ്തകങ്ങളും അമ്പതിലധികം സഭാസംബന്ധമായ ചെറിയ പുസ്തകങ്ങളും, ലഘുലേഖകളും, ലേഖനങ്ങളും, ഒരു ഡസനിലധികം ഗവേഷണ പ്രബന്ധങ്ങളും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ദേശീയ അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, 1998 ൽ മികച്ച ഗവേഷണപ്രബന്ധത്തിനുള്ള അവാർഡ് ലഭിക്കുകയും ചെയ്തു. U. G. C., N.C.T.E., K. P. S. C., S. C. E. R. T., I. A. S. E., S. M. E. എന്നിവയിൽ Subject expert, Resource person എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ വിദ്യാഭ്യാസഗവേഷണത്തിന് ഗൈഡ് എന്ന നിലയിലും പ്രവർത്തിക്കുന്നു.